# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ



ജനുവരി 2020

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No.1 ജനുവരി 2020


| | |
|---|---|
| ഫ്രാൻസിസ് പാപ്പായുടെ സന്ദേശം | - 2 |
| സർക്കുലർ - സീറോ മലബാർ പ്രേഷിതവാരാചരണം | - 16 |
| സർക്കുലർ - ചാവറവർഷാചരണം 2020 | - 21 |
| സർക്കുലർ - മിസ്സിയോ ദേയി 2020 | - 27 |
| സർക്കുലർ - ആരാധനക്രമസംഗീതം | - 34 |
| കച്ചേരിക്കാര്യം | - 39 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - 41 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - 47 |
| അജപാലനോത്തേജനവിഭാഗം | - 49 |
| സഭൈക്യവാരാചരണം - 2020 | - 52 |
| വിശ്വാസജീവിതപരിശീലനരംഗം | - 55 |
| ചെറുപുഷ്പ മിഷൻലീഗ് | - 58 |
| ബൈബിൾ അപ്പോസ്തലേറ്റ് | - 63 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - 64 |
| കുടുംബപ്രേഷിതത്വം | - 68 |
| മാതൃവേദി | - 70 |
| നസ്രാണി റിസേർച്ച് സെന്റർ | - 73 |
| മേരി മാതാ മൈനർ സെമിനാരി | - 74 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - 75 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - 77 |
| മരിയൻ റിട്രീറ്റ് സെന്റർ | - 79 |
| സന്യസ്തർ | - 81 |
| നല്ലതണ്ണി മാർത്തോമാശ്ലീഹാ ആശ്രമം | - 89 |
| കെ.സി.എസ്.എൽ. | - 91 |
| കത്തോലിക്കാ കോൺഗ്രസ് | - 92 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - 96 |
| സാരഥി | - 98 |
| ഡി.സി.എം.എസ്. | - 99 |
| ലീജിയൻ ഓഫ് മേരി | -100 |
| ഫ്രാൻസിസ്കൻ അല്മായസഭ | -102 |
| വിൻസെൻഷ്യൻ വേദി | -104 |
| ആരോഗ്യപുനരധിവാസമദ്യവിരുദ്ധ സമിതി | -106 |
| വിമല പബ്ലിക്കേഷൻസ് | -108 |
| Special Care Homes & Charitable institution | -109 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | -111 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | -115 |
| രൂപതാവാർത്തകൾ | -118 |
| Bishop's Engagements | -123 |



# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 1 ജനുവരി 2020

Ref: 3243 /K-5/KCBC/OL/DS

# അൻപത്തിമൂന്നാം ലോകസമാധാന ദിനാചരണം ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## 1 ജനുവരി 2020

## സമാധാനം പ്രത്യാശയുടെ യാത്രയെന്ന നിലയിൽ: സംവാദവും, അനുരഞ്ജനവും പരിസ്ഥിതിപരമായ മാനസാന്തരവും

### 1. സമാധാനം: തടസ്സങ്ങളുടെയും പരീക്ഷയുടെയും മുമ്പിൽ പ്രത്യാശയുടെ ഒരു യാത്ര

സമാധാനം മഹത്തും അമൂല്യവുമായ മൂല്യമാണ്. അത് നമ്മുടെ മുഴുവൻ മനുഷ്യരാശിയെ സംബന്ധിച്ചും പ്രത്യാശയുടെയും ആഗ്രഹത്തിന്റെയും വിഷയമാണ്. മാനുഷികമായ ഒരു മനോഭാവമെന്ന നിലയിൽ സമാധാനത്തിനുള്ള നമ്മുടെ പ്രത്യാശ അസ്തിത്വപരമായ സംഘർഷാവസ്ഥയാൽ മുദ്രിതമാണ്. അതാകട്ടെ, എല്ലാ പ്രയാസങ്ങളുമുള്ള വർത്തമാനകാലത്ത് ജീവിക്കാനും സ്വീകരിക്കപ്പെടാനും സാധ്യത നല്കുന്നു. "ഒരു ലക്ഷ്യത്തിലേക്ക് അതു തിരിഞ്ഞിരുന്നാൽ മാത്രമേ അതു സംഭവിക്കുകയുള്ളൂ. ഈ ലക്ഷ്യത്തെപ്പറ്റി നമുക്കു തീർച്ചയുണ്ടെങ്കിൽ, യാത്രയ്ക്കുള്ള പരിശ്രമത്തെ നീതീകരിക്കാനുള്ള ഈ ലക്ഷ്യം മഹനീയമായി നിലകൊള്ളുന്നെങ്കിൽ"[1] അതുകൊണ്ട് കീഴടക്കാനാവാത്തതെന്നുപോലും തോന്നുന്ന തടസ്സങ്ങൾ ഉള്ളപ്പോഴും പ്രചോദിപ്പിക്കുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്ന സദ്ഗുണമാണ് പ്രത്യാശ.

നാശകരമായ യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും മുറിവുകൾ മനുഷ്യസമൂഹം അതിന്റെ ഓർമ്മയിൽ പേറുന്നുണ്ട്.

അവ പ്രത്യേകിച്ച് ദരിദ്രരെയും മുറിപ്പെടുത്തപ്പെടാവുന്നവരെയുമാണ് ബാധിക്കുന്നത്. ചൂഷണത്തിന്റെയും അഴിമതിയുടെയും ചങ്ങലകൾ തകർക്കാൻ മുഴുവൻ രാഷ്ട്രങ്ങൾക്കും പ്രയാസമായിരിക്കുന്നു. ചൂഷണവും അഴിമതിയും വിദ്വേഷത്തെയും അക്രമത്തെയും ആളിക്കത്തിക്കുന്നു. ഇന്നും ചെറുപ്പക്കാരും പ്രായമുള്ളവരുമായ സ്ത്രീപുരുഷന്മാരുടെ വലിയൊരു സംഖ്യയ്ക്ക് മഹത്ത്വം, ശാരീരിക പൂർണത, മതസ്വാതന്ത്ര്യം ഉൾപ്പെടെയുള്ള സ്വാതന്ത്ര്യം, സമൂഹപരമായ ഐക്യദാർഢ്യം, ഭാവിയെപ്പറ്റിയുള്ള പ്രത്യാശ എന്നിവ നിഷേധിക്കപ്പെട്ടിരിക്കുന്നു. അനേകം നിഷ്കളങ്കർ വേദനാജനകമായ തരംതാഴ്ത്തലിന്റെയും പുറത്താക്കപ്പെടലിന്റെയും ദുഃഖത്തിന്റെയും അനീതിയുടെയും ഇരകളാണ്. അവരുടെ ആളുകളുടെയും സ്നേഹിതരുടെയും മേൽ ഉണ്ടായ സംഘടിതമായ ആക്രമണങ്ങളുടെ കാര്യം പറയാനുമില്ല.

ആഭ്യന്തരവും അന്താരാഷ്ട്രപരവുമായ സംഘർഷങ്ങളുടെ ഭയാനകമായ ഉദ്യമങ്ങൾ മനുഷ്യവംശത്തിന്റെ ശരീരത്തിലും ആത്മാവിലും ശാശ്വതമായ പരിണതഫലമുണ്ടാക്കും. നിർദയമായ ആക്രമണങ്ങൾ വഴി ആ ഉദ്യമങ്ങൾ വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ യുദ്ധവും സഹോദരഹത്യയുടെ ഒരു രൂപമാണ്. സാഹോദര്യത്തിലേക്കുള്ള മനുഷ്യകുടുംബത്തിന്റെ ജന്മസിദ്ധമായ വിളിയെ അതു തകർക്കുന്നു.

യുദ്ധം, നമുക്കറിയാവുന്നതുപോലെ, മിക്കപ്പോഴും തുടങ്ങുന്നത് മറ്റുള്ളവരുടെ വ്യത്യാസം അംഗീകരിക്കാൻ കഴിവില്ലാത്തതുകൊണ്ടാണ്. അത് അപ്പോൾ വർധനവിന്റെയും കീഴടക്കലിന്റെയും മനോഭാവങ്ങളെ വളർത്തുന്നു. അതു സ്വാർത്ഥതയിൽ നിന്നും അഹങ്കാരത്തിൽ നിന്നും വിദ്വേഷത്തിൽ നിന്നും പരിഹസിക്കാനുള്ള ആഗ്രഹത്തിൽ നിന്നും മറ്റുള്ളവരെ മാറ്റി നിറുത്താനും നശിപ്പിക്കാനുമുള്ള ആഗ്രഹത്തിൽ നിന്നും ഉണ്ടാകുന്നു. ബന്ധങ്ങളുടെ തലതിരിച്ചിൽ, സ്വാധീനം ചെലുത്താനുള്ള

അതിമോഹം, അധികാരത്തിന്റെ ദുർവിനിയോഗം, മറ്റുള്ളവരെ സംബന്ധിച്ച ഭീതി, വൈവിധ്യം തടസമായി പരിഗണിക്കൽ എന്നിവ വഴി യുദ്ധം ഉണ്ടാകുന്നു. ഇവയെല്ലാം യുദ്ധത്തിന്റെ അനുഭവംകൊണ്ട് വർധിക്കുകയും ചെയ്യുന്നു.

അടുത്തകാലത്ത് ജപ്പാനിലേക്കു ഞാൻ നടത്തിയ അപ്പ സ്തോലിക യാത്രയുടെ സമയത്ത് നിരീക്ഷിച്ചതുപോലെ നമ്മുടെ ലോകം "പ്രതിലോമമായ വിഭാഗീകരണത്താൽ" മുദ്രിതമാക്കപ്പെ ട്ടിരിക്കുന്നു. "അത് സുരക്ഷിതത്വത്തെക്കുറിച്ചുള്ള ചിന്തയിലൂടെ സ്ഥിരതയെയും സമാധാനത്തെയും സംരക്ഷിക്കാനും ഉറപ്പുവരു ത്താനും പരിശ്രമിക്കുന്നു. ആ സുരക്ഷിതത്വബോധം ഭയത്തി ന്റെയും വിശ്വാസമില്ലായ്മയുടെയും മനോഭാവത്താൽ നിലനിറു ത്തപ്പെടുന്നതാണ്. അത് ജനതകൾ തമ്മിലുള്ള ബന്ധങ്ങൾക്കു വിഷം കൊടുക്കുന്നു. സംവാദത്തിന്റെ ഏതു രൂപത്തെയും തട സ്സപ്പെടുത്തുകയും ചെയ്യുന്നു. പരസ്പരം പൂർണമായി നശിപ്പി ക്കുമെന്ന ഭയത്തിൻമേലോ സമ്പൂർണ നശീകരണത്തിനുള്ള ഭീഷ ണിയിൻമേലോ പടുത്തുയർത്താനുള്ള പരിശ്രമങ്ങൾക്ക് ചേർന്ന തല്ല സമാധാനവും അന്താരാഷ്ട്രസ്ഥിരതയും. ഐക്യദാർഢ്യ ത്തിന്റെയും സഹകരണത്തിന്റെയും ആഗോള സാന്മാർഗികതയു ടെ അടിസ്ഥാനത്തിൽ മാത്രമേ അത് നേടാനാവുകയുള്ളൂ. ഐക്യ ദാർഢ്യവും സേവനവും ഭാവിയുടെ സേവനത്തിലുള്ളതായിരി ക്കണം. ഇന്നത്തെയും നാളത്തെയും മുഴുവൻ മനുഷ്യകുടുംബ ത്തിലും പരസ്പര സ്വാതന്ത്ര്യംകൊണ്ടും പങ്കുവയ്ക്കപ്പെടുന്ന ഉത്തരവാദിത്വം കൊണ്ടുമാണ് ആ ഭാവി രൂപപ്പെടുത്തേണ്ടത്."[2]

ഭീഷണിപ്പെടുത്തുന്ന ഓരോ സാഹചര്യവും വിശ്വാസമി ല്ലായ്മയെ തീറ്റിപ്പോറ്റുന്നു. ജനതകളെ തങ്ങളുടെ സ്വന്തം സുര ക്ഷിതത്വ മേഖലയിലേക്ക് പിൻവലിക്കുന്നു. വിശ്വാസമില്ലായ്മയും ഭയവും ബന്ധങ്ങളെ ദുർബലപ്പെടുത്തുന്നു. അക്രമമുണ്ടാകാനുള്ള അപകടസാധ്യതയെ വർധിപ്പിക്കുന്നു. അതൊരു വിഷമവൃത്ത

മുണ്ടാക്കുന്നു. അത് ഒരിക്കലും സമാധാനപൂർണമായ ബന്ധത്തിലേക്കു നയിക്കുകയില്ല.

സമ്പൂർണ നശീകരണത്തെക്കുറിച്ചുള്ള ഭയത്തിലൂടെ ലോകത്തിൽ സ്ഥിരത സംരക്ഷിക്കാമെന്ന് നമുക്ക് ഒരിക്കലും അവകാശപ്പെടാനാവുകയില്ല. പെട്ടെന്നു മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ന്യൂക്ലിയർ അഗാധതയുടെ വക്കിൽ തൂക്കിയിട്ടിരിക്കുന്ന, നിസ്സംഗതയുടെ ഭിത്തികളുടെ പിന്നിൽ അടച്ചിട്ടിരിക്കുന്ന ആ സാഹചര്യത്തിൽ, സ്ഥിരത സൂക്ഷിക്കാനാവുകയില്ല. അതിന്റെ ഫലമായി ചെയ്യുന്ന സാമൂഹികവും സാമ്പത്തികവുമായ തീരുമാനങ്ങൾ ദുരന്തപരമായ സാഹചര്യങ്ങളിലേക്കു നയിക്കുന്നു. അവിടെ മനുഷ്യജീവികളും സൃഷ്ടിതന്നെയും സംരക്ഷിക്കപ്പെടുകയും സൂക്ഷിക്കപ്പെടുകയും ചെയ്യുന്നതിനുപകരം അവഗണിക്കപ്പെടുന്നു.[3] അപ്പോൾ സമാധാനത്തിന്റെയും പരസ്പരബഹുമാനത്തിന്റെയും ഒരു യാത്ര എങ്ങനെ തുടങ്ങും? ഭീഷണികളുടെയും ഭയത്തിന്റെയും അനാരോഗ്യകരമായ മനോഭാവത്തെ എങ്ങനെ തകർക്കും? പരസ്പര വിശ്വാസമില്ലായ്മയുടേതായ ഇപ്പോഴത്തെ സംവിധാനത്തെ എങ്ങനെ തകർക്കും?

ദൈവത്തിൽ നിന്നുള്ള പൊതുവായ ഉത്പത്തിയിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതും സംവാദത്തിലും പരസ്പര വിശ്വാസത്തിലും അഭ്യസിക്കുന്നതുമായ യഥാർത്ഥ സാഹോദര്യത്തെ നാം പ്രോത്സാഹിപ്പിക്കണം. സമാധാനത്തിനുവേണ്ടിയുള്ള ആഗ്രഹം മനുഷ്യഹൃദയത്തിന്റെ അഗാധതയിൽ കിടക്കുന്നു. അതിനെക്കാൾ ചെറുതായ ഒന്നിനെ അന്വേഷിക്കാൻ നാം സ്വയം പിന്മാറരുത്.

**2. സമാധാനം: ഓർമ്മ, ഐക്യദാർഢ്യം, സാഹോദര്യം എന്നിവയിൽ അടിസ്ഥാനപ്പെടുത്തിയ കേൾക്കലിന്റെ യാത്ര**

ഹിരോഷിമയിലും നാഗസാക്കിയിലും ബോംബുവർഷത്തിൽ നിന്നു രക്ഷപെട്ട ഹിബാക്കുഷകൾ സംഘാത്മക മനഃ

സാക്ഷിയുടെ ജ്വാല ഇന്ന് സൂക്ഷിക്കുന്നവരിൽ പെടുന്നു. അവർ 1945-ൽ സംഭവിച്ചതിന്റെ ഭയത്തിന്റെ സാക്ഷികളാണ്; പിൻതലമുറകൾക്കും ഇന്നോളം തുടർന്നുണ്ടായ അവാച്യമായ സഹനങ്ങളുടെയും സാക്ഷികളാണ്. അവരുടെ സാക്ഷ്യം ഇരകളായവരുടെ ഓർമ്മയെ ഉണർത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നു. ആധിപത്യത്തിനും നശിപ്പിക്കലിനുമുള്ള ഓരോ ആഗ്രഹത്തിന്റെയും മുമ്പിൽ മനുഷ്യവംശത്തിന്റെ മനഃസാക്ഷി ഉണരുവാനാണത്. "ഇവിടെ സംഭവിച്ചതിന്റെ ഓർമ്മ ഇപ്പോഴത്തെയും ഭാവിയിലെയും തലമുറകൾ മറന്നുപോകാൻ അനുവദിക്കുന്നതിന് ഞങ്ങൾക്കു സാധ്യമല്ല. കൂടുതൽ നല്ലതും സഹോദരപരവുമായ ഒരു ഭാവിയെ സൃഷ്ടിക്കുവാൻ ഉറപ്പുനല്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ഓർമ്മയാണത്."[4]

കഴിഞ്ഞകാല സംഭവങ്ങളുടെ ഓർമ്മ വരുംതലമുറകൾ സൂക്ഷിക്കുമെന്ന് ഉറപ്പുവരുത്താൻ ഹിബാക്കുഷ ജനതയെപ്പോലെ ഇന്നത്തെ ലോകത്തിലെ പല ജനതകളും പരിശ്രമിക്കുന്നുണ്ട്. അന്നത്തെ അതേ തെറ്റുകളോ മിഥ്യാധാരണകളോ വീണ്ടും വരാതെ തടയാൻവേണ്ടി മാത്രമല്ല അങ്ങനെ ചെയ്യുന്നത്. പിന്നെയോ ഇന്നത്തെയും ഭാവിയിലെയും തീരുമാനങ്ങൾ സമാധാനം വളർത്താനുള്ള അടിസ്ഥാനവും പ്രചോദനവുമായിരിക്കുവാനും, അനുഭവത്തിന്റെ ഫലമെന്നപോലെ, ഓർമ്മയെ സഹായിക്കുവാനുമാണ് അപ്രകാരം ചെയ്യുന്നത്.

കൂടുതലായി എന്താണു പറയേണ്ടത്? ഓർമ്മ, പ്രത്യാശയുടെ ചക്രവാളമാണ്. പലപ്പോഴും യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും മധ്യേ സ്വീകരിക്കപ്പെട്ട ഐക്യദാർഢ്യത്തിന്റെ ചെറിയ പ്രകടനത്തെക്കുറിച്ചുള്ള ഓർമ്മയ്ക്കുപോലും ധീരതയാർന്ന തീരുമാനങ്ങളിലേക്കു നയിക്കാൻ കഴിയും. വ്യക്തികളിലും സമൂഹങ്ങളിലും പുതിയ ഊർജം ഒഴുക്കാനും പുതിയ

പ്രത്യാശയ്ക്കു തിരികൊളുത്താനും അതിനു സാധിക്കും.

സമാധാനയാത്രയുടെ പുറപ്പാട് ഒരു വെല്ലുവിളിയാണ്. കാരണം, ജനതകളും സമൂഹങ്ങളും രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ അപകടത്തിലായിരിക്കുന്ന താത്പര്യങ്ങൾ ധാരാളമുണ്ട്. അവ തമ്മിൽ സംഘട്ടനത്തിലാണുതാനും. ഒന്നാമതായി നമ്മൾ ജനതകളുടെ ധാർമ്മിക മനഃസാക്ഷിയോടും വ്യക്തിപരവും രാഷ്ട്രീയവുമായ ഇച്ഛാശക്തിയോടും അപേക്ഷിക്കണം. സമാധാനം ഉത്ഭവിക്കുന്നത് മനുഷ്യഹൃദയത്തിന്റെ അഗാധതയിൽ നിന്നാണ്. രാഷ്ട്രീയ ഇച്ഛാശക്തിയെ എപ്പോഴും നവീകരിക്കണം. വ്യക്തികളെയും സമൂഹങ്ങളെയും അനുരഞ്ജിപ്പിക്കാനും ഐക്യപ്പെടുത്താനുംവേണ്ടി പുതിയ മാർഗങ്ങൾ കണ്ടെത്താനാണത്.

ലോകത്തിനു ശൂന്യമായ വാക്കുകളല്ല, പിന്നെയോ ഉത്തമബോധ്യമുള്ള സാക്ഷ്യങ്ങളാണ് ആവശ്യം. ബഹിഷ്കരണവും കൃത്രിമതയും തള്ളിക്കളയുന്ന സംവാദത്തോടു തുറവിയുള്ള സമാധാനസ്ഥാപകരെയാണ് ആവശ്യം. യഥാർത്ഥത്തിൽ, പ്രത്യയ ശാസ്ത്രങ്ങൾക്കും വ്യത്യാസപ്പെടുന്ന അഭിപ്രായങ്ങൾക്കും ഉപരിയായി സത്യം അന്വേഷിക്കുന്ന സ്ത്രീപുരുഷന്മാർ തമ്മിൽ ഉത്തമബോധ്യമുള്ള സംവാദം കൂടാതെ സമാധാനം നേടാൻ നമുക്കു കഴിയുകയില്ല. സമാധാനം "നിരന്തരം പടുത്തുയർത്തപ്പെടണം."[5] പൊതുനന്മ, സത്യസന്ധത, നിയമത്തോടുള്ള ബഹുമാനം എന്നിവയ്ക്കായുള്ള നിരന്തര പരിശ്രമത്തിൽ ഒന്നിച്ചു നടത്തുന്ന യാത്രയാണത്. പരസ്പരം ശ്രവിക്കലിന് പരസ്പരധാരണയിലേക്കും ബഹുമാനത്തിലേക്കും നയിക്കാൻ കഴിയും. ഒരു ശത്രുവിന് ഒരു സഹോദരന്റെയോ സഹോദരിയുടെയോ മുഖം കാണാൻപോലും കഴിവു നല്കും.

അങ്ങനെ, സമാധാനപ്രക്രിയ ശാശ്വത സമർപ്പണമാണ്.

സത്യവും നീതിയും അന്വേഷിക്കാനുള്ള ക്ഷമാപൂർണമായ ഒരു പരിശ്രമമാണ്. ഇരകളായവരുടെ ഓർമ്മയെ ആദരിക്കാനും പ്രതികാരത്തിനുള്ള ആഗ്രഹത്തേക്കാൾ ശക്തമായ പങ്കുവയ്ക്കപ്പെടുന്ന പ്രത്യാശയിലേക്ക് ക്രമേണ കടക്കാനുള്ള വഴി തുറക്കാനുള്ള പരിശ്രമമാണ്. നിയമത്തിൽ അടിസ്ഥാനപ്പെടുത്തിയ ഒരു സംസ്ഥാനത്ത് ഈ പ്രക്രിയയുടെ സുപ്രധാന മാതൃകയാകാൻ ജനാധിപത്യത്തിനു കഴിയും. അത് നീതിയിലും ഓരോ വ്യക്തിയുടേയും, പ്രത്യേകിച്ച് ദുർബലരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും, അവകാശങ്ങൾ സംരക്ഷിക്കാനുള്ള സമർപ്പണത്തിലും അടിയുറപ്പിച്ചതായിരിക്കണം. അത് നിരന്തരം സത്യം അന്വേഷിക്കുന്നതുമായിരിക്കണം.[6] ഇത് സാമൂഹികമായ ഒരു സംരംഭവും തുടർപ്രവർത്തനവുമായിരിക്കണം. അതിൽ ഓരോ വ്യക്തിയും ഉത്തരവാദിത്വപൂർവം സ്വന്തം സംഭാവന നല്കുന്നു. പ്രാദേശികവും ദേശീയവും സാർവലൗകികവുമായ സമൂഹത്തിന്റെ തലങ്ങളിൽ അങ്ങനെ ചെയ്യണം.

വിശുദ്ധ പോൾ 6-ാമൻ പാപ്പാ ചൂണ്ടിക്കാണിച്ചതുപോലെ സമത്വത്തിനും, ഭാഗഭാഗിത്വത്തിനുമുള്ള ഈ രണ്ട് ആഗ്രഹങ്ങൾ ജനാധിപത്യപരമായ സമൂഹത്തെ വളർത്താൻ പരിശ്രമിക്കുന്നു. സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള ഒരു വിദ്യാഭ്യാസം വേണമെന്ന് ഇത് ആവശ്യപ്പെടുന്നു. അത് ഓരോ മനുഷ്യന്റെയും അവകാശങ്ങൾ മാത്രം ഉൾക്കൊള്ളുന്നതായിരിക്കരുത്. അത് പരസ്പരബന്ധമുള്ളതുമായിരിക്കണം: മറ്റുള്ളവരോടുള്ള അവന്റെയോ അവളുടെയോ കടമകൾക്കൂടി ഉൾക്കൊള്ളുന്നതായിരിക്കണം. കടമയെപ്പറ്റിയുള്ള ബോധവും പ്രയോഗവും ആത്മനിയന്ത്രണത്തിനുള്ള കഴിവിനാൽ വ്യവസ്ഥാപിതമാകുന്നു. വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സ്വാതന്ത്ര്യത്തിനുമേൽ സ്ഥാപിക്കപ്പെട്ട പരിധികളെയും ഉത്തരവാദിത്വത്തിന്റെ പരിധികളെയും സ്വീകരിക്കുകയെന്നതും അത് ഉൾക്കൊള്ളുന്നു."[7]

സമൂഹത്തിൽത്തന്നെയുള്ള വിഭജനങ്ങൾ, സാമൂഹിക അസമത്വത്തിന്റെ വർധനവ്, സമഗ്രമാനുഷിക വികസനത്തെ ഉറപ്പുവരുത്തുവാനുള്ള മാർഗങ്ങൾ നിഷേധിക്കൽ എന്നിവ പൊതുനന്മയ്ക്കായുള്ള പരിശ്രമത്തെ അപകടപ്പെടുത്തുന്നു. എന്നാലും വാക്കിന്റെയും സത്യത്തിന്റെയും ശക്തിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ക്ഷമാപൂർവകമായ പരിശ്രമമുണ്ടാകണം. അത് സഹാനുഭൂതിക്കും സർഗാത്മക ഐക്യദാർഢ്യത്തിനുമുള്ള കൂടുതൽ വലിയ കഴിവിനെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കും.

നമ്മുടെ ക്രൈസ്തവാനുഭവത്തിൽ നാം സ്ഥിരം ക്രിസ്തുവിനെ ഓർമ്മിക്കുന്നു. നാം പരസ്പരം രമ്യതപ്പെടാൻ സ്വന്തം ജീവൻ സമർപ്പിച്ച വ്യക്തിയാണ് ക്രിസ്തു (cf റോമാ 5:6-11). സഭ നീതിപൂർവകമായ സാമൂഹികക്രമത്തിനുവേണ്ടിയുള്ള നിരന്തരം അന്വേഷണത്തിൽ പങ്കുചേരുന്നു. പൊതുനന്മയ്ക്കായുള്ള തന്റെ സേവനം അവൾ തുടർന്നുകൊണ്ടിരിക്കുന്നു. സമാധാനത്തെക്കുറിച്ചുള്ള പ്രത്യാശ വർധിപ്പിക്കാനും അപ്രകാരം ചെയ്യുന്നു. ക്രൈസ്തവമൂല്യങ്ങൾ പകർന്നുനല്കിക്കൊണ്ടും ധാർമ്മിക പ്രബോധനം നടത്തിക്കൊണ്ടും സാമൂഹികവും വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങൾകൊണ്ടും അങ്ങനെ ചെയ്യുന്നു.

### 3. സമാധാനം: സഹോദരപരമായ സംസർഗത്തിൽ അനുരഞ്ജനപ്പെടുന്നതിന്റെ ഒരു യാത്ര

ബൈബിൾ, പ്രത്യേകിച്ച് പ്രവാചകരുടെ വാക്കുകളിൽ, മനുഷ്യവംശവുമായുള്ള ദൈവത്തിന്റെ ഉടമ്പടിയെയും വ്യക്തികളെയും ജനതകളെയും ഓർമ്മിപ്പിക്കുന്നു. അത് മറ്റുള്ളവരുടെ മേൽ ആധിപത്യം ഉറപ്പിക്കാനുള്ള ആഗ്രഹം ഉപേക്ഷിക്കുന്നു. പരസ്പരം വ്യക്തികളായി കാണാൻ പഠിപ്പിക്കുന്നു. ദൈവത്തിന്റെ പുത്രീപുത്രന്മാരായി, സഹോദരീസഹോദരന്മാരായി

കാണാൻ പഠിപ്പിക്കുന്നു. മറ്റുള്ളവരെ അവർ പറഞ്ഞതും പ്രവർത്തിച്ചതും മൂലം നിസ്സാരക്കാരാക്കരുത്. അവരുടെ വാഗ്ദാനംമൂലം അവരെ വിലമതിക്കണം. ബഹുമാനത്തിന്റെ പാത തിരഞ്ഞെടുത്തുകൊണ്ടു മാത്രമേ പ്രതികാരത്തെ തകർക്കാനും പ്രത്യാശയുടെ യാത്രതുടങ്ങാനും നമുക്കു കഴിയുകയുള്ളൂ.

പത്രോസും ഈശോയും തമ്മിൽ നടത്തിയ സംഭാഷണം വിവരിക്കുന്ന സുവിശേഷഭാഗത്താൽ നാം നയിക്കപ്പെടുന്നു. "കർത്താവേ, എനിക്കെതിരേ പാപം ചെയ്യുന്ന എന്റെ സഹോദരനോട് ഞാൻ എത്ര പ്രാവശ്യം ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? ഈശോ അവനോടു പറഞ്ഞു: ഏഴെന്നല്ല ഏഴ് എഴുപതു പ്രാവശ്യമെന്നു ഞാൻ നിന്നോടു പറയുന്നു'' (മത്താ 18:21-22). അനുരഞ്ജനത്തിന്റെ ഈ പാത ഒരു ആഹ്വാനമാണ്. ക്ഷമിക്കാനുള്ള ശക്തിയും പരസ്പരം സഹോദരീസഹോദരന്മാരായി അംഗീകരിക്കാനുള്ള കഴിവും നമ്മുടെ ഹൃദയാന്തർഭാഗത്ത് കണ്ടെത്താനുള്ള ആഹ്വാനമാണത്. മാപ്പു നല്കി ജീവിക്കാൻ നാം പഠിക്കുമ്പോൾ സമാധാനത്തിന്റെ സ്ത്രീപുരുഷന്മാരായിത്തീരാനുള്ള നമ്മുടെ ശക്തിയിൽ നാം വളരുന്നു.

സാമൂഹിക സാഹചര്യത്തിൽ സമാധാനത്തെപ്പറ്റി സത്യമായിട്ടുള്ളത് രാഷ്ട്രീയത്തിന്റെയും സാമ്പത്തികശാസ്ത്രത്തിന്റെയും മണ്ഡലങ്ങളെ സംബന്ധിച്ചും സത്യമാണ്. എന്തെന്നാൽ പൊതുവെ ജീവിതത്തിന്റെ എല്ലാ മാനങ്ങളിലും സമാധാനം പ്രവേശിക്കുന്നു. കൂടുതൽ നീതിപൂർവകമായ സാമ്പത്തിക ശാസ്ത്രം വികസിപ്പിക്കാനുള്ള കഴിവു നാം കാണിച്ചില്ലെങ്കിൽ യഥാർത്ഥ സമാധാനമുണ്ടാവുകയില്ല. ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പത്തുവർഷം മുമ്പ് *സത്യത്തിൽ സ്നേഹം* എന്ന ചാക്രികലേഖനത്തിൽ പറഞ്ഞതുപോലെ "അവികസിതാവസ്ഥയെ കീഴടക്കുന്നതിന് വിനിമയത്തിന്റെ അടിസ്ഥാനത്തിലുള്ള

ഇടപാടുകളെ മെച്ചപ്പെടുത്തുകയും പൊതുക്ഷേമസംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്യാനുള്ള  നടപടി മാത്രം പോരാ. പിന്നെയോ, സർവോപരി, സൗജന്യത്തിന്റെയും കൂട്ടായ്മയുടെയും ഓഹരികളുള്ള സാമ്പത്തിക പ്രവർത്തനത്തിന്റെ രൂപങ്ങളിലേക്ക് ആഗോളതലത്തിലുള്ള തുറവ് ക്രമേണ ഉണ്ടാകുകയും വേണം" (നമ്പർ 39).

**4.സമാധാനം: പരിസ്ഥിതിപരമായ മാനസാന്തരത്തിന്റെ യാത്ര**

"നമ്മുടെ തത്ത്വങ്ങളെപ്പറ്റി നമുക്കു തെറ്റിധാരണയുണ്ടായിരിക്കുകയും അത് പ്രകൃതിയെ ദുരുപയോഗിക്കുന്ന പ്രവൃത്തി നീതിമത്കരിക്കാനും പ്രകൃതിയുടെ മേൽ സ്വേച്ഛാധിപത്യം പ്രയോഗിക്കാനും യുദ്ധത്തിലും അനീതിയിലും അക്രമത്തിലും ഏർപ്പെടാനും ഇടയാക്കിയെങ്കിൽ, അതിനെയെല്ലാം നീതിമത്കരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിൽ, വിശ്വാസികളായ നാം ഒരു കാര്യം അംഗീകരിക്കണം. അതായത് സംരക്ഷിക്കാനും സൂക്ഷിക്കാനും നമുക്കു കടമയുണ്ട്. ജ്ഞാനത്തിന്റെ നിക്ഷേപങ്ങളോട് നമ്മൾ വിശ്വസ്തരായിരുന്നില്ലെന്ന് അംഗീകരിക്കണം."[8]

മറ്റുള്ളവരോടുള്ള നമ്മുടെ ശത്രുതയും നമ്മുടെ പൊതുഭവനത്തോടുള്ള ബഹുമാനക്കുറവും അല്ലെങ്കിൽ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ച ദുരുപയോഗപരമായ ചൂഷണവും - പെട്ടെന്ന് ലാഭം കിട്ടാനുള്ള ഉറവിടം മാത്രമായി, പ്രാദേശിക സമൂഹങ്ങളെയും പൊതുനന്മയെയും പ്രകൃതിയെതന്നെയും പരിഗണിക്കാതെ ചെയ്യുന്ന ചൂഷണവും മൂലം നമുക്ക് പരിസ്ഥിതി പരമായ മാനസാന്തരം ആവശ്യമാണ്. പാൻആമസോൺ പ്രദേശത്തെക്കുറിച്ചു അടുത്തകാലത്ത് ഒരു സിനഡ് നടന്നു. അത് സമൂഹങ്ങളും ഭൂമിയും തമ്മിലും വർത്തമാനകാലവും ഭൂതകാലവും തമ്മിലും അനുഭവവും പ്രത്യാശയും തമ്മിലും സമാധാനപൂർണമായ ബന്ധം സ്ഥാപിക്കാനുള്ള നിർബന്ധപൂർവകവും നവീനവുമായ ആഹ്വാനം നടത്താൻ നമ്മെ പ്രേരിപ്പിക്കുന്നു.

അനുരഞ്ജനത്തിന്റെ ഈ യാത്ര ഒരു കാര്യം കൂടി ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ പൊതുഭവനമാകാൻ ദാനമെന്ന നിലയിൽ നമുക്ക് ദൈവം തന്ന ലോകത്തെ കേൾക്കുകയും ധ്യാനിക്കുകയും ചെയ്യുകയെന്ന കാര്യമാണത്. യഥാർത്ഥത്തിൽ പ്രകൃതി വിഭവങ്ങൾ, ജീവിതത്തിന്റെ അനേകം രൂപങ്ങളും, ഭൂമി തന്നെയും, "ഉഴുകാനും സൂക്ഷിക്കാനും" (ഉത്പ 1:15) വേണ്ടി നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. ഭാവിതലമുറകൾക്കുവേണ്ടിയും, ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വപൂർണവും ക്രിയാത്മകവുമായ പങ്കെടുക്കലിനുവേണ്ടിയും നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. നാം ചിന്തിക്കുന്നതിന്റെയും വസ്തുക്കളെ നാം കാണുന്നതിന്റെയും രീതി മാറ്റുക ആവശ്യമാണ്. മറ്റുള്ളവരോട് ഇടപെടുന്നതിലും സൃഷ്ടിയാകുന്ന ദാനം - അതിന്റെ സ്രഷ്ടാവിന്റെ സൗന്ദര്യവും ജ്ഞാനവും പ്രതിഫലിക്കുന്ന സൃഷ്ടിയാകുന്ന ദാനം- സ്വീകരിക്കുന്നതിലും കൂടുതൽ തുറവിയുള്ളവരാകണം.

ഇതെല്ലാം നമുക്കു നല്കുന്നത് കൂടുതൽ ആഴമുള്ള ലക്ഷ്യബോധവും നമ്മുടെ പൊതുഭവനത്തിൽ വസിക്കാനുള്ള ഒരു പുതിയ മാർഗവും നമ്മുടെ വ്യത്യാസങ്ങൾ അംഗീകരിക്കാനും നാം സ്വീകരിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന ജീവിതത്തെ ആദരിക്കാനും ആഘോഷിക്കാനുമുള്ള കടമയുമാണ്. ജീവന്റെ തുടർന്നുള്ള പുഷ്പിക്കലിനെയും മുഴുവൻ മനുഷ്യവംശത്തിന്റെയും പൊതുനന്മയുടെ വികസനത്തെയും അനുകൂലിക്കുന്ന ജീവിതാവസ്ഥകളും സമൂഹത്തിന്റെ മാതൃകകളും അന്വേഷിക്കാനുമുള്ള കടമയുമാണ്.

നാം അഭ്യർത്ഥിക്കുന്ന പരിസ്ഥിതിപരമായ മാനസാന്തരം ജീവനെ നോക്കിക്കാണുന്നതിനുള്ള പുതിയൊരു രീതിയിലേക്ക് നമ്മെ നയിക്കും. നമുക്ക് ഭൂമി നല്കിയ സ്രഷ്ടാവിന്റെ ഉദാരത പരിഗണിക്കുമ്പോൾ സന്തോഷത്തോടും മിതത്വത്തോടുംകൂടി ഭൂമി പങ്കിട്ട് അനുഭവിക്കാൻ നല്കിയ സ്രഷ്ടാവിന്റെ ഉദാരത തന്നെയാണ് നാം ഓർമ്മിക്കേണ്ടത്. ഈ മാനസാന്തരം സമഗ്ര

മായ രീതിയിൽ മനസ്സിലാക്കണം. ഒരു രൂപാന്തരീകരണമായി മനസ്സിലാക്കണം. നമ്മുടെ സഹോദരീസഹോദരന്മാരോടും മറ്റു ജീവജാലങ്ങളോടും സമ്പന്നമായ വൈവിധ്യമുള്ള സൃഷ്ടിയോടും ജീവന്റെയെല്ലാം ഉത്പത്തിയും ഉറവിടവുമായ സ്രഷ്ടാവിനോടും നാം എങ്ങനെ ബന്ധപ്പെടുന്നുവെന്നു മനസ്സിലാക്കണം. ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ആവശ്യമാണ്: "യേശുക്രിസ്തുവിനോടുള്ള അവരുടെ കണ്ടുമുട്ടലിന്റെ ഫലങ്ങൾ അവർക്കു ചുറ്റുമുള്ള ലോകവുമായുള്ള അവരുടെ ബന്ധങ്ങളിൽ പ്രകടമാകണം."[9]

**5. "നാം പ്രത്യാശിക്കുന്നതെല്ലാം നമുക്കു ലഭിക്കുന്നു"[10]**

അനുരഞ്ജനത്തിനുള്ള യാത്ര ക്ഷമയെയും വിശ്വാസത്തെയും ആവശ്യപ്പെടുന്നു. സമാധാനത്തിനായി പ്രത്യാശിച്ചില്ലെങ്കിൽ സമാധാനം ലഭിക്കുകയില്ല.

ഒന്നാമതായി, ഇതിന്റെ അർത്ഥം സമാധാനത്തിനുള്ള സാധ്യതയിൽ വിശ്വസിക്കുകയെന്നതാണ്. നമുക്ക് ആവശ്യമായിരിക്കുന്നതുപോലെ മറ്റുള്ളവർക്കും സമാധാനം ആവശ്യമാണെന്ന് വിശ്വസിക്കണം. ദൈവത്തിന് നമ്മിൽ ഓരോരുത്തരോടുമുള്ള സ്നേഹത്തിൽ നമുക്ക് പ്രചോദനം കണ്ടെത്താനാവും. സ്വതന്ത്രമാക്കുന്നതും അതിരുകളില്ലാത്തതും വിശ്രമമില്ലാത്തതുമായ സ്നേഹത്തിൽത്തന്നെ.

ഭയം മിക്കപ്പോഴും സംഘട്ടനത്തിന്റെ ഒരു ഉറവിടമാണ്. അതുകൊണ്ട് നാം മാനുഷികഭയങ്ങളെ കീഴടക്കുകയെന്നത് സുപ്രധാന കാര്യമാണ്. നമ്മെ സ്നേഹിക്കുകയും ധൂർത്തപുത്രനെ കാത്തിരുന്ന പിതാവിനെപ്പോലെ (ലൂക്കാ 15:11-24) നമ്മെ കാത്തിരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ കണ്ണുകളിൽ നാം ആവശ്യങ്ങളുള്ള മക്കളാണെന്ന് അംഗീകരിക്കുകയെന്നതും സുപ്രധാന കാര്യമാണ്. സഹോദരപരമായ കണ്ടുമുട്ടലിന്റെ സംസ്കാരം സംഘട്ടനത്തിന്റെ സംസ്കാരത്തെ തകർക്കുന്നു.

അത് ഓരോ കണ്ടുമുട്ടലിനെയും സംബന്ധിച്ച് ദൈവത്തിനുള്ള ഉദാരതനിറഞ്ഞ സ്നേഹത്തിന്റെ ഒരു സാധ്യതയും ഒരു സമ്മാനവുമാണ്. അത് ഇടുങ്ങിയ ചക്രവാളങ്ങളുടെ അതിരുകൾക്കപ്പുറത്തേക്കു നമ്മെ നയിക്കുന്നു. ഒരേ സ്വർഗീയപിതാവിന്റെ മക്കൾ എന്ന നിലയിൽ സാർവത്രിക സാഹോദര്യത്തിന്റെ ചൈതന്യത്തിൽ ജീവിക്കാൻ നമ്മെ നിരന്തരം പ്രോത്സാഹിപ്പിക്കുന്നു.

ക്രിസ്തുവിന്റെ അനുയായികളെ സംബന്ധിച്ചിടത്തോളം ഈ യാത്ര, മാമ്മോദീസ സ്വീകരിച്ചവരുടെ പാപങ്ങളുടെ മോചനത്തിനായി കർത്താവു നല്കിയ അനുരഞ്ജനകൂദാശയാൽ താങ്ങി നിറുത്തപ്പെടുന്നു. സഭയുടെ ഈ കൂദാശ വ്യക്തികളെയും സമൂഹങ്ങളെയും നവീകരിക്കുന്നു. ഈശോയെ നോക്കിക്കൊണ്ടിരിക്കാൻ നമ്മോടു കല്പിക്കുകയും ചെയ്യുന്നു. “സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളെയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തംവഴി സമാധാനം സ്ഥാപിക്കുകയും ചെയ്തു” (കൊളോ 1:20). നമ്മുടെ അയല്ക്കാർക്ക് എതിരായോ ദൈവത്തിന്റെ സൃഷ്ടിക്ക് എതിരായോ ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള ഓരോ അക്രമപ്രവർത്തനത്തെയും മാറ്റിവയ്ക്കാൻ ഇത് നമ്മോട് ആവശ്യപ്പെടുന്നു.

നമ്മുടെ പിതാവായ ദൈവത്തിന്റെ കൃപ വ്യവസ്ഥകളില്ലാത്ത സ്നേഹമെന്നപോലെ നമ്മിലേക്ക് ചൊരിയപ്പെട്ടു. ക്രിസ്തുവിൽ അവിടത്തെ പൊറുതി സ്വീകരിച്ച നാം നമ്മുടെ കാലത്തെ സ്ത്രീപുരുഷന്മാർക്ക് സമാധാനം നല്കാൻ പുറപ്പെടണം. നമ്മെ നീതിയുടെയും സമാധാനത്തിന്റെയും സ്രഷ്ടാക്കളാക്കാൻ കഴിയുന്ന വിധത്തിൽ ചിന്തിക്കാനും സംസാരിക്കാനുമുള്ള മാർഗങ്ങൾ പരിശുദ്ധാത്മാവ് അനുദിനം നമ്മിൽ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

സമാധാനത്തിന്റെ ദൈവം നമ്മെ ആശീർവദിക്കുകയും നമ്മെ സഹായിക്കാൻ വരുകയും ചെയ്യട്ടെ.സമാധാനത്തിന്റെ രാജകുമാരിയും ഭൂമിയിലെ സർവജനതകളുടെയും മാതാവുമായ മറിയം അനുരഞ്ജനത്തിനുള്ള നമ്മുടെ യാത്രയിൽ ഓരോ അടിയും നടക്കാൻ നമ്മോടൊപ്പമുണ്ടായിരിക്കുകയും നമ്മെ താങ്ങി നിറുത്തുകയും ചെയ്യട്ടെ.

ഈ ലോകത്തിലേക്കു വരുന്ന എല്ലാ സ്ത്രീപുരുഷന്മാരും സമാധാനത്തിന്റെ ജീവിതം അനുഭവിക്കട്ടെ. അവർ അവരുടെ ഹൃദയങ്ങളിൽ നിവസിക്കുന്ന ജീവന്റെയും സ്നേഹത്തിന്റെയും വാഗ്ദാനം പൂർണമായി വികസിപ്പിക്കട്ടെ.

വത്തിക്കാനിൽ നിന്ന്

**ഫ്രാൻസിസ് മാർപാപ്പാ**

8 ഡിസംബർ 2019

[1] BENEDICT XVI, Encyclical Letter Spe Salvi (30 November 2007), 1.
[2] Address on Nuclear Weapons, Nagasaki, Atomic Bomb Hypocenter, 24 November 2019.
[3] Cf. Homily at Lampedusa, 8 July 2013.
[4] Address on Peace, Hiroshima, Peace Memorial, 24 November 2019.
[5] SECOND VATICAN ECUMENICAL COUNCIL, Pastoral Constitution Gaudium et Spes, 78.
[6] Cf. BENEDICT XVI, Address to the Italian Christian Workers' Associations, 27 January 2006.
[7] Apostolic Letter Octogesima Adveniens (14 May 1971), 24.
[8] Encyclical Letter Laudato Si' (24 May 2015).
[9] Ibid., 217.
[10] Cf. SAINT JOHN OF THE CROSS, Noche obscura, II, 21,8.

**പി.ഒ.സി.,**

**കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം**

**കൊച്ചി - 682 025**

Prot. No. 1818/2019

# സർക്കുലർ

## സീറോ മലബാർ പ്രേഷിതവാരാചരണം

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം ആഗോളസഭയിൽ 2019 ഒക്ടോബർ മാസം അസാധാരണപ്രേഷിത മാസമായി ആഘോഷിച്ചിരുന്നുവല്ലോ. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ട് 1919 നവംബറിൽ ഭാഗ്യസ്മരണാർഹനായ ബെനഡിക്ട് 15-ാമൻ പാപ്പാ പുറപ്പെടുവിച്ച മാക്സിമും ഇല്ലൂദ് എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിവർഷം പ്രമാണിച്ചായിരുന്നു ഫ്രാൻസിസ് മാർപാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന് ആഹ്വാനംചെയ്തത്. ആഗോള കത്തോലിക്കാസഭ മുഴുവനിലും ആചരിച്ച ഈ പ്രേഷിതമാസം നമ്മിലെ പ്രേഷിത തീക്ഷ്ണതയെ ഉജ്വലിപ്പിക്കുവാനും പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതിനുവേണ്ട നൂതനാശയങ്ങൾ ഉൾക്കൊള്ളുവാനും സഹായകമായിരുന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽ വേണം 2020 ജനുവരി 6-ാം തിയതി മുതൽ 12-ാം തിയതി വരെയുള്ള ദിവസങ്ങളിൽ ഈ വർഷത്തെ പ്രേഷിതവാരം സീറോ മലബാർ സഭയിൽ ആചരിക്കേണ്ടത്.

മിഷനെ അറിയുക, മിഷനറിയാവുക എന്ന ആദർശ വാക്യത്തെ പ്രായോഗിക തലങ്ങളിലെത്തിച്ച് പ്രേഷിതവാരാചരണം കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും കടമയുണ്ട്. സീറോ മലബാർ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സുവിശേഷ പ്രഘോഷണ ദൗത്യം നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അസാധാരണ പ്രേഷിതമാസം പ്രഖ്യാപിച്ചുകൊണ്ട് നൽകിയ കത്തിൽ പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചതുപോലെ ഒരു സഭയെന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമ്മുടെ പ്രേഷിതദൗത്യ നിർവ്വഹണത്തിൽ തികഞ്ഞ തീക്ഷ്ണതയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. പ്രേഷിതപ്രവർത്തനം സാധ്യമാക്കുന്നതിനായി സുരക്ഷിതമേഖലകൾ തേടിപ്പോകുന്ന പ്രവണതയെ ഉപേക്ഷിക്കുവാനും സമ്പന്നവും ശോഭനവുമായ ഭൂതകാലസ്മരണകളിൽ മയങ്ങി ജീവിക്കാതെ ഭാവികർത്തവ്യങ്ങളുടെ വിളഭൂമിയിലേക്ക് കർമ്മധീരരായി പ്രേഷിതതീക്ഷ്ണതയോടെ പ്രവേശിക്കുവാനും നാം ഉത്സുകരാകണം. വ്യക്തികളും സമർപ്പിത സമൂഹങ്ങളും ഇടവകകളും രൂപതകളും ഈ പ്രേഷിത പ്രബുദ്ധത ഉൾക്കൊള്ളണം. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന പ്രേഷിത സാധ്യതകളും കടമകളും ഫലപ്രദമായി നിർവ്വഹിക്കുവാൻ ഈ വർഷത്തെ പ്രേഷിതവാരാചരണം എല്ലാവരെയും ശക്തിപ്പെടുത്തണം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും സഫലമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം നമ്മുടെ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും മിഷൻ തീക്ഷ്ണതയാണ്. ഈ അവസരത്തിൽ, ഭാരതത്തിലും ഭാരത ത്തിനു പുറത്തും സുവിശേഷ പ്രഘോഷണത്തിൽ സധൈര്യം വ്യാപൃതരായിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെയും മിഷനറി വൈദിക

രെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ ജീവിതാന്തസ് എന്താണെങ്കിലും പ്രവർത്തന മേഖല എവിടെയാണെങ്കിലും മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ പ്രേഷിതാഭിമുഖ്യത്തിൽ വളരാനും കൂടെയുള്ളവരെ വളർത്താനുമുള്ള ഉത്തരവാദിത്വവും വിളിയും നമുക്കുണ്ട്. 2019-ലെ മിഷൻ ഞായർ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞുവയ്ക്കുന്നതും ഇതുതന്നെയാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവൻ വില്പനയ്ക്കുള്ള ഒരു ഉത്പന്നമല്ല. പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. മിഷൻ എന്നതിന്റെ ശരിയായ അർത്ഥം ഇതാണ്. ഈ ദൈവിക ജീവൻ നമുക്ക് ദാനമായി ലഭിച്ചതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 8-ാം വാക്യത്തിൽ പറയുന്നതുപോലെ ദാനമായി നമുക്ക് ലഭിച്ചത് ദാനമായി നൽകണം.

നമ്മുടെ സഭയിലെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും മിഷനുകളെ സഹായിക്കാനുമായി സീറോ-മലബാർ മിഷൻ ഫണ്ട് എന്ന പദ്ധതി സീറോ മലബാർ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന കാര്യം ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷവത്കരണവും ഭാവിയിലേക്കുള്ള മിഷൻ പ്രവർത്തനത്തിനായി വൈദിക-സന്യാസാന്തസ്സിൽ പ്രവേശിക്കുന്നവരുടെ പരിശീലനവും ലക്ഷ്യമാക്കിയാണ് ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ ഫണ്ടു വഴി പ്രേഷിതപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള സഹായങ്ങൾ നൽകി വരുന്നു. പ്രേഷിതവാരാചരണത്തോടനു ബന്ധിച്ച് നമ്മുടെ സഭാംഗങ്ങളിൽനിന്നും സ്വീകരിക്കുന്ന സംഭാവനയാണ് ഈ കർമ്മ പരിപാടികൾക്കായി പ്രയോജനപ്പെടുത്തുന്നത്.

ഈ പ്രേഷിതവാരാചരണത്തിലും തുടർന്നുള്ള പ്രേഷിത ജീവിതത്തിലും ചെയ്യേണ്ട ചിലകാര്യങ്ങൾ ഈയവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ. സുവിശേഷ സന്ദേശത്തിന്റെ പ്രചാരണത്തിനായി മാധ്യമങ്ങളെ കൂടുതലായി പ്രയോജനപ്പെടുത്തണം. സോഷ്യൽ മീഡിയയുടെ ഉപയോഗം പതിന്മടങ്ങു വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് അവയെ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷ സന്ദേശത്തിന്റെ വ്യാപനത്തിനായി പ്രയോജനപ്പെടുത്തണം. സഭയുടെ മിഷൻ പ്രവർത്തനങ്ങളോടു ബന്ധപ്പെട്ടുള്ള ചർച്ചകൾ, സമ്മേളനങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പ്രേഷിതയാത്രകൾ എന്നിവ ഇടവകതലത്തിലും രൂപതാതലത്തിലും സംഘടിപ്പിക്കണം. മിഷൻ പ്രവർത്തനങ്ങൾക്കായി തീക്ഷ്ണതയുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം. നമ്മൾ എവിടെയായിരുന്നാലും ഏതു സാഹചര്യത്തിലായിരുന്നാലും ഭയമില്ലാത്ത മിഷനറിമാരായിരിക്കുവാൻ മിശിഹാ നമ്മെ ക്ഷണിക്കുന്നു (അപ്പ 1:8).

സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കാനുള്ള അവസരങ്ങൾ നാം തന്നെ കണ്ടെത്തി വളർത്തണം. മിഷൻ പ്രദേശങ്ങളിൽ നിന്നുള്ള വാർത്തകൾ നമ്മുടെ ഇടവകകളിൽ അറിയുന്നതിനുള്ള സംവിധാനമുണ്ടാകണം. സഭാമക്കൾ തങ്ങളുടെ ക്രൈസ്തവ വിളിയിൽ നിക്ഷിപ്തമായ പ്രേഷിത കടമയെ നിരന്തരം വിചിന്തനത്തിനു വിധേയമാക്കുകയും ദൈവം കനിഞ്ഞു നൽകിയ സ്വകാര്യസമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഭാഗം സഭയുടെ പ്രേഷിതപ്രവർത്തനത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുവാൻ തയ്യാറാകുകയും വേണം.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ പ്രേഷിതതീക്ഷ്ണത സ്വായത്തമാക്കി ധീരോദാത്തമായ

സുവിശേഷ പ്രഘോഷണത്തിലൂടെ നമ്മുടെ കർത്താവിന്റെ മൗതിക ശരീരമായ സഭയുടെ വളർച്ചയും ഉത്തരോത്തരമുള്ള ഉന്നമനവും ലക്ഷ്യമാക്കി നമുക്ക് ഒന്നായി മുന്നോട്ട് നീങ്ങാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: 1. 2020 ജനുവരി 05-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന *സീറോ മലബാർ മിഷൻ* ഓഫീസിൽ 2020 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

Prot. No.1823/2019

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ
സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ
അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്ന
സർക്കുലർ**

# ചാവറവർഷാചരണം 2020

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭാംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം വിശുദ്ധമായ ഒരു ഓർമ്മയാചരണത്തിനുള്ള വർഷമാണ് 2020. കർമ്മനിരതവും പുണ്യചരിതവുമായ ഒരു ജീവിതത്തിനു ശേഷം നമ്മുടെ സഭാതനയനായ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 1871 ജനുവരി 3-ാം തീയതി പരലോകപ്രാപ്തനായതിന്റെ 150-ാം വർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പരിശുദ്ധ കത്തോലിക്കാസഭയിലെ പേരു വിളിക്കപ്പെട്ട വിശുദ്ധരുടെ ഗണത്തിൽ ഉൾപ്പെട്ട ഈ ധന്യാത്മാവിനെ അനുസ്മരിക്കാനും ആ വിശുദ്ധ ജീവിതത്തിൽനിന്ന് പ്രചോദനമുൾക്കൊള്ളാനും അദ്ദേഹം വഴി ദൈവാനുഗ്രഹം പ്രാപിക്കാനും നമുക്ക് ലഭിക്കുന്ന പ്രത്യേക അവസരമാണ് ഈ ജൂബിലി വർഷം.

വിശുദ്ധരെല്ലാവരും സുവിശേഷത്തിന്റെ സത്യം ആത്മാർത്ഥതയോടെ ജീവിച്ചവരും തീക്ഷണതയോടെ പ്രഘോഷിച്ചവരും തങ്ങളുടെ ജീവിതസാഹചര്യത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചവരുമാണ്. ജീവിച്ച കാലഘട്ടത്തിൽ മാത്രമല്ല,

എക്കാലവും വിശ്വാസികൾക്ക് പ്രചോദനമേകുന്നതാണ് അവരുടെ ജീവിതം. വി. ചാവറയച്ചന്റെ ജീവിതവും സന്ദേശവും ഈ യാഥാർഥ്യത്തിന് അടിവരയിടുന്നതാണ്. സഭയും സമുദായവും വളരെയേറെ പരിമിതികളിലൂടെ കടന്നുപോയ 19-ാംനൂറ്റാണ്ടിൽ ജീവിച്ച വി. ചാവറയച്ചൻ ആ നൂറ്റാണ്ടിനെ മാത്രമല്ല, സഭയെ എക്കാലവും ശോഭനമാക്കുന്ന ഒരു പ്രകാശഗോപുരമാണ്.

വി. ചാവറയച്ചൻ സഭയ്ക്കു നല്കിയ സംഭാവനകളിൽ ഏറ്റവും ശ്രേഷ്ഠമായതായി വി. ജോൺ പോൾ രണ്ടാമൻ പാപ്പാ ചൂണ്ടിക്കാണിച്ചത് പരിശുദ്ധസിംഹാസനത്തോടും നിയമാനുസൃതമെത്രാന്മാരോടുമുള്ള ഐക്യത്തിലും വിധേയത്വത്തിലും ഉറച്ചുനിന്നുകൊണ്ട് സഭയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി അദ്ദേഹം നിലകൊണ്ടു എന്ന വസ്തുതയാണ്. സ്വജനത്തെ ശീശ്മയിൽ നിന്നും ആത്മനാശത്തിൽനിന്നും രക്ഷിക്കാൻമാത്രമല്ല, സ്വന്തം സഭാസമൂഹത്തിൽപ്പെട്ട മെത്രാനെ തങ്ങൾക്കു നല്കണമെന്ന് പരിശുദ്ധസിംഹാസനത്തോടു സന്യായം അവകാശപ്പെടാനും അദ്ദേഹം ധൈര്യം കാട്ടി. അപ്രകാരം സീറോ മലബാർ സഭയുടെ വളർച്ചയ്ക്കും ഐക്യത്തിനും അവകാശങ്ങൾക്കുംവേണ്ടി ജീവിതം സമർപ്പിച്ച സഭയുടെ ആദ്യവികാരി ജനറാളും വിശ്വാസത്തിലും വിശുദ്ധിയിലും വിശ്വസ്തതയിലും ദൈവജനത്തെ നയിച്ച ആത്മീയ പിതാവുമാണ് വി. ചാവറയച്ചൻ.

ദൈവത്തെ സ്വന്തം "അപ്പനായി" ദർശിക്കുകയും "എന്റെ, അപ്പാ ഈ പേരു കൊണ്ടല്ലാതെ എനിയ്ക്കങ്ങയെ വിളിപ്പാനാകുന്നില്ല" എന്ന് ഒരു കുഞ്ഞിന്റെ സ്നേഹാർജ്ജവത്തോടെ ഏറ്റുപറഞ്ഞ് ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിൽ

പ്രാർത്ഥിക്കുകയും, തന്നെത്തന്നെ ദൈവത്തിന്റെ മകനായും മറ്റു മനുഷ്യരെയെല്ലാം ദൈവത്തിന്റെ മക്കളും തന്റെ കൂടെപ്പിറപ്പുകളുമായി കാണുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്ത ഒരു ആത്മീയ മനുഷ്യനായിരുന്നു വി. ചാവറയച്ചൻ. ദൈവപുത്രനായ ഈശോ പ്രഖ്യാപിച്ച ദൈവരാജ്യത്തിന്റെ ഈ വിശ്വദർശനം സ്വന്തമാക്കി സ്വജീവിതത്തെ മനുഷ്യനന്മയ്ക്കായി വ്യയം ചെയ്ത ഈ പ്രേഷിതവര്യൻ, "ഈശോമിശിഹാ പാടുപെട്ടു ചോരചിന്തി രക്ഷിച്ച ഒരാത്മാവുപോലും നശിച്ചുപോകരുതെന്നും എല്ലാ ആത്മാക്കളേയും തന്റെ അപ്പന്റെ പക്കലേയ്ക്ക് അടുപ്പിക്കണമെന്നുമുള്ള" തീക്ഷ്ണതയാൽ ജ്വലിച്ചിരുന്നവനാണ്.

1829 നവംബർ 29-ന് വൈദികപട്ടം സ്വീകരിച്ച് ദൈവജനത്തിനിടയിലേയ്ക്കിറങ്ങിയ ചാവറയച്ചന് നേരിടേണ്ടിവന്നത് താൻ അംഗമായിരിക്കുന്ന സഭയുടേയും സമുദായത്തിന്റേയും പരാധീനതകളാണ്. തങ്ങളെ നയിക്കാനും പ്രബോധിപ്പിക്കാനും സ്വന്തമായി ഒരു മെത്രാൻപോലുമില്ലാതെ, ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിക്കിടന്ന ദൈവജനത്തിന്റെ നവീകരണത്തിനും കൂട്ടായ്മയ്ക്കും വേണ്ടുന്ന മാർഗ്ഗങ്ങൾ ദൈവസന്നിധിയിലിരുന്ന് അദ്ദേഹം ആരാഞ്ഞു. മാനസാന്തരപ്പെടാനുള്ള ആഹ്വാനത്തോടെ സുവിശേഷം പ്രഘോഷിച്ച് തന്റെ പരസ്യജീവിതം ആരംഭിച്ച മിശിഹായെപ്പോലെ ദൈവവചനപ്രഘോഷകനായിട്ടാണ് അദ്ദേഹം ആദ്യം ദൈവജനത്തിനിടയിലേയ്ക്ക് കടന്നുചെന്നത്. ഞായറാഴ്ചകളിൽ ദൈവവചനപ്രഘോഷണവും ഇടവകകളിൽ ജ്ഞാനധ്യാനങ്ങളും സാധാരണമല്ലാതിരുന്ന ആ കാലത്ത് ചാവറയച്ചൻ സമാരംഭിച്ച ഈ സത്കൃത്യംവഴി ദൈവജനത്തിനുണ്ടായ ആത്മീയപുരോഗതി വളരെ

വലുതായിരുന്നു. മാത്രമല്ല, ജ്ഞാനവും വിശുദ്ധിയുമുള്ള നല്ല ഇടയന്മാരും വചനപ്രഘോഷകരും പ്രബോധകരുമുണ്ടാകാൻ സെമിനാരികൾ ആരംഭിച്ചു. വിശുദ്ധ ജീവിതം നയിച്ച് ജനത്തെ വിശുദ്ധിയിൽ വളർത്താനും മിശിഹാ സഭയെ ഏല്പിച്ച ദൗത്യം തുടർന്നുകൊണ്ടുപോകാനും സന്യസ്തരുടെ ആവശ്യകത മനസിലാക്കിയ അദ്ദേഹം സി.എം.ഐ, സി.എം.സി സന്യാസ സമൂഹങ്ങൾ ആരംഭിക്കുകയും, കൊവേന്തകളും കന്യാസ്ത്രിമഠങ്ങളും സ്ഥാപിച്ച് സഭയിൽ നല്ലൊരു സമർപ്പിതനിര രൂപപ്പെടുത്തുകയും ചെയ്തു.

തനിക്കു ഏൽപ്പിക്കപ്പെട്ട വിശ്വാസിസമൂഹത്തിന്റെ സമഗ്രമായ വളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ ദീർഘവീക്ഷണത്തോടെ അദ്ദേഹം വ്യാപൃതനായിരുന്നു. ജ്ഞാന കുരുടത്തം മാറാതെ വിശുദ്ധിയുടെ മുളപൊട്ടുകയില്ലെന്നും സമുദായം അഭിവൃദ്ധിപ്പെടുകയില്ലെന്നും ഗ്രഹിച്ച് പള്ളിയോടു ചേർന്നു പള്ളിക്കൂടങ്ങളും, ജ്ഞാനം പകരുന്ന പുസ്തകങ്ങൾ സംലഭ്യമാക്കാൻ അച്ചടിശാലയും, ആരോരുമില്ലാത്തവർക്കുവേണ്ടി ഉപവിശാലയും വളരെയേറെ പ്രതിബന്ധങ്ങളെ തരണംചെയ്തു വി. ചാവറയച്ചൻ സ്ഥാപിച്ചു. ചാവറയച്ചന്റെ കൈയൊപ്പു പതിച്ച സമാരംഭങ്ങളെ അനുസ്മരിക്കുമ്പോൾ "ആത്മാക്കളുടെ രക്ഷയും ദൈവജനത്തിന്റെ സമഗ്രമായ ഉന്നമനവുമായിരുന്നു" ഇതിന്റെയെല്ലാം പിന്നിൽ അദ്ദേഹത്തെ പ്രേരിപ്പിച്ച ചാലകശക്തി എന്ന കാര്യവും വിസ്മരിച്ചുകൂടാ. ദൈവാശ്രയത്തിൽ അടിയുറച്ച ക്രിയാത്മകമായ പ്രവർത്തനശൈലികൊണ്ടും ഉച്ചനീചത്വങ്ങൾ താണ്ടിയുള്ള ഒരു സമൂഹ നിർമ്മിതിക്കു വേണ്ടി അക്ഷീണം യത്നിച്ചതിനാലും ചാവറയച്ചൻ ഒരു സാമൂഹിക പരിഷ്കർത്താവെന്ന നിലയിലും അറിയപ്പെടുന്നുണ്ട്.

ലോകത്തിൽ എവിടേയും ശ്ലാഘിക്കപ്പെടുന്ന ഒന്നാണ് നമ്മുടെ സഭയിലെ കുടുംബങ്ങൾ. വിശ്വാസവും വിശ്വസ്തതയും വിശുദ്ധിയുമുള്ള കുടുംബങ്ങൾ കെട്ടിപ്പടുക്കുവാൻ ചാവറയച്ചന്റെ ഒരു നല്ല അപ്പന്റെ ചാവരുൾ ഉളവാക്കിയ സ്വാധീനം വാക്കുകൾക്ക തീതമാണ്. ആധുനിക കുടുംബങ്ങൾ നേരിടുന്ന പല വെല്ലുവിളി കൾക്കുമുള്ള പ്രതിവിധി ആ ചെറുകൃതിയിൽ കണ്ടെത്താനാകും. നല്ല ക്രിസ്ത്യാനി കുടുംബം സ്വർഗ്ഗരാജ്യത്തിനു സദൃശ്യമാകുന്നു എന്ന്പഠിപ്പിച്ചുകൊണ്ട് ഓരോ കുടുംബവും സ്വർഗ്ഗരാജ്യതുല്യം വളരണം എന്ന ഉയർന്ന ലക്ഷ്യം ക്രൈസ്തവസമൂഹത്തിന് നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ചിട്ടയും ക്രമവുമുള്ള കുടുംബത്തിനേ ഭദ്രതയുണ്ടാവൂ എന്നും അതിനുതകുന്ന രീതിയിൽ മക്കളുടെ വളർച്ചയിൽ ശ്രദ്ധ വേണമെന്നും അദ്ദേഹം സ്നേഹപൂർവ്വം നിഷ്കർഷിക്കുന്നുണ്ട്. ദൈവസ്നേഹത്തിൽ അടിസ്ഥാനമിട്ട് പരസ്പര സ്നേഹത്തിലും കരുതലിലും വളർന്നു പന്തലിക്കുവാൻ ഉപയുക്തമായ ഒരു കുടുംബദർശനം പത്തൊമ്പതാം നൂറ്റാണ്ടിൽ ഭാരത സഭയ്ക്ക് നൽകുവാൻ വി. ചാവറയച്ചന് കഴിഞ്ഞു എന്നുള്ളത് കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

പ്രിയ മക്കളേ, ഇപ്രകാരം നമ്മുടെ സഭയെ ധീരതയോടെ നയിച്ച ഈ പുണ്യചരിതന്റെ ജീവിതത്തെ അടുത്തറിയാനും അനു കരിക്കാനും ഈ ശതോത്തരസുവർണ്ണ ജൂബിലി അനുസ്മരണം ഇടയാക്കട്ടെ. അതിനായി ക്രമീകരിക്കപ്പെടുന്ന കർമ്മപരിപാടികളോട് നിർല്ലോഭം സഹകരിക്കാനും ആത്മീയാഭിവൃദ്ധി കൈവരിക്കാനും ദൈവജനം മുഴുവനോടും ഞാൻ അഭ്യർത്ഥിക്കുന്നു. വി. ചാവറയച്ചനെപ്പോലെ സഭയോടുള്ള പ്രതിബദ്ധതയിൽ ജീവിച്ച് മിശി ഹായുടെ ദൗത്യം പൂർത്തീകരിക്കാൻ എല്ലാ സഭാതനയർക്കും ഈ

അനുസ്മരണവർഷം അവസരമൊരുക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും വി. കുര്യാക്കോസ് എലിയാസച്ചന്റെയും മാദ്ധ്യസ്ഥത നമുക്ക് സഹായകമാകട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാ മാണ്ട് ഡിസംബർ മാസം 11-ാം തീയതി നൽകപ്പെട്ടത്.

---

NB: ഈ സർക്കുലർ 2020 ജനുവരി 12-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും, ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

Ref: 3242/K-5/KCBC/OL/DS

# മിസ്സിയോ ദേയി 2020

## പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആചരിച്ചതിന്റെ തുടർച്ചയായിട്ടാണ് പ്രേഷിതവർഷം നാം ആചരിക്കുന്നത്. പ്രേഷിതമാസത്തിൽ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പഠനശിബിരങ്ങളും ചർച്ചകളും മിഷണറി സംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷണറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുമെല്ലാം നാം നടത്തി. തുടർന്നും ഇത്തരം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും കേരളസഭയിലാകമാനം ഒരു പ്രേഷിതമാനസാന്തരം രൂപപ്പെടാനും പ്രേഷിതരൂപീകരണം അജപാലനശുശ്രൂഷയുടെ പ്രഥമ പരിഗണനാ വിഷയമാക്കിമാറ്റാനും പ്രേഷിതവർഷാചരണം ഉപകാരപ്രദമാണ്. ദനഹാ അഥവാ പ്രത്യക്ഷീകരണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിതവർഷത്തിന് 'ദൈവികദൗത്യം' എന്നർത്ഥംവരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നല്കിയിട്ടുള്ളത്. ആദ്യപാപംമൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽനിന്ന് മനുഷ്യകുലത്തെ ഉയർത്താൻ

ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3:15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). സമയത്തിന്റെ പൂർണതയിൽ ദൈവപുത്രനായ യേശുക്രിസ്തു അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലൂടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാ രഹസ്യങ്ങളിലൂടെയും ദൈവികപദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4).

രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കാൻ വേണ്ടിയാണ് ക്രിസ്തുവിന്റെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്തംവരെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു (മത്താ 28:19-20). മനുഷ്യസമൂഹത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുകൊണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് ഈശോ തന്റെ അപ്പസ്തോലന്മാരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ ഈശോയുടെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടുത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടുന്നിൽ നിന്നാണ് സഭ പ്രേഷിത ദൗത്യത്തിനുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ക്രിസ്തു അപ്പോസ്തലന്മാരെ ഭരമേല്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകാവസാനം വരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടുന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

**പ്രേഷിത മാനസാന്തരം**

പ്രേഷിതമാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാം

ഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിച്ചിരുന്നു. പ്രേഷിത ദൗത്യനിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭതന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ് സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത സഭ സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിതമാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടുമുട്ടുക. രണ്ട്, ക്രിസ്തുസ്നേഹത്തെ പ്രതി പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

“എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും” (മത്താ 24:14) പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. “ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം

നല്കുന്നു" (2 കോറി 5:14) എന്ന പൗലോസ് അപ്പസ്തോലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് 'മാനസാന്തരം' എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരിസ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരിസ്ഥിതിക പാപമാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ്

സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും വളർന്നു വരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

**പ്രേഷിത രൂപീകരണം**

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യ നിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസപരിശീലനം, വൈദിക-സന്ന്യസ്ത-അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ

ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിതവർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി.,
കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

N.B: 2020 ജനുവരി 19-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

CL/No. 1/2020

# സർക്കുലർ

## ആരാധനക്രമസംഗീതം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സഭയുടെ ആരാധനക്രമത്തിന്റെ ആഘോഷത്തിൽ ആരാധനക്രമസംഗീതത്തിനുള്ള സ്ഥാനം തിരുസഭ എക്കാലവും പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ദൈവാരാധനയിൽ സംഗീതത്തിനുള്ള പ്രാധാന്യം പഴയനിയമകാലം മുതൽ വി. ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. പുറപ്പാടനുഭവത്തിൽ മോശയും ഇസ്രായേൽജനവും കർത്താവിനെ സ്തുതിച്ചുകൊണ്ട് ഗാനമാലപിച്ചതുമുതൽ (പുറ. 15:1–21 ) അഗ്നിമയമായ പളുങ്കുകടലിൽ ദൈവത്തിന്റെ വീണ പിടിച്ചുകൊണ്ട് മോശയുടെയും കുഞ്ഞാടിന്റെയും ഗീതമാലപിക്കപ്പെടുന്ന വെളിപാടിലെ ദർശനം (വെളി15:2–3) വരെ നിരവധി അവസരങ്ങളിൽ ദൈവസ്തുതിഗീതങ്ങൾ ആലപിക്കുന്നതിനെപ്പറ്റി വി. ഗ്രന്ഥത്തിൽ വിവരണങ്ങളുണ്ട്. അതുപോലെതന്നെ സഭാപിതാക്കന്മാരും ദൈവസ്തുതികളിലും വിശ്വാസാഘോഷങ്ങളിലും സംഗീതത്തിനുള്ള പ്രാധാന്യത്തെ മനസ്സിലാക്കുകയും അതുപയോഗിക്കുകയും അതേക്കുറിച്ച് സഭയ്ക്കു പ്രബോധനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. സുറിയാനി സഭാപിതാക്കന്മാരിൽ ശ്രേഷ്ഠനും പരിശുദ്ധാത്മാവിന്റെ വീണ എന്ന വിശേഷണത്താൽ ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന മാർ അപ്രേം വചനവ്യാഖ്യാനത്തിനും വിശ്വാസസത്യങ്ങൾ അവതരിപ്പിക്കുന്നതിനും വിശ്വാസത്തെ അബദ്ധപ്രബോധനങ്ങളിൽ നിന്നു സംരക്ഷിക്കുന്നതിനും ഉപയോഗിച്ച ഏറ്റവും ഫലപ്രദമായ മാധ്യമം സംഗീ

തമായിരുന്നു. പാടുന്നവൻ ഇരട്ടി പ്രാർത്ഥിക്കുന്നു എന്ന വി. അഗസ്തീനോസിന്റെ പരാമർശവും സംഗീതത്തിനു ദൈവാരാധനയിലുള്ള പ്രാധാന്യം വ്യക്തമാക്കുന്നതാണ്.

ആരാധനക്രമസംഗീതത്തിന്റെ നവീകരണത്തിനു വേണ്ടി ശക്തമായ പ്രബോധനങ്ങൾ നല്കിയ വി. പത്താം പീയൂസ് മാർപ്പാപ്പ വിശുദ്ധ സംഗീതത്തിന്റെ ലക്ഷ്യമായി ചൂണ്ടിക്കാണിക്കുന്നത് മനുഷ്യരുടെ ആത്മാക്കളെ ദൈവ ത്തിലേക്കുയർത്തുകയും സഭയുടെ വിശുദ്ധ രഹസ്യങ്ങളുടെ ആഘോഷത്തിൽ സജീവമായ പങ്കാളിത്തം വഹിക്കാൻ വിശ്വാസികളെ സഹായിക്കുകയും ചെയ്യുക എന്നതാണ്. രണ്ടാം വത്തിക്കാൻ കൗൺസിലും അതിനോടു ചേർന്ന് ആരാധനക്രമത്തിന്റെ പൊതുലക്ഷ്യമായ ദൈവത്തെ മഹ ത്വപ്പെടുത്തലിലും വിശ്വാസികളുടെ വിശുദ്ധീകരണത്തിലും ആരാധനക്രമസംഗീതം പങ്കുചേരുന്നു എന്ന് വിശദീകരി ക്കുന്നു (ആരാധനക്രമം - 10). സാർവത്രിക സഭയുടെ ആരാ ധനക്രമസംഗീത പാരമ്പര്യം മറ്റേതു കലാരൂപങ്ങളേയുംകാൾ വിലമതിക്കാനാവാത്തതാണ്. കാരണം വിശുദ്ധ സംഗീതം ആരാധനക്രമത്തിലെ വാക്കുകളോടു ചേരുമ്പോൾ അത് ആഘോഷമായ ദൈവാരാധനയുടെ അവിഭാജ്യഘടകമായി മാറുന്നു. ഏതൊരു കലയും വിശുദ്ധ കലയായി രൂപാന്തര പ്പെടുന്നത് അത് എല്ലാ കലകളുടെയും ഉറവിടമായ ദൈവ ത്തിനു സമർപ്പിക്കപ്പെടുകയും ദൈവാരാധനയ്ക്ക് ഉപയോ ഗിക്കപ്പെടുകയും ചെയ്യുമ്പോഴാണ്. സംഗീതത്തെ വിശുദ്ധ സംഗീതമാക്കി മാറ്റുന്നതും ഈയൊരു നിയോഗമാണ്. ആരാ ധനക്രമസംഗീതം വി. ഗ്രന്ഥത്തിന്റെ ശ്രുതിമധുരമായ വ്യാഖ്യാനമാണെന്നു സഭ പഠിപ്പിക്കുമ്പോൾ അതെത്രമാത്രം വിശുദ്ധമായി പരിഗണിക്കപ്പെടേണ്ടതാണെന്ന് നമുക്കു ബോദ്ധ്യപ്പെടുകയാണ്.

ദൈവാരാധയിൽ സവിശേഷമായ പങ്കുവഹിക്കുകയും വിശ്വാസികളുടെ ഹൃദയങ്ങളെ ദൈവത്തിലേയ്ക്കുയർത്തുകയും ചെയ്യുന്ന ആരാധനക്രമസംഗീതം ആലപിക്കാൻ നേതൃത്വം നൽകേണ്ടതിന് പ്രത്യേകമായി പരിശീലിപ്പിക്കപ്പെട്ട ഗായകസംഘം ഓരോ പള്ളികൾക്കുമുണ്ടാകണമെന്നും തങ്ങൾ ചെയ്യുന്ന ശുശ്രൂഷയുടെ മഹത്വവും വിശുദ്ധിയും മനസ്സിലാക്കി തികഞ്ഞ ഗൗരവത്തോടെ അവർ ആ ദൗത്യം നിർവഹിക്കണമെന്നും മാർപാപ്പാമാർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും ഈ മേഖലയിലുണ്ടാകുന്ന കുറവുകളെ അവർ കാലാകാലങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. ആരാധനക്രമത്തിൽ ആധുനിക രീതികളുടെയും പ്രാദേശികഭാഷയുടെയും ഉപയോഗം ആരാധനക്രമസംഗീതത്തിന്റെ ഭാഷയിലും രൂപത്തിലും രീതിയിലും പലതരത്തിലുള്ള അപചയങ്ങൾ വരുത്തിയിട്ടുണ്ടെന്ന് ഫ്രാൻസീസ് മാർപ്പാപ്പാ സൂചിപ്പിച്ചത് അടുത്ത നാളുകളിലാണ്.

ഈ ചിന്തകളുടെയെല്ലാം അടിസ്ഥാനത്തിൽ നമ്മുടെ രൂപതയിൽ ആരാധനക്രമസംഗീത മേഖലയിലും ഗായകസംഘങ്ങളുടെ പരിശീലന മേഖലയിലും കൂടുതൽ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കാൻ ആഗ്രഹിക്കുകയാണ്. രൂപതാ ലിറ്റർജിക്കൽ ഡിപ്പാർട്ടുമെന്റിനോടനുബന്ധിച്ച് ഒരു വൈദികനെ അതിന്റെ ഉത്തരവാദിത്വമേൽപ്പിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ആരാധനക്രമസംഗീതത്തെക്കുറിച്ചുള്ള ശരിയായ അവബോധത്തിന്റെ കുറവും ആരാധനക്രമാനുഷ്ഠാനങ്ങളിൽ സ്വർഗ്ഗീയ ദൂതന്മാരുടെ സ്ഥാനത്തുനിന്ന് ഗായകസംഘങ്ങൾ നിർവ്വഹിക്കുന്ന ശുശ്രൂഷാപദവിയെക്കുറി

ച്ചുള്ള അജ്ഞതയും നമ്മുടെ ആരാധനാഘോഷങ്ങളെ പര തരത്തിലുമുള്ള കുറവുള്ളതാക്കി മാറ്റുന്നുണ്ട്. ആരാധനക്രമ വത്സരത്തിന്റെ ചൈതന്യത്തോട് യോജിക്കാത്ത ഗാനങ്ങളും വിശുദ്ധ കുർബാനയിൽ ആലപിക്കുന്ന രീതിയും നില നിൽക്കുന്നുണ്ട്. അവയ്ക്കെല്ലാം പരിഹാരമാകുന്ന വിധത്തിൽ പുതിയ പ്രവർത്തനങ്ങൾ ഫലപ്രദമായിത്തീരുമെന്ന് പ്രതീ ക്ഷിക്കുന്നു. സംഘമായി ഗാനങ്ങൾ ആലപിക്കുന്ന രീതിയും സംഗീതോപകരണങ്ങളുടെ മിതമായ ഉപയോഗശൈലിയു മെല്ലാം നമ്മൾ പരിശീലിക്കേണ്ടിയിരിക്കുന്നു. ആരാധനക്ര മാനുഷ്ഠാനങ്ങളിൽ ഗായകസംഘം വെറും പാട്ടുകാർ അല്ലെന്നും കാർമ്മികനെപ്പോലെയും ഡീക്കന്മാരെപ്പോലെയും സവിശേഷമായ പങ്കുവഹിക്കുന്ന ശുശ്രൂഷകരാണെന്നുമുള്ള ബോദ്ധ്യത്തിൽ തങ്ങളുടെ കടമ നിർവഹിക്കാൻ കഴിയുന്ന വിധത്തിൽ അവർ പരിശീലിപ്പിക്കപ്പെടണം. വിവിധ തലങ്ങ ളിൽ ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്ന പരിശീലനപരിപാടി കളിൽ എല്ലാവരും സഹകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വ്യത്യസ്ത ഇടവകകളിൽ നിന്ന് അംഗങ്ങളെ ഉൾപ്പെടുത്തി രൂപതാ ഗായകസംഘത്തിനു രൂപം കൊടുക്കുകയും കുട്ടി കൾ മുതലുള്ളവർക്ക് ഉപകരണസംഗീതത്തിൽ പരിശീലനം നൽകുകയുമൊക്കെ ചെയ്ത് ആ മേഖലയെ കൂടുതൽ സജീ വമാക്കാൻ കഴിയണം.

ഈ അവസരത്തിൽ സഭയിലെ വി. കുർബാനയർപ്പണ ശൈലികൾക്ക് ഏകീകരണം ഉണ്ടാകണമെന്ന ലക്ഷ്യത്തോടെ സീറോ മലബാർ സഭയുടെ സിനഡിന്റെ ആവശ്യപ്രകാരം സഭയിലെ മല്പാനായ ബഹു. മാത്യു വെള്ളാനിക്കൽ അച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കിയതും സുറിയാനി

ശൈലിയിലുള്ളതുമായ കുർബാന ചാന്റ് രീതി അച്ചന്മാരും ഗായകസംഘവും പരിശീലിക്കുകയും വി. കുർബാനയർപ്പണം കൂടുതൽ സജീവമാക്കുകയും ചെയ്യാൻ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

അതോടൊപ്പം കാഞ്ഞിരപ്പള്ളി രൂപതയിലെ ഉപയോഗത്തിന് വി. കുർബാനയുടെ പാശ്ചാത്യ സുറിയാനി സംഗീതശൈലിയിലുള്ള ലളിതമായ ഈണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. സംഘമായി പാടാൻ സാധിക്കുന്നതും സംഗീതോപകരണങ്ങൾ മിതമായി മാത്രം ഉപയോഗിച്ചിരിക്കുന്നതുമായ ഈ ഈണങ്ങൾ കൂടുതൽ സജീവമായ വി. കുർബാനയർപ്പണങ്ങൾക്കു സഹായിക്കുമെന്നു കരുതുന്നു. ആരാധനക്രമസംഗീതത്തിന്റെ പ്രാധാന്യം മനസിലാക്കി രൂപതയിലെ എല്ലാ വൈദികരും ഗായകസംഘങ്ങളും വിശ്വാസികളും പുതിയ പ്രവർത്തനങ്ങളോടു സഹകരിച്ച് ദൈവാരാധന കൂടുതൽ തീക്ഷ്ണവും ഫലദായകവുമാക്കാൻ ഇടവരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവർഷം ആശംസിച്ചുകൊണ്ട്

**മാർ മാത്യു അറയ്ക്കൽ**
**കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാൻ**

കാഞ്ഞിരപ്പള്ളി
27.12.2019

NB : ഈ സർക്കുലർ 2020 ജനുവരി 26-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. ദനഹാത്തിരുനാൾ – ജനുവരി 6**

നമ്മുടെ കർത്താവീശോമിശിഹായുടെ പ്രത്യക്ഷീകരണത്തിരുനാൾ (മാമ്മോദീസാത്തിരുനാൾ – കടമുള്ള ദിവസം) സമുചിതമായി ആഘോഷിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്മാർ ചെയ്യേണ്ടതാണ്.

**2. സീറോമലബാർ പ്രേഷിത വാരാചരണം**

സീറോ മലബാർ മിഷൻ വാരമായി 2020 ജനുവരി 6 മുതൽ 12 വരെ ആഘോഷിക്കുകയാണ്. 2020 ജനുവരി 12–ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച പ്രേഷിതപ്രവർത്തനത്തിനായി നൽകേണ്ടതിനാൽ പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 31 നു മുമ്പായി രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.

**3. സഭൈക്യവാരം ജനുവരി 18 – 25**

ജനുവരി 18 മുതൽ 25 വരെ സഭൈക്യവാര പ്രാർത്ഥന നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും നടത്തേണ്ടതാണ്. ഇതിനു സഹായകരമായ പ്രാർത്ഥനകൾ പ്രോപ്രിയ പുസ്തകത്തിൽ (286 മുതൽ 289 വരെ പേജുകളിൽ) നൽകിയിട്ടുണ്ട്. ഈ പ്രാർത്ഥനകൾ ജനുവരി 18 മുതൽ 25 വരെ ഉപയോഗിക്കാനും എക്യുമെനിക്കൽ മനോഭാവത്തിൽ പ്രവർത്തിക്കുവാനും എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**4. മാസധ്യാനവും വൈദികസമ്മേളനവും**

ലോറേഞ്ചിലെ വൈദികരുടെ മാസധ്യാനം 2020 ജനുവരി 21–ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി കത്തീദ്രൽ പള്ളിയിൽ വച്ചും ഹൈറേഞ്ചിലെ വൈദികരുടെ മാസ

ധ്യാനം **അന്നേദിവസം ( 2020 ജനുവരി 21) വൈകിട്ട് 5 മണിക്ക് അണക്കര P.A.C.-യിൽ വച്ചും നടത്തുന്നതാണ്.** എല്ലാ വൈദികരും മാസധ്യാനത്തിലും വൈദിക സമ്മേളനത്തിലും പങ്കെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**5. 2019-2020 വർഷത്തെ കണക്ക്**

2019-2020-ലെ കണക്ക് പ്രസിദ്ധപ്പെടുത്തേണ്ടതുള്ളതുകൊണ്ട് 2020 ഫെബ്രുവരി 15-ന് മുമ്പായി രൂപതയിൽ അടയ്ക്കാനുള്ള കുടിശ്ശികയും 2019-20 ലെ പ്രത്യേക പിരിവുകളും ഉടൻ അടച്ചുതീർക്കണമെന്ന് താല്പര്യപ്പെടുന്നു.

**6. Appointment**

Rev. Fr. Pannalakunnel Joseph - Vicar, Elappara

**Relieved**

Rev. Fr. Paikkara Kuruvila - Vicar, Elappara (On study leave, Bangalore)



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: സഭയുടെ വിശ്വാസത്തിന്റെ ശുശ്രൂഷകൻ
### (തിരുവചനഭാഗം: ശ്ലീഹ 24,1-27)

പൗലോസ് ദേശാധിപനായ ഫെലിക്സിനു മുമ്പിൽ കുറ്റാരോപണത്തിനു വിധേയനാകുന്നതും അതിനു പൗലോസ് മറുപടി നല്കുന്നതുമായ ഭാഗമാണ് ഈ വചനഭാഗം. പ്രധാനപുരോഹിതനും അഭിഭാഷകനായ തെർത്തുളൂസുംകൂടെ ഫെലിക്സിന്റെ പക്കൽ ഔദ്യോഗികമായി പൗലോസിനെതിരെ പരാതി നല്കുന്നു. പൗലോസ് അതിനു മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ ഫെലിക്സ് വിസ്താരം മാറ്റിവയ്ക്കുകയും പൗലോസിനെ തടവിൽ സൂക്ഷിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം ഇപ്രകാരം വിഭജിക്കാം:

1. പൗലോസിനെതിരെ കുറ്റാരോപണം (24,1-9)
2. പൗലോസ് ആരോപണം നിഷേധിക്കുന്നു (24,10-13)
3. പൗലോസ് തന്റെ നിലപാടു വിശദീകരിക്കുന്നു (24,14-21)
4. വിസ്താരം മാറ്റിവയ്ക്കപ്പെടുന്നു (24,22-23)
5. പൗലോസ് ഫെലിക്സിന്റെ തടങ്കലിൽ (24,24-27)

പൗലോസിന്റെ വിശ്വാസസ്ഥൈര്യമാണ് ഈ ന്യായവാദത്തിൽ പ്രകടമാകുന്നത്. പുരോഹിതൻ 'വിശ്വാസികളുടെ സമൂഹ'മായ (ശ്ലീഹ 4,32) സഭയുടെ ശുശ്രൂഷകനാണ്. സഭാംഗങ്ങളെ വിശ്വാസത്തിൽ പരിശീലിപ്പിക്കേണ്ടവനാണ്. അതുകൊണ്ട് ഈ വചനഭാഗം പുരോഹിതർക്ക് പ്രചോദനാത്മകമാണ്.

### 1. പുരോഹിതൻ: ദൈവപരിപാലനയിൽ വിശ്വസിച്ച് പ്രതിസന്ധികളെ തരണംചെയ്യുന്നവൻ

*"അഞ്ചു ദിവസം കഴിഞ്ഞ് പ്രധാനപുരോഹിതനായ അനനിയാസ് ഏതാനും ജനപ്രമാണികളോടും അഭിഭാഷകനായ തെർത്തുളൂസിനോടുംകൂടെ*

*അവിടെയെത്തി. അവർ ദേശാധിപതിയുടെ മുമ്പാകെ പൗലോസിനെതിരായി പരാതിപ്പെട്ടു. അവനെ കൊണ്ടുവന്നപ്പോൾ തെർത്തുള്ളൂസ് ഇങ്ങനെ കുറ്റാരോപണം തുടങ്ങി: അഭിവന്ദ്യനായ ഫെലിക്സേ, നിന്റെ ഭരണത്തിൽ ഞങ്ങൾ വളരെ സമാധാനം അനുഭവിക്കുന്നു എന്നതും നിന്റെ പരിപാലനംവഴി ഈ ദേശത്ത് പല പരിഷ്കാരങ്ങളും നടപ്പാക്കപ്പെട്ടിരിക്കുന്നു എന്നതും ഞങ്ങൾ എല്ലായിടത്തും എല്ലായ്പ്പോഴും കൃതജ്ഞതാപൂർവ്വം അംഗീകരിക്കുന്നു" (24,1-3).*

പൗലോസിനെ കേസറിയായിലേക്കു വിട്ട അവസരത്തിൽ സൈന്യാധിപൻ യഹൂദന്മാരോട് അവരുടെ പരാതി ഗവർണറുടെ അടുക്കൽ നേരിട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് അഞ്ചു ദിവസങ്ങൾക്കു ശേഷം മഹാപുരോഹിതനും സമുദായനേതാക്കന്മാരിൽ ചിലരും ചേർന്ന് ഒരു അഭിഭാഷകനെയുംകൂട്ടി കേസറിയായിലെത്തി അന്യായം സമർപ്പിച്ചു. സത്യത്തിനു നിരക്കാത്തവിധം ഗവർണറെ ക്രമാതീതമായി പുകഴ്ത്തി അദ്ദേഹത്തിന്റെ ആനുകൂല്യം പിടിച്ചെടുക്കുവാൻ കരുതിക്കൂട്ടി തയ്യാറാക്കിയതായിരുന്നു ആ അന്യായം. പൗലോസിനെതിരായി മൂന്നു പരാതികളാണ് അതിലുന്നയിക്കുന്നത്: 1. റോമാസാമ്രാജ്യത്തിലെങ്ങുമുള്ള യഹൂദജനങ്ങളുടെയിടയിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച് അവരുടെ സ്വൈര്യജീവിതം നശിപ്പിക്കുന്ന ഒരു വിപ്ലവകാരിയാണ് പൗലോസ്. 2. നസ്രായരെന്നറിയപ്പെടുന്ന ഒരു വിഘടിത ജനവിഭാഗത്തിന്റെ പ്രമുഖനേതാവാണ് അയാൾ (24,5). 3. ദേവാലയത്തെ അശുദ്ധമാക്കാൻ അയാൾ ശ്രമിച്ചു (24,6).

ഈ ആരോപണങ്ങളൊന്നും തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല. മൂന്നാമത്തെ പരാതിയുടെ അടിസ്ഥാനം, പട്ടണത്തിൽവച്ച് എഫേസോസുകാരനായ ഒരു വിജാതീയനെ പൗലോസിനോടുകൂടി കണ്ടു എന്നതു മാത്രമായിരുന്നു. പൗലോസ് ഈ സന്ദർഭത്തിൽ ശാന്തമായി വർത്തിക്കുകയും അതോടൊപ്പം ആരോപണങ്ങൾക്ക് മറുപടി പറയാൻ ഒരുങ്ങുകയുമായിരുന്നു. കാരണം, സുവിശേഷപ്രഘോഷണത്തിനു പോകുമ്പോൾ മിശിഹായെപ്രതി നാടുവാഴികളുടെയും രാജാക്കന്മാരുടെയും മുമ്പിലേക്കു നയിക്കപ്പെടുമ്പോൾ "നിങ്ങൾ ആകുലപ്പെടേണ്ടെന്നും, നിങ്ങൾ പറയേണ്ടത് ആ സമയത്ത് നിങ്ങൾക്കു നല്കപ്പെടുമെന്നും, നിങ്ങളിലൂടെ സംസാരിക്കുന്നത് നിങ്ങളുടെ പിതാവിന്റെ ആത്മാവായിരിക്കു"മെന്നും (മത്താ 10,19-20) പൗലോസിനറിയാമായിരുന്നു. അതുകൊണ്ട് ഇപ്രകാരമുള്ള പ്രതിസന്ധികളിലൂടെ കടന്നുപോകുമ്പോൾ പുരോഹിതനും, ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് അവയെ ശാന്തമായി നേരിടുവാൻ പഠിക്കണം.

## 2. പുരോഹിതൻ: നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുന്നവൻ

*"ദൈവത്തിന്റെയും മനുഷ്യരുടെയുംനേർക്ക് എല്ലായ്പ്പോഴും, നിഷ്കള ങ്കമായ മനസ്സാക്ഷി പുലർത്താൻ ഞാൻ അത്യന്തം ശ്രദ്ധാലുവാണ്. വളരെ വർഷങ്ങൾക്കുശേഷം ഞാൻ വന്നത് എന്റെ ജനത്തിന് ദാനധർമ്മങ്ങൾ എത്തി ക്കാനും കാഴ്ചകൾ സമർപ്പിക്കാനുമാണ്. ഞാൻ അതു നിർവഹിക്കുന്നതിനി ടയിൽ ശുദ്ധീകരണം കഴിഞ്ഞ് ദൈവാലയത്തിലായിരിക്കുമ്പോഴാണ് ഇവർ എന്നെ കണ്ടത്. എന്റെകൂടെ ജനക്കൂട്ടമൊന്നും ഇല്ലായിരുന്നു; ബഹളമൊന്നും ഉണ്ടായതുമില്ല"* (24,16-18).

പൗലോസ് തന്റെ മറുപടിയിൽ പ്രത്യേകം എടുത്തുപറയുന്ന ഒരു കാര്യം താൻ ദൈവത്തിന്റെയും മനുഷ്യരുടെയുംമുമ്പിൽ തന്റെ മനസ്സാക്ഷി ശുദ്ധമാ യിരിക്കാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളതാണ്. നല്ല മനസ്സാക്ഷി ശരിയായ വിശ്വാസത്തിൽനിന്നും രൂപംകൊള്ളുന്ന ഒന്നാണ്. മനു ഷ്യരുടെ പ്രവർത്തനങ്ങളുടെയെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് അവരുടെ മനസ്സാക്ഷിയാണ്. ശരിയും തെറ്റും വിവേചിച്ചറിയാൻ കഴിവുള്ളത് മനുഷ്യനു മാത്രമാണ്. തന്റെ മനസ്സാക്ഷിക്ക് അനുസൃതമായിട്ടാണ് ഓരോ മനുഷ്യനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നല്ല മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃ ത്തികളും നല്ലതായിരിക്കും. ചീത്ത മനസ്സാക്ഷിയാണെങ്കിൽ അയാളുടെ പ്രവൃ ത്തികളും ചീത്തയായിരിക്കും.

മനസ്സാക്ഷിക്ക് ശരിയായ രൂപീകരണം കൊടുക്കേണ്ടത് ആവശ്യമാണ്. അതിനനുസൃതമായിട്ടാണ് അതു നല്ലതും ചീത്തയുമാകുന്നത്. അതു രൂപ പ്പെടുത്തുന്നതിന് ഒരു മാനദണ്ഡമുണ്ട്. അതു പ്രധാനമായും അയാളുടെ മതപരമായ വിശ്വാസമാണ്. തന്റെ വിശ്വാസത്തിനു പ്രാധാന്യം കൊടുത്തു ജീവിച്ചതുകൊണ്ടാണ് പൗലോസിന് നല്ല മനസ്സാക്ഷിയോടെ ജീവിക്കുവാൻ സാധിച്ചത്. ഈ വിശ്വാസത്തിന്റെ ആധികാരികതയെപ്പറ്റിയാണ് അതിനു തൊട്ടു മുമ്പേ പൗലോസ് പറയുന്നത്: "നിയമത്തിലും പ്രവചനഗ്രന്ഥങ്ങളിലും എഴു തപ്പെട്ടിരിക്കുന്നവയെല്ലാം ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു" (24,14). യഹൂ ദർ വിശ്വസിക്കുന്ന പഴയനിയമവും പ്രവാചകന്മാരും അതിന്റെ പൂർണ്ണത കണ്ടെ ത്തുന്നത് ക്രിസ്തീയവിശ്വാസത്തിലാണെന്നും അതിൻപ്രകാരം രൂപപ്പെടുത്ത പ്പെട്ട നല്ല മനസ്സാക്ഷിയോടെയാണ് താൻ ജീവിക്കുന്നതെന്നുമാണ് പൗലോസ് അവകാശപ്പെടുന്നത്. പുരോഹിതൻ ക്രിസ്തീയവിശ്വാസത്തിന്റെ വെളിച്ചത്തിൽ രൂപപ്പെടുത്തപ്പെട്ട മനസ്സാക്ഷിയുള്ളവനും, അപ്രകാരമുള്ള മനസ്സാക്ഷിയുള്ള വരാകുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും ചെയ്യുന്നവനാകണം.

### 3. പുരോഹിതൻ: ഉത്ഥാനത്തിൽ വിശ്വസിക്കുന്നവൻ

"*എന്നാൽ അവിടെ ഏഷ്യക്കാരായ ചില യഹൂദന്മാരുണ്ടായിരുന്നു. അവർക്ക് എന്റെ പേരിൽ എന്തെങ്കിലും പരാതിയുണ്ടായിരുന്നെങ്കിൽ അവർ നിന്റെ മുമ്പിലെത്തി അതു സമർപ്പിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ ഞാൻ ആലോചനാസമൂഹത്തിന്റെ മുമ്പാകെ നിന്നപ്പോൾ എന്തുകുറ്റമാണ് എന്നിൽ കണ്ടെതെന്ന് ഈ നില്ക്കുന്നവർ പറയട്ടെ. മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നതെന്ന് അവരുടെ നടുക്കു നിന്നപ്പോൾ വിളിച്ചു പറഞ്ഞതൊഴികെ മറ്റൊരു കുറ്റവും ഞാൻ ചെയ്തിട്ടില്ല*" (24,19-21).

യഹൂദ അഭിഭാഷകൻ തനിക്കെതിരായി ഉയർത്തിയ ആരോപണങ്ങൾക്ക് പൗലോസ് മറുപടി പറയുന്നു. വെറും പന്ത്രണ്ടു ദിവസങ്ങൾക്കു മുമ്പാണ് പൗലോസ് ജറുസലേമിൽ എത്തിയത്. അതിൽ അഞ്ചു ദിവസം കേസറിയായിൽ ആയിരുന്നു. ബാക്കി ഏഴു ദിവസമേ അദ്ദേഹം ജറുസലേമിൽ ഉണ്ടായിരുന്നുള്ളു. ആ ചെറിയ കാലയളവിൽ നടന്ന കാര്യങ്ങൾ എളുപ്പത്തിൽ അന്വേഷിക്കാവുന്നതാണ്. താൻ ഒരിടത്തും പ്രക്ഷോഭണം ഉണ്ടാക്കിയിട്ടില്ല. താൻ നസ്രായരുടെ കൊള്ളത്തലവനാണെന്ന് പറയുന്നതിൽ കഴമ്പില്ല. യഹൂദമതത്തിന്റെ ഒരു ഭാഗമായ ക്രിസ്തുമതത്തിന്റെ അനുയായി എന്ന നിലയിലാണ് യഹൂദരെല്ലാം ആരാധിക്കുന്ന ദൈവത്തെ താൻ ആരാധിക്കുന്നതെന്നും പൗലോസ് ബോധിപ്പിച്ചു. യഹൂദനിയമത്തിലും പ്രവാചകന്മാരിലും എഴുതപ്പെട്ടതെല്ലാം പൗലോസും വിശ്വസിക്കുന്നുണ്ട്. യഹൂദരുടെയിടയിലെ ഫരിസേയരെപ്പോലെ പൗലോസ് ഉൾപ്പെട്ട ക്രൈസ്തവരും ദുഷ്ടരുടെയും ശിഷ്ടരുടെയും ഉത്ഥാനത്തിൽ വിശ്വസിക്കുന്നവരാണ് (24,11-15).

"മരിച്ചവരുടെ പുനരുത്ഥാനം സംബന്ധിച്ചാണ് ഇന്ന് നിങ്ങളുടെ മുമ്പിൽ ഞാൻ വിസ്തരിക്കപ്പെടുന്നത്" (24,21) എന്ന് പൗലോസ് പ്രത്യേകം എടുത്തുപറയുന്നു. ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനംതന്നെ മിശിഹായുടെ ഉത്ഥാനവും മരിച്ചവരുടെ പുനരുത്ഥാനവുമാണ്. "മരിച്ചവർക്കു പുനരുത്ഥാനം ഇല്ലെങ്കിൽ മിശിഹായും ഉയിർപ്പിക്കപ്പെട്ടിട്ടില്ല. മിശിഹാ ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊറി 15,13-14). ഉത്ഥാനത്തിലും അന്ത്യാത്മകയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കാത്ത ഒരു പ്രതിഭാസം ഇന്നു സഭാംഗങ്ങളിൽപോലും കാണപ്പെടുന്നുണ്ട്. ആദ്ധ്യാത്മികാനുഭവങ്ങൾ പലർക്കും ഭൗതികസുസ്ഥിതിയെ പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളായി പരിണമിക്കുന്നുമുണ്ട്. സുവിശേഷപ്രഘോഷകർപോലും ക്രൈസ്തവ

ജീവിതത്തിന്റെ അന്ത്യാത്മകമാനങ്ങൾ വിസ്മരിക്കുന്നു. അതുകൊണ്ട് പുരോഹിതൻ ഉത്ഥാനത്തിൽ വിശ്വസിക്കുന്നവനും അന്ത്യാത്മകയാഥാർത്ഥ്യങ്ങൾ പ്രഘോഷിക്കുന്നവനുമാകണം.

**4. പുരോഹിതൻ: അനുദിന കുരിശുകൾ ശക്തിയാക്കി മാറ്റുന്നവൻ**

*"മാർഗ്ഗത്തെക്കുറിച്ച് കൂടുതൽ നന്നായി അറിയാമായിരുന്ന ഫെലിക്സ് സാകട്ടെ, സഹസ്രാധിപനായ ലീസിയാസ് വന്നിട്ട് നിങ്ങളുടെ കാര്യം ഞാൻ തീരുമാനിക്കാം എന്നു പറഞ്ഞുകൊണ്ട് വിസ്താരം മറ്റൊരവസരത്തിലേക്കു മാറ്റി വച്ചു. അവനെ തടവിൽ സൂക്ഷിക്കണമെന്നും, എന്നാൽ കുറേയൊക്കെ സ്വാതന്ത്ര്യം അനുവദിക്കണമെന്നും സ്വന്തക്കാരിലാരെയും അവനെ പരിചരിക്കുന്നതിൽനിന്ന് തടയരുതെന്നും അവൻ ശതാധിപന് കല്പന കൊടുത്തു"* (24,22-23).

ആ ദിവസത്തെ കോടതിക്രമം പൂർത്തിയായി. എന്നാൽ ന്യായാധിപനായ ഗവർണർ വാദം പൂർത്തിയാക്കി വിധി പറഞ്ഞില്ല. അതിനുപകരം പട്ടാള അധികാരി ലീസിയാസ് വരുന്നതുവരെ വിധി പറയുന്നത് മാറ്റിവയ്ക്കുകയാണുണ്ടായത്. അതിനുശേഷം താൻ വിധി പറയാമെന്നാണ് അദ്ദേഹം പ്രസ്താവിച്ചത്. അതോടൊപ്പം പൗലോസിനെ സംബന്ധിച്ച ഒരു കല്പനയും കൊടുത്തു: അദ്ദേഹത്തെ സുരക്ഷിതമായി കാക്കണം; അദ്ദേഹത്തിന് അല്പം സ്വാതന്ത്ര്യം കൊടുക്കണം; അദ്ദേഹത്തിന്റെ ആവശ്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽനിന്ന് സുഹൃത്തുക്കളെ വിലക്കരുത്. അങ്ങനെ രണ്ടു വർഷത്തിലധികം നീണ്ടുനില്ക്കുന്ന കാരാഗൃഹവാസം അവിടെ ആരംഭിച്ചു.

പൗലോസിനെതിരെ ഒരു ആരോപണവും തെളിയിക്കാൻ യഹൂദനേതാക്കന്മാർക്കു കഴിയാതിരുന്നതിനാൽ യാതൊരു തടസ്സവും കൂടാതെ ഗവർണർക്ക് പൗലോസിനെ കാരാഗൃഹത്തിൽനിന്നു സ്വതന്ത്രനാക്കാമായിരുന്നു. പക്ഷേ, അയാൾ അങ്ങനെ ചെയ്തില്ല. ഇപ്രകാരം അന്യായമായ രീതിയിൽ തടവുശിക്ഷ അനുഭവിച്ചപ്പോഴും പൗലോസ് തന്റെ വിശ്വാസം കാത്തുസൂക്ഷിച്ചു. പൗലോസിന്റെ കാഴ്ചപ്പാടിൽ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട മിശിഹാ, വിളിക്കപ്പെട്ടവർക്ക് ദൈവത്തിന്റെ ശക്തിയും ദൈവത്തിന്റെ ജ്ഞാനവുമാണ് (1 കൊറി 1,23-24). പുരോഹിതൻ ഇപ്രകാരം മറ്റുള്ളവരുടെ മാനുഷികതാല്പര്യങ്ങളുടെ ഫലമായി ഉണ്ടാകുന്ന അനുദിന കുരിശുകൾ വഹിക്കേണ്ടവനാണ്. അപ്രകാരമുള്ള കുരിശുകളെ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ പുരോഹിതനു കഴിയണം.

### 5. പുരോഹിതൻ: സഭാവിശ്വാസത്തിനു സാക്ഷ്യം വഹിക്കുന്നവൻ

*"കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫെലിക്സ്, യഹൂദയായ ഭാര്യ ദ്രൂസില്ലായോടൊപ്പം വന്ന് പൗലോസിനെ വിളിപ്പിച്ച് ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അവനിൽനിന്നു കേട്ടു. അവൻ നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചപ്പോൾ ഫെലിക്സ് ഭയപ്പെട്ട് ഇങ്ങനെ പറഞ്ഞു: തല്ക്കാലം നീ പൊയ്ക്കൊള്ളുക. ഇനിയും എനിക്കു സമയമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം"* (24,24-25).

ലീസിയാസ് വരുമ്പോൾ താൻ ഇക്കാര്യത്തിൽ ഒരു വിധി പറയാം എന്ന് ന്യായാധിപനായ ഗവർണർ പറഞ്ഞിരുന്നുവെങ്കിലും (24,22) അയാൾ തന്റെ വാക്കു പാലിച്ചില്ല. വിധി പറയൽ നീട്ടിക്കൊണ്ടു പോവുകയും രണ്ടു വർഷത്തിലധികം, ചെയ്യാത്ത കുറ്റത്തിന്, പൗലോസ് തടങ്കലിൽ കഴിയുകയും ചെയ്തു. തന്റെ കാലാവധി കഴിഞ്ഞ് ഫെലിക്സ് കേസറിയാ വിട്ടു പോയപ്പോൾപ്പോലും അയാൾ പൗലോസിനെ സ്വതന്ത്രനാക്കിയില്ല. അതിനു രണ്ടാമതൊരു കാരണവുംകൂടി ലൂക്കാ ഇവിടെ രേഖപ്പെടുത്തുന്നുണ്ട്: "യഹൂദരോടു ആനുകൂല്യം കാണിക്കാൻ ആഗ്രഹിച്ചതിനാൽ ഫെലിക്സ് പൗലോസിനെ തടവുകാരനായിത്തന്നെ വിട്ടിട്ടുപോയി" (24,27).

ഈ രണ്ടു വർഷക്കാലം പൗലോസ് തടവിലായിരുന്നപ്പോൾ ഫെലിക്സും ഭാര്യ ദ്രൂസില്ലായും വന്ന് പൗലോസിനെ വിളിപ്പിച്ച് ഈശോമിശിഹായിലുള്ള വിശ്വാസത്തെക്കുറിച്ച് അയാളിൽനിന്നു കേൾക്കുമായിരുന്നു (24,24). 'ദ്രൂസില്ലാ' ഫെലിക്സ് അന്യായമായി കൂടെകൊണ്ടു നടന്നിരുന്ന ഭാര്യയായിരുന്നു. അതുകൊണ്ടായിരിക്കാം പൗലോസ് അയാളോട് നീതിയെക്കുറിച്ചും ആത്മനിയന്ത്രണത്തെക്കുറിച്ചും വരാനിരിക്കുന്ന ന്യായവിധിയെക്കുറിച്ചും സംസാരിച്ചതും, അതുകേട്ടപ്പോൾ ഫെലിക്സ് ഭയപ്പെട്ടതും (24,25). ഇതിനു സമാനമായ ഒരു സംഭവം സ്നാപകയോഹന്നാനും ഹേറോദേസ് അന്തിപ്പാസും തമ്മിലുള്ള കണ്ടുമുട്ടലിലും സംഭവിച്ചതായി വി. മർക്കോസ് രേഖപ്പെടുത്തുന്നുണ്ടല്ലോ (മർക്കോ 6,17-20). ഏതായാലും ഇതിൽനിന്നും നാം മനസ്സിലാക്കുന്നത് പ്രതികൂല സാഹചര്യങ്ങളിലും പൗലോസ് സഭയുടെ വിശ്വാസം കാത്തുസൂക്ഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്തുവെന്നാണ്. ഇതിനു സമാനമായ സാഹചര്യങ്ങൾ പുരോഹിതനുമുണ്ടാകാം. അപ്പോഴെല്ലാം ധൈര്യപൂർവ്വം വിശ്വാസത്തിനു സാക്ഷ്യം നല്കാൻ പുരോഹിതനു കഴിയണം.



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ഇമ്മാനുവേൽ മങ്കന്താനം (Jr.) | 60,000/- |
| റവ. ഫാ. സണ്ണി മണിയാക്കുപാറ | 53,450/- |

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**


---

## പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

**ജീവിതസൂചിക**

1. പ്രതിസന്ധികളുടെ മദ്ധ്യേ ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് ശുശ്രൂഷയിൽ വിശ്വസ്തതയോടുകൂടി നിലനില്ക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. ബുദ്ധിമുട്ടുകളുടെയും പ്രയാസങ്ങളുടെയും മദ്ധ്യത്തിൽ നല്ല മനസ്സാക്ഷി കാത്തുസൂക്ഷിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ഉത്ഥാനത്തിലും യുഗാന്തയാഥാർത്ഥ്യങ്ങളിലും വിശ്വസിക്കുവാനും ആ വിശ്വാസം പ്രഘോഷിക്കുവാനും ഞാൻ പരിശ്രമിക്കുന്നുണ്ടോ?
4. അനുദിനജീവിതത്തിലെ കുരിശുകൾ ദൈവത്തിന്റെ ശക്തിയാക്കി മാറ്റുവാൻ എനിക്കു കഴിയുന്നുണ്ടോ?
5. വിപരീതസാഹചര്യങ്ങളിലും സഭയുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ?

# സ്നേഹസ്മരണയ്ക്ക്




**ഫാ. ജോസഫ് മേപ്രക്കരോട്ട്**
(1914 – 26.01.1981)



**ഫാ. ജേക്കബ് പൊട്ടനാനിക്കൽ**
(19.7.1913 – 22.1.1983)



**ഫാ. ജോർജ് പരുവനാനി**
(03.08.1928 – 12.01.1986)



**ഫാ. മാത്യു വയലുങ്കൽ**
(11.4.1911 – 4.1.1987)



**ഫാ. തോമസ് പള്ളിപ്പുറത്തുശ്ശേരി**
(1931 – 13.01.1996)



**ഫാ. ആന്റണി താന്നിക്കൽ**
(10.01.1934 – 26.01.2017)

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശ പദ്ധതി 2020**

ദശാംശ ശേഖരണത്തിനുള്ള കവർ, ദശാംശശേഖരണത്തിനുള്ള ഫോറം, അഭിവന്ദ്യ പിതാവിന്റെ ക്രിസ്തുമസ് സന്ദേശം, കത്ത്, 2018-2019 സാമ്പത്തിക വർഷത്തിൽ കാഞ്ഞിരപ്പള്ളി രൂപത നടത്തിയ ജീവകാരുണ്യ ശുശ്രൂഷകളുടെ കണക്ക് എന്നിവ എല്ലാ കുടുംബങ്ങൾക്കുമായി നമ്മുടെ മുഴുവൻ ഇടവകകളിലും എത്തിച്ചുകഴിഞ്ഞു.

ദശാംശസമാഹരണം ഇനിയും പൂർത്തിയാക്കുവാനുള്ളവർ അത് ഉടൻ പൂർത്തിയാക്കി 2020 ജനുവരി രണ്ടാമത്തെ ആഴ്ചയോടുകൂടി ദശാംശതുകയും പൂരിപ്പിച്ച ഫോറങ്ങളും കൂട്ടായ്മ തിരിച്ച് രൂപതാ പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ എത്തിക്കുന്നതിനു ശ്രദ്ധിക്കുമല്ലോ.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ പതിനായിരത്തിൽ കൂടിയ തുക നേരിട്ട് പണമായി വാങ്ങുന്നതിന് നിയന്ത്രണങ്ങളുള്ളതിനാൽ ദശാംശതുക മേൽപ്പറഞ്ഞ തുകയിൽ കൂടുതലുള്ള ഇടവകകൾ ബാങ്ക് ട്രാൻസ്ഫർ വഴിയോ RTGS വഴിയോ ജീവൻ അക്കൗണ്ടിൽ തുക നിക്ഷേപിക്കുകയും അക്കാര്യം ഫോൺ മുഖേന അറിയിക്കുകയും ചെയ്യുമല്ലോ. ജീവൻ അക്കൗണ്ടുകളുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**Jeevan Account details**

Diocese of Kanjirapally
(Fr. Martin Velliamkulam & Fr. Kuriakose Ambazhathinal)
A/C No. 10310100237040
Federal Bank , Kanjirapally Branch
IFSC - FDRL0001031, Mob: 96 45 67 4443.

ഇടവകയിൽനിന്നും 'ജീവൻ 2020' ഫോറം രൂപതാകേന്ദ്രത്തിൽ തിരിച്ചേൽപ്പിക്കുമ്പോൾ അവ കൂട്ടായ്മകൾ തിരിച്ച്, ലഭിച്ചതുകകൾ കൂട്ടി എഴുതി നൽകണം. അതിനായി കൂട്ടായ്മകളുടെ പേരുകൾ അച്ചടിച്ച ഫോറം വികാരിയച്ചനുള്ള കത്തിന്റെ കൂടെ നൽകിയിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി രൂപത 8-ാമത് ബൈബിൾ കൺവൻഷൻ**

കട്ടപ്പന സെന്റ് ജോർജ് ഫൊറോനാപ്പള്ളി അങ്കണത്തിൽ 2019 ഡിസംബർ 08 മുതൽ 12 വരെ തീയതികളിൽ തിരുവനന്തപുരം മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ ഡയറക്ടർ റവ. ഫാ. പൂവണ്ണത്തിൽ ഡാനിയേൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന ബൈബിൾ കൺവൻഷനിൽ അനേകായിരങ്ങൾ സംബന്ധിച്ച് ആത്മവിശുദ്ധീകരണം പ്രാപിച്ചു.

കൺവൻഷന്റെ പ്രഥമദിനമായ 8-ാം തീയതി രൂപതാ സഹായമെത്രാൻ മാർ ജോസ് പുളിക്കൽ പിതാവ് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കട്ടപ്പന ഫൊറോനയിലെ ബഹു. വൈദികർ സഹകാർമ്മികരായിരുന്നു. 9-ാം തീയതി റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച സീറോ മലങ്കര പരിശുദ്ധ കുർബാനയിൽ കുമളി ഫൊറോനയിലെ ബഹു. വൈദികർ സഹകാർമ്മികരായിരുന്നു. 10-ാം തീയതി ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. അണക്കര ഫൊറോനയിലെ ബഹു. വൈദികർ സഹകാർമ്മികരായിരുന്നു. പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവ് ഡിസംബർ മാസം 11-ാം തീയതി പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും മുണ്ടിയെരുമ ഫൊറോനയിലെ ബഹു. വൈദികർ സഹകാർമ്മികരായി സംബന്ധിക്കുകയും ചെയ്തു.

കൺവൻഷന്റെ സമാപനദിനമായിരുന്ന 12-ാം തീയതി കട്ടപ്പന സെന്റ് ജോർജ് ഫൊറോനാ വികാരി പെരിയ ബഹു. ജേക്കബ് ചാത്തനാട്ട് അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാന

അർപ്പിക്കപ്പെട്ടു. എല്ലാദിവസവും ജപമാലയോടുകൂടി ആരംഭിച്ച ശുശ്രൂഷകൾ, പരിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യ കാരുണ്യ ആരാധന എന്നിവയോടുകൂടി സമാപിച്ചു. കൺവൻഷ നിൽ പങ്കുചേർന്ന് ദൈവാനുഗ്രഹം പ്രാപിക്കുന്നതിന് പതിനായി രക്കണക്കിന് വിശ്വാസികൾ വിവിധ സ്ഥലങ്ങളിൽനിന്ന് കട്ടപ്പന യിലേക്ക് ഒഴുകിയെത്തി. അനേകർക്ക് ആത്മീയ ഉണർവ് പകർന്ന ദിനങ്ങളായിരുന്നു കൺവൻഷൻ ദിനങ്ങൾ.


കട്ടപ്പന ഫൊറോനാ വികാരിയും ബൈബിൾ കൺവൻഷന്റെ ജനറൽ കൺവീനറുമായിരുന്ന പെരിയ ബഹു. ജേക്കബ് ചാത്ത നാട്ടച്ചന്റെ നേതൃത്വത്തിൽ ഹൈറേഞ്ചിലെ വൈദികരും അൽമാ യരും സംയുക്തമായി കൺവൻഷന് നേതൃത്വം നൽകി.

കൺവൻഷൻ ദൈവാനുഗ്രഹപ്രദവും അനുഭവപരവുമായി ത്തീർക്കുന്നതിന് അത്യദ്ധ്വാനം ചെയ്ത എല്ലാവർക്കും ബഹു. വൈദി കർക്കും സിസ്റ്റേഴ്സിനും വോളണ്ടിയർമാർക്കും അൽമായ സഹോ ദരങ്ങൾക്കും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. കൺവൻഷന്റെ ക്രമീകരണങ്ങൾക്കുവേണ്ടി രാപകലില്ലാതെ അദ്ധ്വാനിച്ച എല്ലാവ രേയും പ്രത്യേകമായി കട്ടപ്പന ഫൊറോനാ വികാരിയേയും, അസി സ്റ്റന്റ് വികാരിമാരേയും, വോളണ്ടിയർമാരേയും, കട്ടപ്പന ഇടവകാം ഗങ്ങളെയും പ്രത്യേകിച്ച് കൈക്കാരന്മാർ, പ്രതിനിധി യോഗാംഗങ്ങൾ, കുടുംബക്കൂട്ടായ്മാ ഭാരവാഹികൾ എന്നിവരേയും നന്ദിയോടെ ഓർക്കുന്നു.

ബൈബിൾ കൺവൻഷനിൽ സ്തോത്രക്കാഴ്ചയായി ആകെ ലഭിച്ച തുക 17,36,075 രൂപയാണ്.

സഹകരിച്ച എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥി ക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

**ഫാ. കുര്യാക്കോസ് അമ്പഴത്തിനാൽ**
**ഡയറക്ടർ**




# സഭൈക്യവാരാചരണം – 2020

## 2020 ജനുവരി 18 – 25

'അസാധാരണമായ കാരുണ്യം' എന്ന വിഷയത്തെ അധികരിച്ചാണ് 2020 ലെ സഭൈക്യവാര പ്രാർത്ഥനകൾ (നടപടി 28, 2). ശ്ലീഹന്മാരുടെ നടപടി പുസ്തകം 27, 18 മുതൽ 28, 10 വരെയുള്ള തിരുവചനഭാഗത്തെ ആസ്പദമാക്കിയാണ് അഷ്ഠദിന പ്രാർത്ഥനകളും വിചിന്തനങ്ങളും ക്രമീകരിച്ചിരിക്കുന്നത്. പൗലോസ് ശ്ലീഹായെ തടവുകാരനായി റോമിലേക്ക് കൊണ്ടുപോകുമ്പോൾ മാൾട്ടയിൽവച്ച് കപ്പലപകടത്തിൽപെടുന്നതും ദൈവിക പരിപാലന എല്ലാവർക്കും അനുഭവവേദ്യമാകുന്നതിന്റെയും വെളിച്ചത്തിൽ 'അസാധാരണമായ കാരുണ്യം' എന്ന വിഷയം കേന്ദ്രമാക്കി ഓരോ ദിവസത്തെയും വിചിന്തനങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു.

**2020 ജനുവരി 18 ശനി**

: **അനുരഞ്ജനം:** (നടപടി 27, 18-19.21)

**2020 ജനുവരി 19 ഞായർ**

: **പ്രബുദ്ധത: മിശിഹായുടെ പ്രകാശത്തിൽ:**(നടപടി 27, 20)

**2020 ജനുവരി 20 തിങ്കൾ**

: **പ്രത്യാശ:**(നടപടി 27, 22:34)

**2020 ജനുവരി 21 ചൊവ്വ**

: **ആശ്രയത്വം :** (നടപടി 27, 23:26)

**2020 ജനുവരി 22 ബുധൻ**

: **ബലം :** (നടപടി 27, 33:36)

**2020 ജനുവരി 23 വ്യാഴം**

**: ആതിഥേയത്വം :** (നടപടി 28, 1-2.7)

**2020 ജനുവരി 24 വെള്ളി**

**: മാനസാന്തരം :** (നടപടി 28, 3:6)

**2020 ജനുവരി 25 ശനി**

**: ഔദാര്യം :** (നടപടി 28, 8:10)

ലോകം മുഴുവനിലുമുള്ള എല്ലാ ക്രൈസ്തവസഭകളോടും ചേർന്ന് സഭൈക്യത്തിനായി നമുക്കു പ്രാർത്ഥിക്കുകയും പരിശ്ര മിക്കുകയും ചെയ്യാം. അങ്ങനെ ഒരിടയനും ഒരു തൊഴുത്തുമാകുന്ന സുദിനത്തിനായി പ്രത്യാശപൂർവ്വം നമുക്ക് കാത്തിരിക്കുകയും ചെയ്യാം.

**സഭൈക്യവാരാചരണം ഇടവകകളിൽ**

സഭൈക്യവാരം സമുചിതമായി ആചരിക്കുവാൻ ബഹു. വികാരിയച്ചൻമാർ താല്പര്യമെടുക്കുമല്ലോ. സഭൈക്യവാര ദിന ങ്ങളിൽ പരിശുദ്ധ കുർബാനയുടെ പ്രോപ്രിയായിൽ നൽകിയിരി ക്കുന്ന സഭൈക്യവാര പ്രാർത്ഥനകൾ പരിശുദ്ധ കുർബാനയിൽ ഉപയോഗിച്ച് പ്രാർത്ഥിക്കുകയും വചനസന്ദേശംവഴി സഭൈക്യ ത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇടവകസമൂഹത്തെ ഉദ്ബോധി പ്പിക്കുകയും സഭൈക്യത്തിന്റെ വക്താക്കളാകുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുമല്ലോ. സാധ്യമാകുന്നിടത്തെല്ലാം പ്രത്യേക പ്രാർത്ഥനാശുശ്രൂഷയും ക്രമീകരിക്കുന്നത് ഉചിതമാണ്.

**സഭൈക്യവാരാചരണം മറ്റു ക്രൈസ്തവസഭകളോടൊപ്പം**

ഇടവകാതിർത്തിയിൽ കത്തോലിക്കേതര ക്രൈസ്തവസഭാ ദൈവാലയങ്ങളുണ്ടെങ്കിൽ അവരുമായി സഹകരിച്ച് സഭൈക്യ വാരപ്രാർത്ഥനാ ശുശ്രൂഷ ക്രമീകരിക്കുന്നത് ശ്രേഷ്ഠമാണ്. സാധി ക്കുമെങ്കിൽ ഓരോ ദിവസവും മാറി മാറി എല്ലാ ക്രൈസ്തവസ ഭാ ദൈവാലയങ്ങളിലും പ്രാർത്ഥനാശുശ്രൂഷകളും വചനസന്ദേ

ശവും ക്രമീകരിക്കുന്നത് ഉചിതമാണ്. സാധിക്കുമെങ്കിൽ എല്ലാ ദിവസവും അല്ലെങ്കിൽ എത്ര ദൈവാലയങ്ങളുണ്ടോ അത്രയും ദിവസങ്ങളിൽ വിവിധ ദൈവാലയങ്ങൾ കേന്ദ്രീകരിച്ച് പ്രാർത്ഥ നാശുശ്രൂഷ നടത്തുകയും സഭൈക്യാവബോധം ജനങ്ങളിൽ വളർത്തുന്നതിന് പരിശ്രമിക്കുകയും ചെയ്യുമല്ലോ.

**രൂപതാ എക്യുമെനിക്കൽ ഡിറക്ടറി**

നമ്മുടെ രൂപതാതിർത്തിയിലുള്ള ഇതര ക്രൈസ്തവസഭ കളുടെ ദൈവാലയങ്ങളെക്കുറിച്ചും അവിടുത്തെ ശുശ്രൂഷകരെ ക്കുറിച്ചുമുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നത് ഉചി തമായതിനാൽ, അച്ചന്റെ ഇടവകയുടെ പരിധിയിൽ വരുന്ന ഇതര ക്രൈസ്തവസഭകളുടെ ദൈവാലയങ്ങളുടെയും അവിടുത്തെ ശുശ്രൂഷകരുടെയും പേരും അഡ്രസും ഫോൺനമ്പരും രൂപതാ അജപാലനോത്തേജനവിഭാഗം ഓഫീസിൽ 2020 ഫെബ്രുവരി 15-ാം തീയതിക്കകം എത്തിക്കുമല്ലോ. കഴിഞ്ഞവർഷം ലിസ്റ്റു നൽകിയിട്ടുള്ളവർ പേരുവിവരങ്ങളിൽ വ്യത്യാസമില്ലെങ്കിൽ പുതു തായി നൽകേണ്ടതില്ല.

**ഫാ. കുര്യാക്കോസ് അമ്പഴത്തിനാൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**2020 ജനുവരി മാസത്തെ കർമ്മപരിപാടികൾ**

| | | |
|---|---|---|
| 2 വ്യാഴം | - | HDC കോഴ്സ് |
| 3 വെള്ളി | - | വി. ചാവറകുര്യാക്കോസ് ഏലിയാസ് |
| 5 ഞായർ | - | ദനഹാതിരുനാൾ |
| 11 ശനി | - | CTC ക്ലാസ്, കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ |
| 11, 12 (ശനി, ഞായർ) | - | ലൈഫ് ലൈൻ ക്യാമ്പ് : കാഞ്ഞിരപ്പള്ളി ഫൊറോന ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക്ക് സ്കൂളിൽ |
| 26 ഞായർ | - | നിലയ്ക്കൽ തീർത്ഥാടനം |
| 31 വെള്ളി | - | കയ്യെഴുത്തു മാസികയും മതാദ്ധ്യാപകരുടെ ലേഖനങ്ങളും കേന്ദ്ര ഓഫീസിൽ ഏല്പിക്കേണ്ട അവസാന തീയതി. |

## സി.റ്റി.സി.

സി.റ്റി.സി. 36 -ാം ബാച്ചിന്റെ അടുത്ത ക്ലാസ് ജനുവരി 11-ാം തീയതി ശനിയാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ നടക്കും. സമയം രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

## HDC കോഴ്സ്

ഹയർ ഡിപ്ലോമ ഇൻ കാറ്റക്കെറ്റസിസ് കോഴ്സിന്റെ അടുത്ത ക്ലാസ് 2020 ജനുവരി 2-ാം തീയതി വ്യാഴാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഉത്ഥാനോത്സവം 2020**

2020 ലെ ഉത്ഥാനോത്സവം ഏപ്രിൽ 1 ന് ആരംഭിച്ച് 6-ന് സമാപിക്കും. നാലുമണിക്കൂർ ദൈർഘ്യമുള്ള 5 ദിവസങ്ങൾക്കുള്ള പാഠാവലിയും പരിശീലനപദ്ധതികളുമാണ് നല്കുക. ഏപ്രിൽ 5-ാം തീയതി

ഓശാന ഞായറാഴ്ച ആയതിനാൽ അന്നത്തെ ക്ലാസ് 6-ാം തീയതി തിങ്കളാഴ്ചയാണ് ക്രമീകരിച്ചിരിക്കുന്നത്. ഉത്ഥാനോത്സവത്തിന്റെ സമയദൈർഘ്യത്തിലോ ദിവസങ്ങളുടെ എണ്ണത്തിലോ കുറവുവരുത്തുവാൻ പാടില്ലെന്ന കാര്യം മുൻകൂട്ടി അറിയിക്കുന്നു. ഉത്ഥാനോത്സവ ദിവസങ്ങളിൽ ധ്യാനങ്ങളോ മറ്റ് കർമ്മപരിപാടികളോ നടത്തുവാൻ പാടില്ല. പുതിയ പാഠാവലികൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഉത്ഥാനോത്സവപുസ്തകത്തിന്റെ വിലയായ 30 രൂപാ താമസിയാതെ കുട്ടികളിൽ നിന്ന് സമാഹരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മാർച്ച് 31-ന് സാമ്പത്തികവർഷം സമാപിക്കുന്നതിനാൽ ഉത്ഥാനോത്സവപുസ്തകങ്ങൾ കടമായി നൽകുന്നതല്ല. മാർച്ച് 27-ന് മുമ്പ് ഉത്ഥാനോത്സവ പുസ്തകങ്ങൾ വാങ്ങേണ്ടതാണ്. ഉത്ഥാനോത്സവ തീയതികൾ താമസിയാതെ പള്ളിയിലും കുട്ടികളെയും അറിയിക്കുമല്ലോ.

## വിശ്വാസപരിശീലന ക്ലാസുകൾ ഫെബ്രുവരി 9 ന് ശേഷം

1 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഫെബ്രുവരി 9 ന് ശേഷവും പതിവുപോലെ വിശ്വാസജീവിതപരിശീലനക്ലാസുകൾ തുടരേണ്ടതാണ്. സെന്റ് തോമസ് വിഭാഗത്തിലെ കുട്ടികൾക്ക് പരീക്ഷാദിവസങ്ങളിൽ (ഒന്നോ, രണ്ടോ ഞായറാഴ്ച മാത്രം) ഞായറാഴ്ച കുർബാനയിൽ പങ്കെടുത്തതിനുശേഷം അവധി നല്കാവുന്നതാണ്. അനുവാദം വാങ്ങി അവധിയെടുക്കുന്ന കുട്ടികൾക്ക് ഹാജർബുക്കിൽ absent ന് പകരം leave രേഖപ്പെടുത്താവുന്നതാണ്. അധ്യാപകർക്ക് ഫൊറോനാ കേന്ദ്രങ്ങളിൽ ഉത്ഥാനോത്സവ പരിശീലനം ഉള്ള ഞായറാഴ്ചകളിൽ കുട്ടികൾക്ക് പ്രത്യേകമായ വിശ്വാസജീവിതപരിശീലന പരിപാടികൾ ഇടവകകളിൽ ആസൂത്രണം ചെയ്യേണ്ടതാണ്. ഫെബ്രുവരി 10-ന് ശേഷമുള്ള ഞായറാഴ്ചകളിൽ പൊതുവായ ക്ലാസുകൾ, സെമിനാറുകൾ, പഠിപ്പിച്ച പാഠങ്ങളുടെ റിവിഷൻ, നമസ്ക്കാര പഠനം എന്നിങ്ങനെയുള്ള പഠനപരിശീലനപരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്. 1 മുതൽ 9 വരെ ക്ലാസുകളിലെ കുട്ടികളുടെ വാർഷികപരീക്ഷ ഏപ്രിൽ 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 a.m. മുതൽ 12 p.m. വരെ നടത്തപ്പെടുന്നതാണ്.

## ലൈഫ്ലൈൻ ക്യാമ്പ് (8-ാം ക്ലാസിലെ കുട്ടികൾക്ക്)

കാഞ്ഞിരപ്പള്ളി ഫൊറോനായിലെ കുട്ടികൾക്കായുള്ള ലൈഫ്

ലൈൻ ക്യാമ്പ് ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക്ക് സ്കൂളിൽ വച്ചു ജനുവരി 11, 12 തീയതികളിൽ നടത്തപ്പെടുന്നതാണ്. ആദ്യദിവസം രാവിലെ 9.30-ന് രജിസ്ട്രേഷനോടെ ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 1 മണിയോടുകൂടി ക്യാമ്പ് സമാപിക്കും. കുട്ടികളോടൊപ്പം 8-ാം ക്ലാസിൽ പരിശീലനം നൽകുന്ന അദ്ധ്യാപകരും ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

കട്ടപ്പന ഫൊറോനായിലെ കുട്ടികൾക്കായുള്ള ലൈഫ്ലൈൻ ക്യാമ്പ് ഡിസംബർ 7, 8 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 220 പേർ പങ്കെടുത്തു.

**മതാദ്ധ്യാപക ക്വിസ് 2019**

ഡിസംബർ 21-ാം തീയതി രൂപതാ വിശ്വാസജീവിതപരിശീലന കേന്ദ്രം സംഘടിപ്പിച്ച 'മതാദ്ധ്യാപക ക്വിസ്' രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ സഹായത്തോടെ ശ്രീ. സാജൻ പാപ്പച്ചൻ, ബ്രദർ അജോ പേഴുംകാട്ടിൽ, ബ്രദർ ജിതിൻ ചാത്തനാട്ട് എന്നിവർ ക്വിസ് പ്രോഗ്രാം നയിച്ചു.

വിവിധ ഇടവകകളിൽ നിന്നെത്തിയ 51 ടീമുകൾ പങ്കെടുത്ത ക്വിസ് പ്രോഗ്രാമിൽ അമലഗിരി, ആനിക്കാട്, പൊടിമറ്റം, ചക്കുപള്ളം, ആലംപള്ളി എന്നീ ഇടവകകൾ യഥാക്രമം 1 മുതൽ 5 വരെ സ്ഥാനങ്ങൾ കരസ്ഥമാക്കി. വികാരി ജനറാൾ പെരിയ ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചൻ വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**SMCC പ്രതിഭാസംഗമം**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഡിസംബർ 27, 28, 29 തീയതികളിൽ നടത്തപ്പെട്ട SMCC പ്രതിഭാസംഗമത്തിൽ നമ്മുടെ രൂപതയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 6 കുട്ടികൾ പങ്കെടുത്തു. ജോപ്പു ഫിലിപ്പ് വെള്ളൂർ, കണ്ണിമല, ആൻ മരിയ ജോസ് കീലത്ത്, ചക്കുപ്പള്ളം എന്നിവർ സഭാപ്രതിഭകളായി തെരഞ്ഞെടുക്കപ്പെട്ടു. അഭിനന്ദനങ്ങൾ.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**2020 ജനുവരി മാസത്തെ കർമ്മപരിപാടികൾ**

11 ശനി – സി.എം.എൽ. അംഗങ്ങളുടെ യൂണിറ്റുതല സമ്മേളനം, ദിവ്യകാരുണ്യ ആരാധന, കുട്ടികളുടെ കുമ്പസാരം

26 ഞായർ – നിലയ്ക്കൽ തീർത്ഥാടനം (7–ാം ക്ലാസിലെ കുട്ടികൾക്ക്)

31 വെള്ളി – മിശിഹാനുഭവധ്യാനത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റും അഡ്വാൻസ് തുകയും (Rs. 200/-) കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി

**നിലയ്ക്കൽ തീർത്ഥാടനം**

രൂപതാ ചെറുപുഷ്പ മിഷൻലീഗ് നേതൃത്വം നല്കുന്ന നിലയ്ക്കൽ തീർത്ഥാടനം പതിവുപോലെ ജനുവരി 26 ഞായറാഴ്ച നടത്തപ്പെടുകയാണ്. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ നിലയ്ക്കൽ കേന്ദ്രമാക്കി സ്ഥാപിച്ച വിശ്വാസസമൂഹത്തിന്റെ പിൻതുടർച്ചക്കാരായ നാം നമ്മുടെ പൂർവ്വികർ വിശ്വാസം ജീവിച്ച പ്രദേശത്ത് ഇന്ന് തീർത്ഥാടനകേന്ദ്രങ്ങളായി നിലകൊള്ളുന്ന തുലാപ്പള്ളി–നിലയ്ക്കൽ മാർത്തോമ്മാശ്ലീഹാ തീർത്ഥാടന ദൈവാലയത്തിലേയ്ക്കും നിലയ്ക്കൽ എക്യൂമെനിക്കൽ ദൈവാലയത്തിലേയ്ക്കും തീർത്ഥാടനം നടത്തുക ഉചിതമാണല്ലോ. മാർത്തോമ്മാശ്ലീഹായുടെ പാവനസ്മരണയും വിശ്വാസപൈതൃകവും നിറഞ്ഞുനില്ക്കുന്ന നിലയ്ക്കലേക്കുള്ള ഈ തീർത്ഥാടനത്തിൽ പങ്കുചേരുവാൻ എല്ലാ പ്രേഷിതരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

9.30 a.m. : വിശ്വാസപ്രഘോഷണ റാലി (തുലാപ്പള്ളി ജൂബിലി കപ്പേളയിൽ നിന്ന് തുലാപ്പള്ളി – നിലയ്ക്കൽ മാർത്തോമ്മാശ്ലീഹാ ദൈവാലയത്തിലേക്ക്)

ഫ്ളാഗ് ഓഫ് :
റവ. ഫാ. പീറ്റർ മേസ്തിരിപ്പറമ്പിൽ (വികാരി)
10.00 a.m. : പരിശുദ്ധ കുർബാന - നവവൈദികർ
11.30 a.m. : തീർത്ഥാടന സന്ദേശം :
അഭിവന്ദ്യ മാർ ജോസ് പുളിക്കൽ
മാതൃകാ അൾത്താരശുശ്രൂഷക സംഘങ്ങൾക്കുള്ള സമ്മാനദാനം (റവ. ഫാ. ജോർജ് കാപ്പിലിപ്പറമ്പിൽ മെമ്മോറിയൽ ട്രോഫിയും ക്യാഷ് അവാർഡും)
11.45 a.m. : തിരുശേഷിപ്പ് വണക്കം, നേർച്ചഭക്ഷണം
1.30 p.m. : തീർത്ഥാടകർ നിലയ്ക്കൽ എക്യുമെനിക്കൽ ദൈവാലയത്തിലേക്ക്
02.00 p.m. : സമാപന പ്രാർത്ഥന
റവ. ഫാ. കുര്യാക്കോസ് വടക്കേടത്ത്

**പൊതുനിർദ്ദേശങ്ങൾ**

1. തീർത്ഥയാത്രയ്ക്ക് വാഹനക്രമീകരണം ഓരോ ഇടവകയും നടത്തേണ്ടതാണ്. മേഖലാ കേന്ദ്രവുമായി ആലോചിച്ച് ഒന്നിച്ച് വരുന്നത് ഉചിതമായിരിക്കും.
2. തീർത്ഥാടനത്തിൽ പങ്കെടുക്കുന്ന ഹൈറേഞ്ച് മേഖലയിൽ നിന്നുള്ള തീർത്ഥാടകർ മുണ്ടക്കയം-ചരള-മുക്കൂട്ടുതറ വഴിയും ലോറേഞ്ച് മേഖലയിൽ നിന്ന് എത്തുന്ന തീത്ഥാടകർ എരുമേലി-മുക്കൂട്ടുതറ-പാണപിലാവ്-കണമല വഴിയും തുലാപ്പള്ളി-നിലയ്ക്കൽ മാർത്തോമ്മാശ്ലീഹാ ദൈവാലയത്തിൽ എത്തേണ്ടതാണ്.
3. സൺഡേസ്കൂൾ 7-ാം ക്ലാസിലെ കുട്ടികളെയും മിഷൻലീഗ് ഭാരവാഹികളെയുമാണ് പ്രധാനമായും തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കേണ്ടത്. തീർത്ഥാടകരെല്ലാവരും **മിഷൻലീഗിന്റെ ബാഡ്ജ്** ധരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.
4. തീർത്ഥാടകരുടെ വാഹനങ്ങളിൽ മിഷൻലീഗിന്റെ പതാകയും ബാനറും ഉണ്ടായിരിക്കുന്നത് ഉചിതമാണ്.
5. തീർത്ഥാടനത്തിൽ പങ്കെടുക്കുന്നവർക്കെല്ലാം ഉച്ചഭക്ഷണം നല്കുന്നതാണ്. **കുടിവെള്ളം അവരവർ തന്നെ കരുതേണ്ടതാണ്.**

6. തീർത്ഥാടനത്തിൽ പങ്കെടുക്കുന്നവർ ജനുവരി 23-വ്യാഴാഴ്ച മുതൽ മൂന്ന് നോമ്പെടുത്ത് ഒരുങ്ങുവാൻ ശ്രദ്ധിക്കുമല്ലോ.
7. തീർത്ഥാടകരുടെ വാഹനങ്ങൾ കുട്ടികളെ ഇറക്കിയതിനുശേഷം വോളന്റിയേഴ്സ് നിർദ്ദേശിക്കുന്ന സ്ഥലത്ത് പാർക്കു ചെയ്യേണ്ടതാണ്. തീർത്ഥാടനദൈവാലയാങ്കണത്തിലേയ്ക്ക് വാഹനങ്ങൾ പ്രവേശിപ്പിക്കരുത്.
8. തീർത്ഥാടകരെത്തുന്ന വാഹനങ്ങളുടെ ഡ്രൈവേഴ്സിന്റെ ഫോൺ നമ്പർ തീർത്ഥാടകർക്ക് നേതൃത്വം നൽകുന്നയാൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. നേർച്ചഭക്ഷണത്തിനു ശേഷവും മറ്റും ഇത് ഉപകാരപ്രദമാകും.
9. തീർത്ഥാടകരുമായെത്തുന്ന വാഹനങ്ങളിലെ ഡ്രൈവേഴ്സിനും സഹായികൾക്കുമുള്ള ഭക്ഷണം ഉച്ചയ്ക്ക് 12 മണിയോടെ അവരവരുടെ വാഹനങ്ങളിൽ എത്തിക്കുന്നതാണ്.

**മാതൃകാ മദ്ബഹാ ശുശ്രൂഷാസംഘങ്ങൾ**

ചെറുപുഷ്പമിഷൻലീഗിലെ കുഞ്ഞുമിഷനറിമാരെയും മദ്ബഹാശുശ്രൂഷകരെയും അഗാധമായി സ്നേഹിച്ച് അകാലത്തിൽ കടന്നുപോയ ബഹു. ജോർജ്ജ് കാപ്പിലിപ്പറമ്പിലച്ചന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന ട്രോഫികൾക്കും കാഷ് അവാർഡിനും അർഹരായവർക്ക് ജനുവരി 26-ാം തീയതി തുലാപ്പള്ളി മാർതോമ്മാശ്ലീഹാ ദൈവാലയത്തിൽ വച്ച് സമ്മാനങ്ങൾ നൽകുന്നതാണ്. ബഹു. കാപ്പിലിപ്പറമ്പിൽ ജോർജ്ജച്ചന്റെ ശുശ്രൂഷകളും സ്നേഹവും നന്ദിപൂർവ്വം സ്മരിക്കുന്ന വൈദികരാണ് ട്രോഫിയും ക്യാഷ് അവാർഡും ഏർപ്പെടുത്തിയിരിക്കുന്നത്. ബഹു. വൈദികസുഹൃത്തുക്കൾക്ക് രൂപതാ ചെറുപുഷ്പമിഷൻലീഗിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ക്രിസ്തുമസ് ആഘോഷം**

ചെറുപുഷ്പമിഷൻലീഗ് എക്സിക്യൂട്ടീവ് അംഗങ്ങൾ ഡിസംബർ 21-ാം തീയതി ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചുകൂടി ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കുചേർന്നു. ബ്രദർ അജോ പേഴുംകാട്ടിൽ, ബ്രദർ ജിതിൻ ചാത്തനാട്ട് എന്നിവർ നേതൃത്വം നൽകി.

## മിഷൻ സന്ദേശ് തുക നൽകിയ ഇടവകകകൾ

**അണക്കര ഫൊറോന**

| | | |
|---|---|---|
| അണക്കര | – | 85000 |
| ചക്കുപള്ളം | – | 5000 |
| ചെല്ലാർകോവിൽ | – | 10000 |
| കമ്പംമെട്ട് | – | 15000 |
| ഗ്രീൻവാലി | – | 6000 |
| കരുണാപുരം | – | 20000 |
| കൊച്ചറ | – | 20000 |
| കുഴിത്തൊളു | – | 20000 |
| നെറ്റിത്തൊഴു | – | 10000 |
| പുറ്റടി | – | 20000 |
| വണ്ടൻമേട് | – | 10000 |

**കുമളി ഫൊറോന**

| | | |
|---|---|---|
| കുമളി | – | 50000 |
| അമരാവതി | – | 10000 |
| ആനവിലാസം | – | 20000 |
| കീരിക്കര | – | 23200 |
| മ്ലാമല | – | 15000 |
| നസ്രാണിപുരം | – | 25000 |
| ശാന്തിഗിരി | – | 5000 |
| വള്ളക്കടവ് | – | 10000 |
| വെള്ളാരംകുന്ന് | – | |
| വാളാർഡി | – | 15000 |

**കട്ടപ്പന ഫൊറോന**

| | | |
|---|---|---|
| കട്ടപ്പന | – | 50000 |
| ഗ്രേയ്സ് മൗണ്ട് | – | 12000 |
| ഗ്രേയ്സ് വാലി | – | 8000 |
| കൽത്തൊട്ടി | – | 15000 |
| കാഞ്ചിയാർ | – | 7000 |
| കൊച്ചുതോവാള | – | 3000 |
| മേരികുളം | – | 40000 |
| മേപ്പാറ | – | 8315 |
| നരിയമ്പാറ | – | 8000 |
| സ്വരാജ് | – | 3000 |
| വലിയ തോവാള | – | 35500 |
| വള്ളക്കടവ് | – | 5000 |

**മുണ്ടിയെരുമ ഫൊറോന**

| | | |
|---|---|---|
| മുണ്ടിയെരുമ | – | 20000 |
| അന്യാർതൊളു | – | 5000 |
| ചേമ്പളം | – | 10000 |
| ചോറ്റുപാറ | – | 6300 |
| നിർമ്മലപുരം | – | 3000 |
| പാമ്പാടുംപാറ | – | 1500 |
| പുളിയന്മല | – | 25000 |
| രാമക്കൽമേട് | – | 16400 |
| സന്യാസിയോട | – | 5000 |
| തേർഡ്ക്യാമ്പ് | – | 15000 |

**ഉപ്പുതറ ഫൊറോന**

| | | |
|---|---|---|
| ഉപ്പുതറ | | 40000 |
| ആലംപള്ളി | – | 4000 |
| ചെമ്മണ്ണ് | – | 8000 |
| ചിന്നാർ | – | 10000 |
| മരിയഗിരി | – | 10000 |
| പുളിങ്കട്ട | – | 15000 |
| പുള്ളിക്കാനം | – | 9950 |
| രാജഗിരി | – | 20000 |
| ഉളുപ്പൂണി | – | 6200 |

**പൊൻകുന്നം ഫൊറോന**

| | | |
|---|---|---|
| പൊൻകുന്നം | – | 75000 |
| ആനിക്കാട് | – | 55000 |
| ചാമംപതാൽ | – | 15000 |
| ചെങ്ങളം | – | 33000 |
| ചെങ്കൽ | – | 35000 |
| ചെന്നാക്കുന്ന് | – | 10000 |
| ഇളങ്ങുളം | – | 50000 |
| ഇളങ്ങോയി | – | 20000 |
| എലിക്കുളം | – | 15000 |

| | | |
|---|---|---|
| നെയ്യാട്ടുശ്ശേരി | - | 10000 |
| പടനിലം | - | 5090 |
| തച്ചപ്പുഴ | - | 11600 |
| വഞ്ചിമല | - | 13000 |
| പുല്ലാനിത്തകിടി | - | 7965 |
| **എരുമേലി ഫൊറോന** | | |
| എരുമേലി | - | 45740 |
| എയ്ഞ്ചൽവാലി | - | 18000 |
| അറയാഞ്ഞിലിമണ്ണ് | - | 3005 |
| എലിവാലിക്കര | - | 6000 |
| എരുത്വാപ്പുഴ | - | 4000 |
| കണമല | - | 7500 |
| കണ്ണിമല | - | 15000 |
| കൊല്ലമുള | - | 40000 |
| പഴയകൊരട്ടി | - | 10000 |
| കുറുമ്പൻമൂഴി | - | 22550 |
| മണിപ്പുഴ | - | 13350 |
| മുക്കൂട്ടുതറ | - | 23330 |
| നിരവ് | - | 2500 |
| പാണപിലാവ് | - | 8000 |
| തുലാപ്പള്ളി | - | 8000 |
| ഉമിക്കുപ്പ | - | 6000 |
| വെച്ചൂച്ചിറ | - | 15000 |
| **റാന്നി ഫൊറോന** | | |
| റാന്നി | - | 6000 |
| ചെമ്പനോലി | - | 10000 |
| ഇടമൺ | - | 13390 |
| കണ്ണംപള്ളി | - | 12000 |
| പെരുനാട് | - | 5000 |
| പെരുന്തേനരുവി | - | 4500 |
| പ്ലാച്ചേരി | - | 9000 |
| **പത്തനംതിട്ട ഫൊറോന** | | |
| പത്തനംതിട്ട | - | 25000 |
| ചീങ്കൽത്തടം | - | 3500 |
| മീൻകുഴി | - | 5000 |
| കോന്നി | - | 8250 |
| കൂത്താട്ടുകുളം | - | 2000 |
| കോഴഞ്ചേരി | - | 5000 |
| പേഴുമ്പാറ | - | 5000 |
| സീതത്തോട് | - | 8000 |
| വകയാർ | - | 2110 |
| **കാഞ്ഞിരപ്പള്ളി ഫൊറോന** | | |
| കാഞ്ഞിരപ്പള്ളി | - | 100000 |
| ആനക്കല്ല് | - | 50000 |
| അഞ്ചിലിപ്പ | - | 36565 |
| ചെറുവള്ളി | - | 20000 |
| കപ്പാട് | - | 40000 |
| കരിക്കാട്ടൂർ | - | 7500 |
| കൂവപ്പള്ളി | - | 40000 |
| പുത്തൻകൊരട്ടി | - | 25000 |
| കുന്നുംഭാഗം | - | 15000 |
| പഴയിടം | - | 20000 |
| ചിറക്കടവ് | - | 65000 |
| ചേനപ്പാടി | - | 13000 |
| തമ്പലക്കാട് | - | 16000 |
| **വെളിച്ചിയാനി ഫൊറോന** | | |
| വെളിച്ചിയാനി | - | 24000 |
| ഇടക്കുന്നം | - | 10000 |
| ഇഞ്ചിയാനി | - | 8000 |
| ജോൺ പോൾ II | - | 20000 |
| കാരികുളം | - | 15000 |
| മാങ്ങാപ്പാറ | - | |
| പാലമ്പ്ര | - | 10000 |
| പാലപ്ര | - | 6000 |
| പൊടിമറ്റം | - | 30000 |
| പൂമറ്റം | - | 12740 |
| **മുണ്ടക്കയം ഫൊറോന** | | |
| മുണ്ടക്കയം | - | 60000 |
| കോരുത്തോട് | - | 37321 |
| മടുക്ക | - | 4200 |



# ബൈബിൾ അപ്പോസ്തലേറ്റ്

**കെ.സി.ബി.സി. സംസ്ഥാന കലോത്സവം**

KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ കലൂർ റിന്യൂവൽ സെന്ററിൽ വച്ചു നടത്തപ്പെട്ട സംസ്ഥാനതല ബൈബിൾ കലോത്സവത്തിൽ നമ്മുടെ രൂപതയിൽ നിന്നും 22 പേർ പങ്കെടുത്ത് വിവിധ ഇനങ്ങളിൽ സമ്മാനാർഹരായി. ലേഖനമത്സരത്തിന് ആൻസമ്മ ജോസ് ഉറുമ്പിത്തടത്തിൽ, പുത്തൻകൊരട്ടി ഒന്നാം സ്ഥാനവും ബൈബിൾ ക്വിസിന് ക്ലാര തോമസ് മാതൃശ്ശേരി, കാഞ്ഞിരപ്പള്ളി, സോണാ മരിയ മാർട്ടിൻ ചെല്ലന്തറ, ചെങ്കൽ എന്നിവർ മൂന്നാം സ്ഥാനവും, കഥാപ്രസംഗത്തിന് അനു ജോസ് കുരിശുകുന്നേൽ, അഞ്ചിലിപ്പ A ഗ്രേഡും കരസ്ഥമാക്കി. അഭിനന്ദനങ്ങൾ.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

---

## ചെറുപുഷ്പ മിഷൻ ലീഗ്

| | | |
|---|---|---|
| മാങ്ങാപ്പേട്ട | - | 3000 |
| മുക്കുളം | - | 6775 |
| മുളങ്കുന്ന് | - | 4630 |
| നിർമ്മലഗിരി | - | 9055 |
| പാലൂർക്കാവ് | - | 10000 |
| പുഞ്ചവയൽ | - | 22000 |
| തെക്കേമല | - | 5000 |
| വടക്കേമല | - | 1780 |
| വണ്ടൻപതാൽ | - | 23000 |
| ഏന്തയാർ | - | 6880 |

**ഫാ. സ്കറിയ മറ്റത്തിൽ**
**അസി. ഡയറക്ടർ**

**പെരുവന്താനം ഫൊറോന**

| | | |
|---|---|---|
| പെരുവന്താനം | - | 7000 |
| അമലഗിരി | - | 8020 |
| അഴങ്ങാട് | - | 5475 |
| ചെറുവള്ളിക്കുളം | - | 7570 |
| ഏലപ്പാറ | - | 13950 |
| കണയങ്കവയൽ | - | 21000 |
| കുട്ടിക്കാനം | | 9500 |
| മേലോരം | - | 5000 |
| മുറിഞ്ഞപുഴ | - | 2000 |
| പീരുമേട് | - | 8000 |
| പുറക്കയം | - | 3000 |

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**2020 ജനുവരി മാസത്തിലെ കർമ്മ പരിപാടികൾ**

11 – ഓൾഡ് ഈസ് ഗോൾഡ്

ലീഡർഷിപ്പ് ട്രെയിനിംഗ് – രൂപതാസമിതി

12 – ദേശീയ യുവജനദിനം

19 – യൂടേൺ – റാന്നി പത്തനംതിട്ട

26 – യൂടേൺ – പൊൻകുന്നം

**യുവജന നേതൃസംഗമം – സവ്റാ 2019**

മുണ്ടക്കയം : കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. നേതൃസംഗമം സവ്റ 2019 ഡിസംബർ 14 ശനിയാഴ്ച മുണ്ടക്കയം ഫൊറോനപള്ളി പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ഇടവകകളിലെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾക്ക് വേണ്ടിയുള്ള സംഗമമായിരുന്നു സവ്റാ 2019. രാവിലെ 9.30–ന് ദിവ്യകാരുണ്യ ആരാധനയോടുകൂടി സംഗമം തുടങ്ങി. കാഞ്ഞിരപ്പള്ളി രൂപത സഹായമെത്രാൻ മാർ ജോസ് പുളിക്കൽ സംഗമം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര ക്ലാസുകൾ നയിച്ചു. ചലച്ചിത്ര സംവിധായകനും തിരക്കഥാകൃത്തുമായ ജോൺ പോൾ ജോർജ് വിശിഷ്ടാതിഥിയായിരുന്നു. കാഞ്ഞിരപ്പള്ളി രൂപതാ എസ്.എം.വൈ.എം. പ്രസിഡന്റ് ശ്രീ. ജോമോൻ പൊടിപാറ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. രൂപതാ എസ്.എം.വൈ.എം. ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ വരുംവർഷത്തിലെ കർമ്മപദ്ധതികളെക്കുറിച്ച് സംസാരിച്ചു. മുണ്ടക്കയം ഫൊറോന

വികാരി ഫാ. ജോസ് മാത്യു പറപ്പള്ളിൽ ആശംസകൾ നൽകി. വിദ്യാഭ്യാസം, കല, കായികം, സാഹിത്യം തുടങ്ങി വിവിധ രംഗങ്ങളിൽ കഴിവ് തെളിയിച്ച രൂപതയിലെ യുവജനങ്ങളെ യൂത്ത് എക്സലൻസ് അവാർഡ് നൽകി ആദരിച്ചു. ഉച്ചയ്ക്കുശേഷം 2020 വർഷത്തേക്കുള്ള ഫൊറോന സമിതി നേതാക്കളെ ഇലക്ഷൻ നടത്തി തെരഞ്ഞെടുത്തു. നേതൃസംഗമത്തിൽ ആയിരത്തോളം യുവജനങ്ങൾ പങ്കെടുത്തു.

**ഫൊറോനാതല സംഗമം**

ഡിസംബർ 7-ാം തീയതി എസ്.എം.വൈ.എം. റാന്നി- പത്തനംതിട്ട ഫൊറോനാ സംഗമം 'ഫുൽത്താന' ഡി പോൾ സെൻട്രൽ ഇലന്തൂർ വച്ച് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ യുവജനസംഗമം ഉദ്ഘാടനം ചെയ്തു. 200 യുവജനങ്ങൾ പങ്കെടുത്തു.

ഡിസംബർ 8-ാം തീയതി എസ്.എം.വൈ.എം. എരുമേരി ഫൊറോനാ സംഗമം 'ഈൗദ' എരുമേലി ശബരി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. 300 യുവജനങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, റീജന്റ് ബ്രദർ നോബി വെള്ളാപ്പള്ളി തുടങ്ങിയവർ ഫൊറോനാ യുവജന സംഗമത്തിൽ പങ്കെടുത്തു.

**ഫൊറോനാ അസംബ്ലിയും തെരഞ്ഞെടുപ്പും**

2019 ഡിസംബർ 14-ാം തീയതി ശനിയാഴ്ച ഫൊറോന അസംബ്ലിയും തെരഞ്ഞെടുപ്പും നടത്തപ്പെട്ടു. വ്യാകുലമാതാ ഫൊറോന ചർച്ച് മുണ്ടക്കയം ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട ഫൊറോനാ ഇലക്ഷനിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ ഇടവകളിലെ ഭാരവാഹികളും യൂണിറ്റിനെ പ്രതിനിധീകരിച്ച് തെരഞ്ഞെടുപ്പിൽ പങ്കുചേർന്നു. രൂപതാ സമിതി ഫൊറോനാ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

## യൂണിറ്റ് വിസിറ്റ് - കണമല

ഡിസംബർ 25 വൈകുന്നേരം 5 മണിക്ക് കണമല സെന്റ് തോമസ് ഇടവകയിലെ യുവജനങ്ങളെ സന്ദർശിച്ച് സന്ദേശം നൽകി. രൂപത ഡയറക്ടർ ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ, KCYM സിൻഡിക്കേറ്റ് അംഗം റോസ്ബെല്ല വർഗീസ് എന്നിവർ നേതൃത്വം നൽകി.

## വാർഷിക സെനറ്റും രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും

രൂപതാ എസ്.എം.വൈ.എം.ന്റെയും ഫൊറോനാ എസ്.എം.വൈ.എം.ന്റെയും ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും കുറവുകളെ തിരുത്തുന്നതിനുമായുള്ള വാർഷിക സെനറ്റും, പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഡിസംബർ 28-ാം തീയതി രാവിലെ 9.30 മുതൽ 29-ാം തീയതി ഉച്ചയ്ക്ക് 1 മണി വരെ കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തി. 2019-ലെ ഭാരവാഹികൾ സെനറ്റിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു. 2020 ലെ പുതിയ ഭാരവാഹികൾ 28-ാം തീയതി വൈകിട്ട് നടന്ന ഇലക്ഷൻ ക്യാമ്പിൽ പങ്കെടുത്തു. കാഞ്ഞിരപ്പള്ളി രൂപത SMYM നെ നയിക്കാനായി തിരഞ്ഞെടുക്കപ്പെട്ട രൂപത എക്സിക്യൂട്ടീവ്സിന്റെ പേരുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രസിഡന്റ് | : | ആൽബിൻ തടത്തേൽ, പ്ലാച്ചേരി |
| വൈസ് പ്രസിഡന്റ് | : | ജൂലി ജോൺ മറ്റപ്പള്ളിൽ, കൊല്ലമുള |
| ജനറൽ സെക്രട്ടറി | : | ജോബിൻ ജോയി കൊള്ളിക്കുളവിൽ, പുളിയന്മല |
| ഡെപ്യൂട്ടി പ്രസിഡന്റ് | : | സ്റ്റെഫിമോൾ സണ്ണി തുരുത്തിപ്പള്ളി, മുണ്ടക്കയം |
| സെക്രട്ടറി | : | മരിയ ബാബു മുള്ളുകാലായിൽ, പൊടിമറ്റം |
| ജോയിന്റ് സെക്രട്ടറി | : | അഞ്ജു മരിയ ജെയിംസ് വലക്കമറ്റത്തിൽ, പുളിങ്കട്ട |

| | | |
|---|---|---|
| ട്രഷറർ | : | ജസ്റ്റിൻ തോമസ് ആലപ്പാട്ട്, പടനിലം |
| KCYM സിൻഡിക്കേറ്റ് | : | ജോമോൻ പൊടിപാറ, കാഞ്ചിയാർ |
| KCYM സിൻഡിക്കേറ്റ് | : | ഡാനിയ ബാബു നീറുവേലിൽ, ചിറക്കടവ് |
| SMYM കൗൺസിലർ | : | അബി മാത്യു ഐപ്പൻപറമ്പിൽ, വെള്ളാരംകുന്ന് |
| SMYM കൗൺസിലർ | : | ഷെറിൻ സണ്ണി വടക്കേടത്ത്, കമ്പംമെട്ട് |

**CYTE 2020**

യുവജനങ്ങളെ ബൗദ്ധികമായും ഭൗതികമായും കായികമായും വളർത്തുന്നതിന്റെ ഭാഗമായി നടത്തുന്ന മത്സര പരീക്ഷയാണ് സൈറ്റ്. വിവിധ സ്കോളർഷിപ്പുകൾ, മരിയൻ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റുമായി ചേർന്നൊരുക്കുന്ന Placement Enhancement Programme (PRER) എന്നിവയിലേക്കുള്ള വാതിലാണ് CYTE 2020. ഇരുപത് യുവജനങ്ങളിലധികം രജിസ്റ്റർ ചെയ്യുന്ന ഇടവകകളിൽ പരീക്ഷ നടത്തപ്പെടും.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്ക ധ്യാനം**

| | | |
|---|---|---|
| 2020 ജനുവരി 3,4,5 (വെള്ളി - ഞായർ) | - | നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| ജനുവരി 17,18,19 (വെള്ളി - ഞായർ) | - | നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |
| ജനുവരി 24, 25, 26 (വെള്ളി - ഞായർ) | - | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (P.A.C.) അണക്കര |
| ഫെബ്രുവരി 1,2, 3 (ശനി - തിങ്കൾ) | - | നിർമ്മല റിന്യൂവൽ സെന്റർ, (N.R.C.) പൊടിമറ്റം |

**കൗൺസിലിംഗ് കോഴ്സ്**

ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്നു വരുന്ന കൗൺസിലിംഗ് കോഴ്സിന്റെ പുതിയ അധ്യയന വർഷത്തിലേക്കുള്ള അഡ്മിഷൻ ആരംഭിക്കുന്നു. പ്രശ്നകലുഷിതമായ ജീവിതസാഹചര്യങ്ങളെ പക്വതയോടെ നേരിടുന്നതിനും അതിന് മറ്റുള്ളവരെ സഹായിക്കുന്നതിനുമുതകുന്ന പാഠ്യപദ്ധതിയാണ് ഈ കോഴ്സിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കരിസ്മാറ്റിക് നവീകരണ രംഗത്ത് കൗൺസിലിങ്ങിലൂടെ മറ്റുള്ളവരെ സഹായിക്കുന്നവർക്ക് പ്രൊഫഷണൽ കൗൺസിലിംഗിന്റെ അടിസ്ഥാന തത്വങ്ങൾ അറിഞ്ഞിരിക്കുന്നത് ഏറെ സഹായകരമാകും. മതാധ്യാപകർ, ആത്മീയ ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്നവർ, വൈദികർ, സിസ്റ്റേഴ്സ്, സാമൂഹിക പ്രവർത്തകർ തുടങ്ങിയവർക്ക് ഏറെ പ്രയോജനപ്പെടുന്ന ഈ കോഴ്സിന്റെ അഡ്മിഷനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ 9446194909 എന്ന നമ്പറിൽ ബന്ധപ്പെടുകയോ https://chat.whatsapp.com/HWgE1xOq83A3jF4MJPly1Y എന്ന ലിങ്കിൽ ചേരുകയോ ചെയ്യുക.

### S.H.G. മീറ്റിംഗ്

ഡിസംബർ 18-ാം തീയതി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ (N.R.C.) വച്ച് ക്രിസ്മസ് ആഘോഷം നടന്നു. അടുത്ത മാസത്തെ മീറ്റിംഗ് ജനുവരി 15-ാം തീയതി ബുധനാഴ്ച കൂവപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടക്കുന്നതാണ്.

### ആവേ മരിയ സിംഗിൾസ് മീറ്റിംഗ്

ജനുവരി 7-ാം തീയതി (ചൊവ്വ) കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് നടത്തപ്പെടുന്നതാണ്.

### മംഗളവാർത്ത ധ്യാനം

ഗർഭസ്ഥശിശുക്കളുടെ മാതാപിതാക്കൾക്കായുള്ള മംഗളവാർത്ത ധ്യാനത്തിന്റെ ബുക്കിംഗ് ആരംഭിച്ചു. ഫെബ്രുവരി മാസത്തിൽ മുണ്ടക്കയം എം.എം.റ്റി. ആശുപത്രിയിൽ വച്ചാണ് ധ്യാനം നടക്കുന്നത്. ബുക്കിംഗിനും വിശദവിവരങ്ങൾക്കുമായി ഫാമിലി അപ്പോസ്തലേറ്റിന്റെ 04828 205628, 201100, 9497096431 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

ഒന്നാം ദിവസം വൈകിട്ട് 5.30 ന് തുടങ്ങുന്ന ധ്യാനം മൂന്നാം ദിവസം ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. മുഴുവൻ സമയം താമസിച്ചുള്ള ധ്യാനത്തിൽ ദമ്പതികൾ ഒരുമിച്ചാണ് പങ്കെടുക്കേണ്ടത്. ആരോഗ്യപ്രശ്നങ്ങളില്ലെങ്കിൽ എത്രാം മാസത്തിൽ വേണമെങ്കിലും പങ്കെടുക്കാം. കുട്ടികളെ ഒപ്പം കൊണ്ടുവരാനുള്ള സൗകര്യം ഇല്ല. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. കത്തോലിക്കരായ ദമ്പതികൾക്കുവേണ്ടിയുള്ള ധ്യാനമാണ്. കഴിച്ചുകൊണ്ടിരിക്കുന്ന മരുന്നുകൾ കൊണ്ടുവരാൻ ശ്രദ്ധിക്കണം.

ദമ്പതികളെ പറഞ്ഞയയ്ക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

## രൂപതാ വാർഷികം

മാതൃവേദി രൂപതാ വാർഷികം ഡിസംബർ 13-ാം തീയതി വെള്ളിയാഴ്ച പൊടിമറ്റം സെന്റ് മേരീസ് പള്ളിയിൽ വച്ചു നടന്നു. രാവിലെ 9.30 ന് ബഹു. ഫിലിപ്പ് കൊച്ചുതറയിൽ അച്ചൻ ദിവ്യ ബലി അർപ്പിച്ചു.

10.45 ന് ആരംഭിച്ച പൊതുയോഗം പെരിയ ബഹു. കുര്യൻ താമരശ്ശേരി അച്ചൻ ഉദ്ഘാടനം ചെയ്തു. രൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി ഷീല കുഞ്ചെറിയ അദ്ധ്യക്ഷയായിരുന്നു. പെരിയ ബഹു. ജെയിംസ് മുത്തനാട്ടച്ചൻ ആശംസകൾ അർപ്പിക്കുകയും ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ സമ്മാനദാനം നിർവ്വഹിക്കുകയും ചെയ്തു.

2020-21 വർഷങ്ങളിലെ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ഉത്തരവാദിത്വം ഏറ്റെടുത്തു. അമ്മമാരുടെ കലാപരിപാടികളും നടത്തപ്പെട്ടു. ഉച്ചഭക്ഷണത്തോടെ വാർഷികം സമാപിച്ചു.

## വിശ്വാസവും വിശുദ്ധിയും അമ്മയിലൂടെ

മാതൃവേദിയുടെ 2020 പ്രവർത്തനവർഷത്തെ ചിന്താവിഷയം "വിശ്വാസവും വിശുദ്ധിയും അമ്മയിലൂടെ" എന്നതാണ്.

## മാതൃകാ ഫൊറോനാകൾ 2019

2019 പ്രവർത്തന വർഷത്തിലെ ഫൊറോനാതല പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന ഫൊറോനാകളെ മാതൃകാഫൊറോനകളായി തെരഞ്ഞെടുത്തു.

ഹൈറേഞ്ച് മേഖല - മുണ്ടിയെരുമ ഫൊറോന

ലോറേഞ്ച് മേഖല - കാഞ്ഞിരപ്പള്ളി ഫൊറോന

തെക്കൻ മേഖല - എരുമേലി ഫൊറോന

**മാതൃകാ യൂണിറ്റുകൾ 2019**

പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളിലെ മികച്ച യൂണിറ്റുകളായി താഴെപ്പറയുന്ന ഇടവക മാതൃവേദികളെ തെരഞ്ഞെടുത്തു.

A - വിഭാഗം (600 ന് മുകളിൽ കുടുംബങ്ങളുള്ള ഇടവകകൾ)

മാതൃകാ യൂണിറ്റ് - താമരക്കുന്ന് (ചിറക്കടവ്)

പ്രവർത്തന മികവുള്ള യൂണിറ്റുകൾ

കപ്പാട്, വെളിച്ചിയാനി, പൊൻകുന്നം

B - വിഭാഗം (301 മുതൽ 600 വരെ കുടുംബങ്ങളുള്ള ഇടവകകൾ)

മാതൃകാ യൂണിറ്റ് - ഏയ്ഞ്ചൽവാലി

പ്രവർത്തന മികവുള്ള യൂണിറ്റുകൾ

അഞ്ചലിപ്പ, പുത്തൻകൊരട്ടി, എലിക്കുളം

C - വിഭാഗം (201 മുതൽ 300 വരെ കുടുംബങ്ങളുള്ള ഇടവകകൾ)

മാതൃകാ യൂണിറ്റ് - മുക്കൂട്ടുതറ

പ്രവർത്തന മികവുള്ള യൂണിറ്റുകൾ

തെക്കേമല, പഴയിടം, മുണ്ടിയെരുമ

D - വിഭാഗം (76 മുതൽ 200 വരെ കുടുംബങ്ങളുള്ള ഇടവകകൾ)

മാതൃകാ യൂണിറ്റ് - സീതത്തോട്

പ്രവർത്തന മികവുള്ള യൂണിറ്റുകൾ

മുറിഞ്ഞപുഴ, കരിക്കാട്ടൂർ, പെരിയാർ വള്ളക്കടവ്

E - വിഭാഗം (76 ൽ കുറവ് കുടുംബങ്ങളുള്ള ഇടവകകൾ)

മാതൃകാ യൂണിറ്റ് - സന്യാസിയോട

പ്രവർത്തന മികവുള്ള യൂണിറ്റുകൾ

പെരുനാട്, പാമ്പാടുംപാറ, എരുത്വാപ്പുഴ

## യൂണിറ്റ് സന്ദർശനം

ഡിസംബർ 8-ാം തീയതി ഞായറാഴ്ച രൂപതാ ഡയറക്ടർ വഞ്ചി മല ഇടവക സന്ദർശിച്ച് ബലിയർപ്പിച്ചു. മാതൃവേദി അംഗങ്ങൾക്ക് ക്ലാസ് എടുക്കുകയും യൂണിറ്റ് ഭാരവാഹികളുമായി കൂടിക്കാഴ്ച നട ത്തുകയും ചെയ്തു.

## ഫൊറോനാ മാതൃസംഗമം

കാഞ്ഞിരപ്പള്ളി : ഫൊറോനാ മാതൃസംഗമവും വാർഷികവും ഡിസംബർ 10-ാം തീയതി ചൊവ്വാഴ്ച കൂവപ്പള്ളി ഇടവകയിൽ വച്ചു നടന്നു. വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് അനുഗ്രഹപ്രഭാഷണം നട ത്തി. അമ്മമാർ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

പൊൻകുന്നം : പൊൻകുന്നം ഫൊറോനാ മാതൃവേദി വാർഷി കവും മാതൃസംഗമവും പൊൻകുന്നം ഇടവകയിൽ വച്ച് ഡിസംബർ 11-ാം തീയതി നടന്നു. ബഹു. തോമസ് ഈറ്റോലിൽ അച്ചൻ മുഖ്യാ തിഥിയായിരുന്നു.

മുണ്ടിയെരുമ : മുണ്ടിയെരുമ ഫൊറോന മാതൃവേദി വാർഷി കവും മാതൃസംഗമവും ഡിസംബർ 20-ാം തീയതി വെള്ളിയാഴ്ച മുണ്ടിയെരുമ ഇടവകയിൽ വച്ച് നടന്നു. പൊതുസമ്മേളനവും കലാ പരിപാടികളും സ്നേഹവിരുന്നും വാർഷികത്തിന്റെ ഭാഗമായിരുന്നു.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

- മംഗലവാർത്താക്കാല ധ്യാനത്തിൽ ഒരു വൈദികനുൾപ്പെടെ 8 പേർ പങ്കെടുത്തു.
- നസ്രാണി റിസേർച്ച് സെന്ററിൽ നിന്നുള്ള രണ്ടാമത് മാർ സ്ലീവാ തീർത്ഥാടനം അനുഗ്രഹപ്രദമായി സമാപിച്ചു. 2019 ഡിസംബർ 17, 18, 19 തീയതികളിൽ നടന്ന തീർത്ഥാടനത്തിൽ 5 വൈദിക രുൾപ്പെടെ 70 പേർ പങ്കെടുത്തു. സാന്തോം ബസ്ലിക്കയിലെ മാർത്തോമ്മാ ശ്ലീഹായുടെ കബറിടവും മാർതോമാ ശ്ലീഹാ പ്രാർത്ഥിച്ച ചിന്നമലയിലെ ഗുഹയും ശ്ലീഹ രക്തസാക്ഷിത്വം വരിച്ച മാർത്തോമ്മാ കുന്നിലെ അത്ഭുതസ്ലീവായും സന്ദർശിച്ച് വണങ്ങി. അത്ഭുതസ്ലീവ സ്ഥിതിചെയ്യുന്ന മദ്ബഹയിൽ മാർത്തോ മ്മാസ്ലീവായുടെ തിരുനാൾ ദിനമായ ഡിസംബർ 18-ന് പരിശുദ്ധ കുർബാന അർപ്പിച്ചതായിരുന്നു തീർത്ഥാടനത്തിലെ ഏറ്റവും അനു ഗ്രഹപ്രദമായ നിമിഷങ്ങൾ.

### ആരാധനക്രമാധിഷ്ഠിത ധ്യാനം

നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ ദനഹാക്കാലത്തെ ആരാധനക്രമാധിഷ്ഠിത ധ്യാനം 2020 ജനുവരി 5 -ാം തീയതി ഞായ റാഴ്ച വൈകിട്ട് 5 മണി മുതൽ 10-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണി വരെ നടത്തപ്പെടുന്നതാണ്.

സഭയെയും സഭയുടെ യാമപ്രാർത്ഥനകളെയും കൂദാശക ളെയും കൂടുതൽ മനസ്സിലാക്കി സഭാത്മകമായ ആത്മീയജീവിതം നയിക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഈ ധ്യാനം കാഞ്ഞിര പ്പള്ളി രൂപതയിലെ വൈദികരുടെ നേതൃത്വത്തിലാണ് നയിക്കപ്പെടു ന്നത്. 20 പേർക്കായി നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ താഴെ കാണുന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക.

ഫാ. ജയിംസ് ചവറപ്പുഴ 9447312444
ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ 9447367925

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ഡിസംബർ**

01 വൈദികവിദ്യാർത്ഥികളുടെ മാസധ്യാനം നടത്തപ്പെട്ടു. പെരിയ ബഹു. മാർട്ടിൻ വെള്ളിയാംകുളം അച്ചൻ ധ്യാനത്തിന് നേതൃത്വം നൽകി.

07 കായിക മത്സരങ്ങൾ നടത്തപ്പെട്ടു.

08 പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ആഘോഷിച്ചു.

10 അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ 75-ാം ജന്മദിനം സെമിനാരി കുടുംബം സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് പരിശുദ്ധ കുർബനയർപ്പിച്ച് സന്ദേശം നൽകി. ബഹു. റെക്ടറച്ചൻ അഭിവന്ദ്യ പിതാവിന് ജന്മദിനാശംസകൾ നേർന്ന് സംസാരിച്ചു.

18 മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ തിരുനാൾ ആഘോഷിച്ചു.

20 ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തപ്പെട്ടു. വൈദികവിദ്യാർത്ഥികൾ ക്രിസ്തുമസിനോടനുബന്ധിച്ചുള്ള വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ബഹു. റെക്ടറച്ചൻ ക്രിസ്തുമസ്ദിന സന്ദേശം നൽകി.

21-22 നമ്മുടെ രൂപതയിലെ മേജർ സെമിനാരി വിദ്യാർത്ഥികൾ സെമിനാരിയിൽ ഒത്തുചേർന്നു. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവും അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവും പെരിയ ബഹു. ജസ്റ്റിൻ പഴേപറമ്പിലച്ചും വൈദിക വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

22 ക്രിസ്തുമസ് അവധി ആരംഭിച്ചു.

28-29 ഈ വർഷത്തെ ദൈവവിളിക്യാമ്പ് 28-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ആരംഭിച്ച് 29-ാം തീയതി ഉച്ചയ്ക്ക് ഒരു മണിയോടുകൂടെ അവസാനിച്ചു.

**ഫാ. ജോൺ പനച്ചിക്കൽ**
**റെക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

### സോണൽ ഡേ

പ്രതിമാസ സോണൽ ഡേ കൂട്ടായ്മ ഡിസംബർ 3-ന് ചൊവ്വാഴ്ച ആവേ മരിയ നിത്യാരാധന ചാപ്പലിൽ നടന്നു. രാവിലെ 9.30-ന് ജപമാലയോടുകൂടി ആരംഭിച്ച്, സ്തുതി, ആരാധന ഇവയ്ക്കു ശേഷം ബഹു. മാത്യു ഓലിക്കലച്ചൻ വചനം വായിച്ച് സന്ദേശം നൽകി. പുതിയ സബ്സോണുകളിൽ നിന്നുള്ള അംഗങ്ങളുടെ സജീവസാന്നിദ്ധ്യം സോണൽ ഡേയെ ശ്രദ്ധേയമാക്കി.

### സബ്സോൺ പ്രവർത്തനങ്ങൾ

റാന്നി സബ്സോണിന്റെ ആനിമേറ്ററായി ബഹു. ജോർജ് തെരുവൻകുന്നേലച്ചൻ ചുമതലയേറ്റു. പുതിയ സബ്സോണുകൾ സംയുക്തയോഗത്തിലൂടെ പഴയ സബ്സോണുകളിൽ നിന്നും റിക്കാർഡുകളും അക്കൗണ്ട്സും സ്വീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സബ്സോണിൽ മിനിസ്ട്രികളെ രൂപീകരിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി പൊൻകുന്നം സബ്സോൺ ഡിസംബർ 19-ന് ശുശ്രൂഷകരുടെ യോഗം വിളിച്ചുകൂട്ടി മിനിസ്ട്രികളുടെ തെരഞ്ഞെടുപ്പു നടത്തി. ശ്രീ. ചാക്കോച്ചൻ കടമപ്പുഴ, ശ്രീ. അബ്രാഹം കുമ്പുക്കൽ എന്നിവർ നേതൃത്വം നൽകി.

### സ്കൂൾ ഓഫ് ഇന്റർസെഷൻ

കളമശ്ശേരി എമ്മാവൂസിൽ ഡിസംബർ 2 മുതൽ 7 വരെ നടന്ന മദ്ധ്യസ്ഥപ്രാർത്ഥനാ സ്കൂളിൽ തൂവാനീസാ കോ-ഓർഡിനേറ്റർ എത്സമ്മ ടോം ആയല്ലൂർ, ക്രിസ്റ്റീൻ മിനിസ്ട്രി സെക്രട്ടറി ഡെയ്സി സിബി പുതുപ്പറമ്പിൽ എന്നിവർ പങ്കെടുത്തു.

## തിരുവചനക്കളരി

തിരുവചനക്കളരിയുടെ ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഡിസംബർ 6-ന് എരുത്വാപ്പുഴ പള്ളിയിൽ നടന്നു. 28 പേർ പങ്കെടുത്ത പ്രോഗ്രാമിൽ ശ്രീമതി ലൂസി കാരയ്ക്കാട്ട്, ശ്രീമതി ലില്ലി ജോസ് കല്ലറയ്ക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. ചെങ്കൽ പള്ളിയിൽ വച്ചു നടത്തപ്പെട്ട തിരുവചനക്കളരിയുടെ ക്ലാസിൽ 167 കുട്ടികൾ പങ്കെടുത്തു. സി. സെലിൻ എസ്.എച്ച്., സി. റോസ് മേരി എസ്.എച്ച്., ശ്രീ. അബ്രാഹം കുമ്പുക്കൽ, ശ്രീമതി ലില്ലി ജോസ് കല്ലറയ്ക്കൽ, ശ്രീമതി റാണി സോണി ചെല്ലന്തറ എന്നിവർ നേതൃത്വം നൽകി. ഡിസംബർ 6-ന് എരുത്വാപ്പുഴയിൽ നടന്ന തിരുവചനക്കളരിയുടെ ക്ലാസിൽ 65 കുട്ടികൾ പങ്കെടുത്തു. ശ്രീമതി ലൂസി ജോസഫ് കാരയ്ക്കാട്ട്, ശ്രീമതി കൊച്ചുറാണി പന്തല്ലൂപ്പറമ്പിൽ എന്നിവർ ക്ലാസുകൾ നയിച്ചു. ഡിസംബർ 14-ന് കൊല്ലമുള മരിയഗൊരേത്തി ദൈവാലയത്തിൽ നടന്ന തിരുവചനക്കളരിയിൽ 89 കുട്ടികൾ പങ്കെടുത്തു. ശ്രീമതി ലൂസി കാരയ്ക്കാട്ട്, ശ്രീമതി ലില്ലി കല്ലറയ്ക്കൽ, ശ്രീമതി കൊച്ചുറാണി പന്തല്ലൂപറമ്പിൽ എന്നിവർ നേതൃത്വം നൽകി. ഡിസംബർ 14-ന് മുണ്ടക്കയം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചു നടന്ന തിരുവചനക്കളരിയ്ക്ക് ശ്രീമതി ലില്ലി സെബാസ്റ്റ്യൻ പുരയിടത്തിൽ ശ്രീമതി റാണി റോയി കപ്പലുമാക്കൽ എന്നിവർ നേതൃത്വം നൽകി. അന്നേദിവസം തന്നെ പൊൻകുന്നം ഫൊറോനാ ദൈവാലയത്തിൽ നടന്ന തിരുവചനക്കളരി ക്ലാസുകൾ ശ്രീമതി റാണി സോണി ചെല്ലന്തറ, ശ്രീമതി എൽസമ്മ റ്റോം ആയല്ലൂർ എന്നിവർ നയിച്ചു.

## ഒറീസ്സാ മിഷൻ

ഒറീസ്സായിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തുന്ന വിവിധ സംഘടനകളുടെ ബുദ്ധിമുട്ടുകൾ നേരിട്ടറിയാൻ ഇടയായതിന്റെ വെളിച്ചത്തിൽ ഒരു നിത്യാരാധന ചാപ്പലിന്റെയും ഫോർമേഷൻ ഹൗസിന്റെയും സാധ്യതകളെക്കുറിച്ച് പ്രാഥമിക പഠനം നടത്താൻ സോണൽ സെക്രട്ടറി ശ്രീ. സണ്ണി ജോസഫ് എട്ടിയിലും നാഷണൽ ഇന്റർസെഷൻ സെക്രട്ടറി ശ്രീ. വർഗീസ് പോൾ എറണാകുളവും ഡിസംബർ 12 മുതൽ 20 വരെ ഒറീസ്സായിലെ വിവിധ മിഷൻ സെന്ററുകൾ

# ആവേ മരിയ റിട്രീറ്റ് സെന്റർ

**ആവേ മരിയ ഏകദിന കൺവൻഷൻ**

ഡിസംബർ മാസത്തെ ഏകദിനകൺവൻഷനുകൾ 6, 13, 20, 27 തീയതികളിൽ നത്തപ്പെട്ടു. ശുശ്രൂഷകൾക്ക് യഥാക്രമം റവ. ഫാ. മാത്യു ഓലിക്കൽ, റവ. ഫാ. തോമസ് കാഞ്ഞിരക്കാട്ട്, റവ. ഫാ. ജിക്കു നരിപ്പാറ, റവ. ഫാ മാത്യു നിരവത്ത് എന്നിവർ നേതൃത്വം നൽകി. ശുശ്രൂഷകൾക്ക് റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ,

---

## കാത്തലിക് കരിസ്മാറ്റിക് നവീകരണം

സന്ദർശിച്ചു. റായ്ഗഡ് രൂപതാദ്ധ്യക്ഷൻ മാർ അവ്ലിനാർ സേനാപതി, മലങ്കര മിഷൻ പിതാവ് മാർ ബർണബാസ്, സീറോ മലബാർ മിഷൻ പിതാവ് മാർ റാഫേൽ തട്ടിൽ എന്നിവരുമായി ആശയവിനിമയം നടത്തിയതിന്റെ ഫലമായി എത്രയും വേഗം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും ഉചിതമായ സ്ഥലം കണ്ടെത്താനും തീരുമാനിച്ചു.

ഒറീസായിലെ ചന്ദ്രപ്പൂർ ഇടവകയ്ക്കു വേണ്ടി സമാഹരിച്ച 3 ടൺ വസ്ത്രങ്ങൾ പൊൻകുന്നത്തുനിന്നും നവംബർ 29-ന് പാഴ്സൽ സർവ്വീസിൽ കയറ്റി അയയ്ക്കുകയും ഡിസംബർ 18-ന് ചന്ദ്രപ്പൂർ ഇടവകയിൽ എത്തുകയും ചെയ്തു.

**I.H.S കോഴ്സ്**

ബ്രദർ ബിജു ഓഫ് ഇമ്മാക്കുലേറ്റ് മേരിയുടെ നേതൃത്വത്തിൽ IHS കോഴ്സ് ഡിസംബർ 18 മുതൽ പൊടിമറ്റം N.R.C.-യിൽ നടന്നു. ഡിസംബർ 23-ന് ഉച്ചകഴിഞ്ഞ് ബഹു. മാത്യു ഓലിക്കലച്ചന്റെ അഭിഷേക പ്രാർത്ഥനയോടെ സമാപിച്ചു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

റവ. ഫാ. സിറിൽ മുതുകുന്നേൽ, റവ. ഫാ. സെബാസ്റ്റ്യൻ ചിറയ്ക്കലകത്ത്, റവ. ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട്, റവ. ഫാ. ജോസ് കാരിമറ്റം എന്നിവർ സഹായിച്ചു.

**മരിയൻ ധ്യാനം**

ആവേ മരിയ ഭവനത്തിന്റെ നേതൃത്വത്തിൽ എല്ലാ മാസവും ആദ്യവെള്ളിയാഴ്ച മുതൽ ഞായറാഴ്ച വരെ നടത്താറുള്ള മരിയൻ ധ്യാനം ഡിസംബർ 6, 7, 8 തീയതികളിൽ തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടത്തി. ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ നേതൃത്വം നൽകി. റവ. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ബ്രദർ ഷൈജു വാണികുളം, ബ്രദർ ജോയി പൂവത്തിങ്കൽ, ബ്രദർ ബോണി താഴത്തേടത്ത്, ബ്രദർ സജി താന്നിക്കത്തൊട്ടിയിൽ, സിസ്റ്റർ മരിയ സി.എം.സി. എന്നിവർ സഹായിച്ചു. അടുത്ത മാസത്തെ ധ്യാനം 2020 ജനുവരി 3, 4, 5 തീയതികളിൽ നടക്കും.

**സ്പിരിച്വൽ ഷെയറിംഗ്**

എല്ലാ ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 9.30 മുതൽ 2.30 p.m. വരെ ആവേ മരിയായിൽ സ്പിരിച്വൽ ഷെയറിംഗ് നടത്തുന്നു. അനേകമാളുകൾ സ്പിരിച്വൽ ഷെയറിംഗിൽ പങ്കെടുത്ത് ദൈവാനുഗ്രഹം പ്രാപിക്കുന്നു.

**ആവേമരിയായുടെ നേതൃത്വത്തിൽ നടന്ന കൺവൻഷനുകൾ**

ആനക്കല്ല് സെന്റ് ആന്റണീസ് ഇടവക, നെയ്യാട്ടുശ്ശേരി സെന്റ് ജോർജ് ഇടവക, പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്റർ (NRC), പാലാ താബോർ ധ്യാനകേന്ദ്രം എന്നിവിടങ്ങളിൽ ആവേമരിയായുടെ നേതൃത്വത്തിൽ കൺവൻഷനുകൾ നടത്തപ്പെട്ടു.

**പ്രേഷിത കൂട്ടായ്മ**

ആവേ മരിയായിലെ പ്രേഷിതരുടെ കൂട്ടായ്മയും ക്രിസ്മസ് ആഘോഷവും ഡിസംബർ 18-ാം തീയതി നടത്തപ്പെട്ടു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**1. കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവൻഷൻ**

2019 ഡിസംബർ 07-ന് കൃപാഭിഷേകം ആദ്യശനി ബൈബിൾ കവൻഷൻ നടന്നു. 2019 ഡിസംബർ 07 വെള്ളിയാഴ്ച രാത്രി 07.30 മുതൽ ആദ്യശനിയാഴ്ച രാവിലെ 9 മണിവരെ ദിവ്യകാരുണ്യ ആരാധനയും തുടർന്ന് വചനപ്രഘോഷണവും ദിവ്യകാരുണ്യ പ്രദക്ഷിണവും ആഘോഷപൂർവകമായ വിശുദ്ധ ബലിയും ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി എം ഐ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, ബ്രദർ. ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

**2. കൃപാനുഭവധ്യാനം**

2019 ഡിസംബർ 01 മുതൽ ഡിസംബർ 05 വരെ ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ കൃപാനുഭവധ്യാനം നടത്തപ്പെട്ടു. 13 വൈദികരും 41 സിസ്റ്റേഴ്സും 605 അത്മായരും ധ്യാനത്തിൽ പങ്കെടുത്തു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി എം ഐ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, ബ്രദർ. ജയ്സൺ, ബ്രദർ ജോബിൻസ്, ബ്രദർ ജോസി, മാനേജർ ബ്രദർ വിമൽ സണ്ണി തുടങ്ങിയവർ ശുശ്രൂഷകളിൽ സഹായിച്ചു.

**3. ഏകദിന ബൈബിൾ കൺവൻഷൻ**

അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ 2019 ഡിസംബർ 14, 21 തീയതികളിൽ ഏകദിന ഉപവാസപ്രാർത്ഥനയും വചനപ്രഘോഷണവും നടന്നു. രാവിലെ 09 മണിക്കു ജപമാല, തുടർന്നു വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, വിശുദ്ധ കുർബാന, പരിശുദ്ധ റോസാമിസ്റ്റിക്കാ മാതാവിനോടുള്ള പ്രാർത്ഥന, വി. സ്ലീവായോടുള്ള പ്രാർത്ഥന എന്നിവ നടത്തപ്പെട്ടു. റവ. ഫാ. തോമസ് അറ

യ്ക്കൽ, റവ. ഫാ. ചാക്കോച്ചൻ കളപ്പുര സി.എം.ഐ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, ബ്രദർ ജയ്സൺ, ബ്രദർ ജോസ്, ബ്രദർ ജോസി തുടങ്ങിയവർ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

**4. ബൈബിൾ കൺവൻഷൻ**

2019 നവംബർ 21 മുതൽ 25 വരെ കോഴിക്കോടും നവംബർ 27 മുതൽ ഡിസംബർ 01 വരെ ദൈവശബ്ദം, തൃശ്ശൂരും 2019 ഡിസംബർ 14 മുതൽ 18 വരെ മുട്ടം, ചേർത്തല ആലപ്പുഴയിലും 2019 ഡിസംബർ 20 മുതൽ 22 വരെ മിയാമി, ഫ്ളോറിഡയിലും ബൈബിൾ കൺവൻഷൻ നടന്നു.

**5. മരിയൻ മധ്യസ്ഥ പ്രാർത്ഥന**

2019 ഡിസംബർ 13, 20 എന്നീ തീയതികളിൽ മരിയൻ പ്രേഷിതരുടെ ഏകദിന ഉപവാസ പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും ജപമാലയും സ്ലീവാപ്പാതയും മറ്റു പരിഹാരപ്രാർത്ഥനകളും നടത്തി. മധ്യസ്ഥപ്രാർത്ഥന പരിശുദ്ധ കുർബാനയോടെ സമാപിച്ചു.

**6. സ്പിരിച്ച്വൽ ഷെയറിംഗ്**

കൃപാനുഭവ ധ്യാനദിനങ്ങളും ഞായറാഴ്ചകളും ഒഴികെയുള്ള ദിവസങ്ങളിൽ സ്പിരിച്ച്വൽ ഷെയറിംഗ് ശുശ്രൂഷ നടന്നു. വൈദികരും സന്യസ്തരും അത്മായരും ശുശ്രൂഷകളിൽ സഹായിച്ചു. 750 ആളുകൾ സ്പിരിച്ച്വൽ ഷെയറിംഗ് നടത്തി ദൈവാനുഗ്രഹം പ്രാപിച്ചു.

ഞായറാഴ്ചകളിലും കൃപാനുഭവധ്യാനവും ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും സ്പിരിച്ച്വൽ ഷെയറിംഗിനുള്ള സൗകര്യമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

**വരും മാസങ്ങളിലെ കൃപാനുഭവധ്യാനങ്ങൾ**

**2019 ഡിസംബർ**

2019 ഡിസംബർ 29 – 2020 ജനുവരി 03 വരെ


**2020 ജനുവരി**

2020 ജനുവരി 19 – 24 (ബുക്കിംഗ് – ഡിസംബർ 23)

2020 ജനുവരി 25 – 30 (ബുക്കിംഗ് – ഡിസംബർ 27)

വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04868 253300, 96561 41917

**ഫാ. ഡോമിനിക്ക് വാളന്മനാൽ**
**ഡയറക്ടർ**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- കാഞ്ഞിരപ്പള്ളി അമലാ പ്രൊവിൻസിലെ എല്ലാ മഠങ്ങളിലും വികർ പ്രൊവിൻഷ്യൽ സി. ലിസ്യു തെരേസ് PRT ക്ലാസുകൾ നടത്തി.
- ആലുവ സി.എം.സി. ജനറലേറ്റിൽ വച്ച് നടത്തിയ Doctors meet-ൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ആനീസ്, ഡോ. സി. കാർമ്മലി, ഡോ. സി. ജോബീസ് മരിയ എന്നിവർ സംബന്ധിച്ചു.
- കാഞ്ഞിരപ്പള്ളിയിൽ വച്ച് നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ വികർ പ്രൊവിൻഷ്യൽ സി. ലിസ്യൂ തെരേസ് സംബന്ധിച്ചു.
- All Kerala Prison Ministry-യുടെ നേതൃത്വത്തിൽ നടന്ന പീരുമേട് ജയിൽ സന്ദർശന പരിപാടിയിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു. ആലുവ മംഗലപ്പുഴ സെമിനാരിയിൽ നിന്നും എത്തിയ ബ്രദേഴ്സിന് പ്രൊവിൻഷ്യൽ ഹൗസിൽ ഹൃദ്യമായ സ്വീകരണം നൽകി. അവർ ചെറിയ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.
- ഇടുക്കി ജില്ലയിലെ യു.പി. സ്കൂൾ വിഭാഗത്തിൽ നല്ല ജൈവ പച്ചക്കറി കൃഷി നടത്തുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ മികച്ച സ്കൂൾ സ്ഥാപനാധികാരിയ്ക്കുള്ള അവാർഡിന് പുളിയന്മല K.E.U.P. സ്കൂൾ ഹെഡ്മിസ്ട്രസ് സി. സിൽവി സി.എം.സി. അർഹയായി. സിസ്റ്ററിന് അഭിനന്ദനങ്ങൾ.
- കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തിയ അസാധാരണ മിഷൻ സംഗമത്തിൽ സി. ആനീസ്, സി. അനില എന്നിവർ സംബന്ധിച്ചു.

- ഇടവകകളിൽ വച്ചു നടത്തിയ ക്രിസ്തുമസ് പരിപാടികളിൽ സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ഡിസംബർ 26 മുതൽ 31 വരെ തീയതികളിൽ പൊടിമറ്റം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തിയ ധ്യാനത്തിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിച്ചു.
- 2019 ബാച്ചിലെ ആസ്പിരൻസിന്റെ കോൺവൊക്കേഷൻ പരിപാടികൾ നിർമ്മല തിയോളജിക്കൽ കോളേജിൽ വച്ച് നടന്നു. പ്രസ്തുത പരിപാടിയിൽ സി. റോസിറ്റ സംബന്ധിക്കുകയും ആസ്പിരൻസിന് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു.
- ഇൻഡോനേഷ്യയിലെ ഇന്റർ നാഷണൽ അസ്സോസിയേഷൻ ഏർപ്പെടുത്തിയ 2019-ലെ ഏറ്റവും മികച്ച കോളേജ് പ്രൊഫസർക്കുള്ള നാഷണൽ അവാർഡിന് കാഞ്ഞിരപ്പള്ളി സി.എം. സി. അമലാ പ്രോവിൻസ് അംഗവും തൃശൂർ വിമലാ കോളജ് പ്രൊഫസറുമായ ഡോ. സി. ജീനാ തെരേസ് സി.എം.സി. അർഹയായി. സി. ജീനാ തെരേസിന് പ്രാർത്ഥനാപൂർവ്വമായ ആശംസകൾ, അഭിനന്ദനങ്ങൾ.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- പ്രൊവിൻഷ്യൽ സി. അമലയുടെ നാമഹേതുകതിരുനാൾ സമുചിതമായി ആഘോഷിച്ചു. വെരി റവ. ഫാ. മാർട്ടിൻ വെള്ളിയാംകുളം ആഘോഷമായ ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നൽകി പ്രാർത്ഥനാശംസകൾ നേർന്നു.
- വിവിധ സ്ഥലങ്ങളിലായിരുന്ന ജൂണിയർ സിസ്റ്റേഴ്സിനെ ഒരുമിച്ചു ചേർത്ത്, പ്രാർത്ഥന, ക്ലാസ്, മത്സരങ്ങൾ എന്നിങ്ങനെ വിവിധ പരിപാടികൾ ഉൾപ്പെടുത്തി 'ജൂണിയേഴ്സ് ഡേ' ആഘോഷിച്ചു.
- സഭാവസ്ത്രം സ്വീകരിച്ച് സമർപ്പിത ജീവിതത്തിലേക്ക് പുതിയതായി കടന്നുവന്ന സിസ്റ്റേഴ്സിന് കാഞ്ചിയാർ, മുക്കുളം ഇടവകകളിലും മുണ്ടക്കയം ഫൊറോനാപള്ളി പാരീഷ് ഹാളിൽ നടന്ന യുവജന കൺവൻഷനിലും ഹൃദ്യമായ സ്വീകരണം നൽകി അഭിനന്ദിച്ചു.
- പ്രൊവിൻഷ്യലമ്മയും സിസ്റ്റേഴ്സും ചേർന്ന് അഭിവന്ദ്യ മാർ

മാത്യു അറയ്ക്കൽ പിതാവിന് ജന്മദിനാശംസകൾ നൽകി.

- ബഹു. ജനറാളമ്മ, സി. ആൻ ജോസഫ് ഔദ്യോഗിക സന്ദർശ നത്തിനായി പ്രൊവിൻഷ്യൽ ഹൗസിൽ എത്തി മൂന്നു ദിവസം ഞങ്ങളോടൊപ്പം സമയം ചിലവഴിച്ചു.
- ഞങ്ങളുടെ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപനദിനമായ ഡിസംബർ 14-ാം തീയതി അഞ്ചു സന്യാസാർത്ഥിനികൾ പ്രോസ്റ്റുലൻസിയിലും നാലുപേർ നൊവിഷ്യറ്റിലും പ്രവേശിച്ച് പരിശീലനം തുടരുന്നു.
- ജയിൽ മിനിസ്ട്രിയിൽ ശുശ്രൂഷ ചെയ്യുന്ന മംഗലപ്പുഴ മേജർ സെമിനാരി വിദ്യാർത്ഥികൾ പ്രൊവിൻഷ്യൽ ഹൗസിൽ എത്തി കലാപരിപാടികൾ അവതരിപ്പിക്കുകയും ക്രിസ്തുമസ് സന്ദേശം നൽകുകയും ചെയ്തു.
- എരുമേലി MES കോളേജിലെ MSW വിദ്യാർത്ഥികൾ മുണ്ടക്കയ ത്തുള്ള Shelter Home ലെയും Old Age Home ലെയും അംഗങ്ങളോ ടൊപ്പം ഭക്ഷണം കഴിച്ച്, കലാപരിപാടികൾ അവതരിപ്പിച്ച് ക്രിസ്തുമസിന്റെ സന്തോഷവും സമാധാനവും പങ്കുവച്ചു.
- ക്രിസ്തുമസിനോടനുബന്ധിച്ച് സി. റ്റെസി മരിയയുടെ നേതൃ ത്വത്തിൽ പൊൻകുന്നം ജയിൽ സന്ദർശിച്ച് കേക്കു വിതരണം നടത്തി ആശംസകൾ നേർന്നു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- സാൻ ജിയോവാനി പ്രൊവിൻഷ്യൽ ഹൗസിന്റെ രജതജൂബിലി ദിനത്തിൽ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ മാത്യു അറ യ്ക്കൽ ദിവ്യബലിയർപ്പിച്ച് ദൈവത്തിന് നന്ദി പറഞ്ഞു. അന്നേ ദിനം അഭിവന്ദ്യപിതാവിന് ജന്മദിനമംഗളങ്ങളും ആശംസിച്ചു.
- ആലുവാ ജനറലേറ്റിൽ വച്ച് നടത്തപ്പെട്ട PSAF Meeting-ൽ ബഹു. മദർ പ്രൊവിൻഷൽ സി. അമല കിടങ്ങത്താഴെയും, സി. റ്റിൻസി വരകുകാലായും, സി. റെയ്ച്ചൽ വെള്ളക്കടയും, സി. ജ്യോതി കുന്നപ്ലാത്തും സംബന്ധിച്ചു.
- അദ്ധ്യാപക മേഖലയിൽ സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന്റെ യും സെന്റ് ജോൺസ് പ്രോവിൻസിന്റെ മാനേജുമെന്റിന്റെ കീഴി

ലുള്ള എല്ലാ അദ്ധ്യാപകരുടെയും സംയുക്തസംഗമം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. 80 റ്റീച്ചേഴ്സ് സംബന്ധിച്ച പ്രസ്തുത സമ്മേളനത്തിൽ റവ. ഡോ. ജോർജ്ജ് സെബാസ്റ്റ്യൻ എസ്.ജെ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

- ലോക എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് പൊൻകുന്നം ജനമൈത്രി പോലീസ് സംഘടിപ്പിച്ച രക്തദാനക്യാമ്പിലും, സെമിനാറിലും ബഹു. പ്രൊവിൻഷ്യലമ്മയും, കൗൺസിലേഴ്സും സംബന്ധിച്ചു.
- ലോകഭിന്നശേഷിദിനത്തോടനുബന്ധിച്ച് ആനിത്തോട്ടം നല്ലിടയൻ ആശ്രമത്തിന്റെ വാർഷികസമ്മേളനവും, രക്ഷാകർതൃസമ്മേളനവും നടത്തപ്പെട്ടു. സോഷൽ വർക്ക് കൗൺസിലർ സി. റ്റിൻസി വരകുകാലയിൽ സ്വാഗതവും, റവ.ഫാ.റോയി വടക്കേൽ മുഖ്യപ്രഭാഷണവും, ബഹു. മദർ പ്രൊവിൻഷൽ സി. അമല കിടങ്ങത്താഴെ അദ്ധ്യക്ഷപ്രസവും നടത്തി. കാഞ്ഞിരപ്പള്ളി S.I. ശ്രീ മുഖേഷ് മുഖ്യാതിഥി ആയിരുന്നു.
- പൊടിമറ്റം നിർമ്മലാ തിയളോജിക്കൽ കോളേജിൽ വച്ച് നടത്തപ്പെട്ട Postulants Convocation പരിപാടിയിലും, പുതുതായി വ്രതവാഗ്ദനം നടത്തിയ സിസ്റ്റേഴ്സിനുള്ള അഭിനന്ദന മീറ്റിംഗിലും ബഹു. മദർ പ്രൊവിൻഷൽ സി. അമല കിടങ്ങത്താഴെ സംബന്ധിച്ചു.
- ആരാധനാസന്യാസിനീസമൂഹത്തിന്റെ സഹസ്ഥാപക ദൈവദാസി ഷന്താളമ്മയുടെ ജന്മദിനാഘോഷത്തിന് മുന്നോടിയായി ഇടവകകളിലെ വിധവകളായ സ്ത്രീജനങ്ങൾക്കായി ഏകദിന സെമിനാർ നടത്തപ്പെട്ടു. ബഹു. ഷന്താളമ്മയെക്കുറിച്ച് സിസ്റ്റേഴ്സ് ക്ലാസ്സ് എടുത്തു.
- കാഞ്ഞിരപ്പള്ളി രൂപതയിൽ ഈ വർഷം രജതജൂബിലി ആഘോഷിക്കുന്ന ബഹു വൈദികർക്ക് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂബിലി മംഗളങ്ങൾ ആശംസിച്ചു.
- അമലോത്ഭവ മാതാവിന്റെ നാമധാരിയായ ബഹു. പ്രൊവൻഷ്യമലമ്മയുടെ നാമഹേതുകത്തിരുനാൾ ആഘോഷിച്ചു. തദവസരത്തിൽ റവ. ഡോ. സെബാസ്റ്റ്യൻ മുതുപ്ലാക്കലച്ചൻ ബഹു. അമ്മയ്ക്കുവേണ്ടി സുറിയാനികുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. എല്ലാ മഠങ്ങളിൽ നിന്നുമുള്ള സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ

ഹൗസിൽ എത്തുകയും അമ്മയ്ക്ക് മംഗളങ്ങൾ ആശംസിക്കുകയും ചെയ്തു.

- തൃശൂർ ചോറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ട രണ്ട് ദിവസത്തെ സോഷ്യൽ വർക്ക് മീറ്റിംഗിൽ കൗൺസിൽ സി. റ്റിൻസി വരകുകാല, സി. അൻസിൻ മാറുകാട്ടുകുന്നേൽ എന്നിവർ സംബന്ധിച്ചു.
- പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ ബഹു. മദർ പ്രൊവിൻഷൽ സി. അമല കിടങ്ങത്താഴെ സംബന്ധിച്ചു.
- ഇടക്കുന്നം മേരിമാതാ പബ്ലിക് സ്കൂൾ കെ.ജി വിഭാഗത്തിന്റെ Annual Day സമ്മേളനത്തിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ കൗൺസിലർ സി. മെർളിൻ കാഞ്ഞിരത്തിങ്കൽ നിർവ്വഹിച്ചു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- ജമ്മു-ശ്രീനഗർ രൂപതാ ബിഷപ്പ് അഭി. മാർ ഐവാൻ പെരേര-യെ സിസ്റ്റേഴ്സ് സന്ദർശിച്ചു.
- ജമ്മു-ശ്രീനഗർ രൂപതാ അകൽപൂർ ഇടവകയിൽ വച്ചു നടന്ന, ജമ്മു രൂപതാംഗമായ സി. ഷാലു കണ്ഠ്യാരെയുടെ നന്ദിപ്രകാശന വിശുദ്ധ കുർബ്ബാനയിലും സ്വീകരണച്ചടങ്ങിലും സിസ്റ്റേഴ്സ് പങ്കെടുത്തു.
- കട്ടപ്പന മുനിസിപ്പാലിറ്റിയോട് ചേർന്ന് റോട്ടറി ക്ലബ്ബ്, മറ്റ് ഉപകാരികൾ എന്നിവരുടെ സഹായത്തോടെ വീടുകളിലെ കിടപ്പുരോഗികൾക്കായി ആരംഭിച്ച ഉച്ചഭക്ഷണവിതരണം ബ്രദർ ഫോർത്തുനാത്തൂസ് സാരഥിയുടെ നേതൃത്വത്തിൽ ആരംഭിച്ചു.
- കട്ടപ്പന ഫോറോനാ ദൈവാലയത്തിൽവച്ചു നടന്ന രൂപതാ ബൈബിൾ കൺവൻഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽവച്ചു നടന്ന പാസ്റ്ററൽ കൗൺസിലിൽ സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസ് പങ്കെടുത്തു.
- ബ്രദർ ഫോർത്തുനാത്തൂസ് സാരഥിയുടെ നേതൃത്വത്തിൽ കട്ട

പ്പന ആകാശപ്പറവ ആശ്രമത്തിൽവച്ചു നടത്തിയ ക്രിസ്തുമസ് ആഘോഷ പരിപാടിയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. പ്രസ്തുത ചടങ്ങിൽ സുപ്പീരിയർ ജനറൽ റവ. സി. മേഴ്സി തോമസ് ആശംസകൾ അർപ്പിച്ചു.

- ജൂനിയേഴ്സ് ഡേ ആഘോഷിച്ചു.
- ക്രിസ്തുമസിന് ഏതാനും ഭവനങ്ങൾ സന്ദർശിച്ച് കേക്ക് വിതരണം ചെയ്തു.
- എല്ലാ ഭവനങ്ങളിലും ക്രിസ്തുമസ് സമുചിതമായി ആഘോഷിച്ചു.

  ക്രിസ്തുമസിനോടനുബന്ധിച്ച് കൂട്ടായ്മയിലെ കുട്ടികളുടെ സംഗമം കട്ടപ്പന ജനറലേറ്റ് ഭവനത്തിൽ വച്ച് നടത്തി.
- രണ്ട് രോഗികൾക്ക് ചികിത്സാ സഹായം നൽകി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- Superiors and Animators Meet പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു.
- അഭിവന്ദ്യ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ ചരമദിനത്തിൽ പാസ്റ്ററൽ സെന്ററിൽ നടന്ന സിമ്പോസിയത്തിൽ സി. എലിസബത്ത് മേരി എസ്.എച്ച്. പങ്കെടുത്തു.
- അസാധാരണ മിഷൻ മാസത്തോടനുബന്ധിച്ച് കാക്കനാട് പി.ഒ.സി.യിൽ നടന്ന മിഷൻ കോൺഫറൻസിൽ Evangelization Councillor സി. എലിസബത്ത് മേരി എസ്.എച്ച്. പങ്കെടുത്തു.
- ഇടവകകളിലെ സൺഡേസ്കൂൾ കുട്ടികൾക്കും പക്വതയും ജീവിതാനുഭവവുമുള്ള മാതാപിതാക്കൾക്കും കൃത്യമായ മൊഡ്യൂളുകളിലൂടെ വചനപഠന പരിശീലനം നൽകി. അത്മായ പ്രേഷിത ലൂസിടീച്ചറും സി. സെലിൻ പൂവത്തിങ്കലും അടങ്ങുന്ന ടീം 'തിരുവചനക്കളരി' എന്ന വചനപ്രഘോഷണ സംരംഭം കണ്ണൂർ, കൈപ്പള്ളി എന്നിവിടങ്ങളിൽ നടത്തി. കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, തലശ്ശേരി, പാലാ എന്നീ രൂപതകളിലായി 20 ഇടവകകളിൽ ഇതിനോടകം തിരുവചനക്കളരി ആരംഭിച്ചു കഴിഞ്ഞു.

- റവ. ഫാ. കുര്യൻ താമരശ്ശേരി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യ ബലി അർപ്പിച്ചു. തദവസരത്തിൽ അച്ചന് ജൂബിലി മംഗളങ്ങൾ നേർന്നു.
- കോട്ടയം ജനറലേറ്റിൽ നടന്ന ഫാമിലി അപ്പസ്തോലേറ്റ് കൗൺസിലിങ്ങ് കോഴ്സിൽ സി. എലിസബത്ത് മേരി എസ്.എച്ച്., സി. മരിയ ജെയിംസ് എസ്.എച്ച്. സി. മരിയ ആന്റോ എസ്.എച്ച്. എന്നിവർ പങ്കെടുത്തു.
- നിർമ്മല തിയോളജിക്കൽ കോളേജിലെ കോൺവൊക്കേഷൻ പ്രോഗ്രാമിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേരി ഫിലിപ്പ് എസ്.എച്ച്. പങ്കെടുത്തു.
- എസ്.എച്ച്. വിമലാ പ്രൊവിൻസിന്റെ പ്രൊവിൻസ് ഡേ ഡിസംബർ 14-ന് ആഘോഷിച്ചു. റവ. ഫാ. ജോസഫ് വെള്ളമറ്റം ദിവ്യ ബലി അർപ്പിച്ച് സന്ദേശം നൽകി.
- കട്ടപ്പനയിൽ വച്ച് നടന്ന Corporate Teachers Meet - ൽ Education Councillor സി. റോസ് റ്റോം എസ്.എച്ച്. പങ്കെടുത്തു.
- കോട്ടയം ജനറലേറ്റിൽ നടന്ന Inter - religious Seminar-ൽ സി. റോസ് റ്റോം എസ്.എച്ച്. പങ്കെടുത്തു.
- അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലി അർപ്പിച്ച് സന്ദേശംനൽകി.
- പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. മേരി ഫിലിപ്പിന്റെ നാമ ഹേതുകതിരുനാൾ പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.
- അമലഗിരിയിലും വലിയ തോവാളയിലും സൗഹൃദ കൂട്ടായ്മ കൾ നടത്തി. ക്ലാസുകളും കളികളും നടത്തുകയും മുതിർന്ന വരെ ആദരിക്കുകയും ചെയ്തു.
- കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിനും സ്വഭാവ രൂപീകരണം നടത്തുന്നതിനുമായി 'സാഫല്യ' എന്ന പേരിൽ 5 വർഷത്തെ പദ്ധതി ബഹു. സുപ്പീരിയർ റവ. സി. മേരി ഫിലിപ്പ് പൊടിമറ്റത്ത് ഉദ്ഘാടനം ചെയ്തു.

- പ്രകൃതി സംരക്ഷണവും വിഷരഹിത പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്ന ഏദൻ പദ്ധതിയുടെ ഭാഗമായി അഗ്രോ മനുസ്ക്രിപ്റ്റ് എന്ന പേരിൽ ഒരു കയ്യെഴുത്തു മാസികാമത്സരവും കർഷകശ്രീ അടുക്കളത്തോട്ട മത്സരവും നടത്തി.
- അനുവാദം കിട്ടാത്തതിനാൽ താത്കാലികമായി നിർത്തി വച്ചിരുന്ന പ്രിസൺ മിനിസ്ട്രി വളരെ സജീവമായി പുനരാരംഭിച്ചു. എസ്.എച്ച്. സോഷ്യൽ വർക്ക് ടീം പീരുമേട് ജയിൽ സന്ദർശിക്കുകയും ക്ലാസുകളും കൗൺസിലിങ്ങും നടത്തുകയും ചെയ്തു.
- മദ്യപാനം നിർത്തിയവരുടെ രഹസ്യകൂട്ടായ്മയായ 'മോചന' വളരെ സജീവമായി എല്ലാ ഞായറാഴ്ചകളിലും പൊടിമറ്റത്തു നടന്നുവരുന്നു. അംഗങ്ങളെയെല്ലാം നോമ്പിലേക്കു കുമ്പസാരിപ്പിച്ചൊരുക്കി.
- തലശ്ശേരിയിൽ വച്ച് നടന്ന ജനറൽ കോർ ഗ്രൂപ്പിൽ 3 പേർ പങ്കെടുത്തു.
- ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തിൽ റാന്നി ബസ് സ്റ്റാൻഡിൽ സിഗ്നേച്ചർ ക്യാമ്പയിൻ നടത്തി. റാന്നി എം.എൽ.എ. ബഹു. രാജു എബ്രഹാം പരിപാടി ഉദ്ഘാടനം ചെയ്തു.
- അമലഗിരി സാരഥിയുടെ നേതൃത്വത്തിൽ കിടപ്പുരോഗികളെ സന്ദർശിച്ച് കേക്ക് നൽകി ക്രിസ്തുമസ് ആശംസകൾ അറിയിച്ചു.
- പഴയിടത്ത് വനിതകളുടെ ഒരു പുതിയ സ്വാശ്രയ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

**സി. റ്റെസി മരിയ FCC**
**സെക്രട്ടറി**

**സി. ജോയി മരിയ S.H.**
**കോഡിനേറ്റർ**



# നല്ലതണ്ണി മാർത്തോമാശ്ലീഹാ ആശ്രമത്തിലെ ആദ്ധ്യാത്മികശുശ്രൂഷകൾ

- അഞ്ചുപേരുള്ള ഒരു കുടുംബത്തിന്റെ 3 ദിവസത്തെ ധ്യാനം
- ആകാശപ്പറവയിലെ ഒരു സിസ്റ്ററിന്റെ 2 ആഴ്ചത്തെ ധ്യാനം
- ആലപ്പുഴയിൽ നിന്നുള്ള ഒരു സിസ്റ്ററിന്റെ ഒരു മാസത്തെ ധ്യാനം
- 2 ഡീക്കന്മാരുടെ അഞ്ചു ദിവസത്തെ ധ്യാനം
- 1 ഡീക്കന്റെ മൂന്നു ദിവസത്തെ ധ്യാനം
- ഒരു അല്മായന്റെ അഞ്ചു ദിവസത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-288207

# ഇൻഫാം ദേശീയ സമ്മേളനം കട്ടപ്പനയിൽ
# കർഷക മഹാറാലി 2020 ജനുവരി 17 – ന്

ഇൻഫാം ദേശീയ സമ്മേളനം കാഞ്ഞിരപ്പള്ളി കാർഷികജില്ല (കാഞ്ഞിരപ്പള്ളി രൂപത) യുടെ നേതൃത്വത്തിൽ ജനുവരി 15-18 വരെ നടക്കുന്നു. ജനുവരി 17-ന് ഉച്ചകഴിഞ്ഞ് 2-ന് കട്ടപ്പനയിൽ കർഷകറാലി. തുടർന്ന് പൊതുസമ്മേളനം അഭിവന്ദ്യ പിതാവ് മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്യും.

കാലഹരണപ്പെട്ട ഭൂനിയമങ്ങൾ പൊളിച്ചെഴുതുക, കാർഷിക മേഖലയുടെയും കർഷകരുടെയും ഉന്നമത്തിന് ഊന്നൽ നൽകുക, കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയിൽ കർഷകരെ സംരക്ഷിക്കുക, വന്യമൃഗങ്ങളിൽ നിന്നു കർഷകരെയും കൃഷിയേയും സംരക്ഷിക്കുക, കൃഷി നാശം സംഭവിച്ച കർഷകരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുക, രാജ്യാന്തര കർഷകവിരുദ്ധ കരാറുകളിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറുക തുടങ്ങി കാർഷികമേഖലയും കർഷകരും നേരിടുന്ന വിവിധ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ച ചെയ്യും.

17-ന് ഇൻഫാം സ്ഥാപക ചെയർമാൻ ഫാ. മാത്യു വടക്കേമുറിയുടെ കൂവപ്പള്ളിയിലുള്ള കബറിടത്തിൽ നിന്നുള്ള ദീപശിഖാപ്രയാണവും മൂവാറ്റുപുഴയിൽ നിന്ന് ഇൻഫാം ദേശീയ ട്രസ്റ്റിയായിരുന്നു ഡോ. എം.സി. ജോർജിന്റെ കബറിടത്തിൽ നിന്നുള്ള ഛായാചിത്ര പ്രയാണവും നൂറുകണക്കിന് ബൈക്കുകളുടെ അകമ്പടിയോടെ ഉച്ചയ്ക്ക് ഒന്നിന് കട്ടപ്പനയിൽ എത്തിച്ചേരും. രണ്ടിന് എം.സി. ജോർജ് നഗറിൽ നിന്ന് ഫാ. മാത്യു വടക്കേമുറി നഗറിലേക്ക് കർഷക മഹാറാലി നടക്കും. തുടർന്ന് പൊതുസമ്മേളനം.

ജനുവരി 15-ന് ഇൻഫാം കർഷക ദിനാചരണ ഭാഗമായി എല്ലാ യൂണിറ്റുകളിലും പതാക ഉയർത്തലും കർഷകരെ ആദരിക്കലും നടക്കും. ചർച്ച ക്ലാസുകൾ, സെമിനാറുകൾ, കർഷക സംഗമങ്ങൾ എന്നിവ നടക്കും.

കട്ടപ്പനയിൽ നടക്കുന്ന ഇൻഫാം ദേശീയ സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

**ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാസമിതി**

# കെ.സി.എസ്.എൽ.

**എൽ.പി. കലോത്സവം - ലോറേഞ്ച്**

ഡിസംബർ 7-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് ലോറേഞ്ച് മേഖല എൽ.പി. കലോത്സവം നടന്നു. ലോറേഞ്ചിലെ സ്കൂളുകൾക്കായാണ് കലോത്സവം ക്രമീകരിച്ചത്. പാസ്റ്ററൽ സെന്റർ അങ്കണത്തിൽ പതാകയുയർത്തി കോർപ്പറേറ്റ് മാനേജർ റവ. ഫാ. സഖറിയാസ് ഇല്ലിക്കമുറിയിൽ കലോത്സവം ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. രൂപതാ പ്രസിഡന്റ് ശ്രീ. സോജൻ ആന്റണി, ഓർഗനൈസർ ശ്രീ. അജാക്സ് ജോൺസൺ, മറ്റു ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**കെ.സി.എസ്.എൽ. സെമിനാർ**

ഡിസംബർ 9 തിങ്കളാഴ്ച ആനവിലാസം സെന്റ് ജോർജ് യു.പി. സ്കൂളിൽ കെ.സി.എസ്. എൽ.-ന്റെ നേതൃത്വത്തിൽ ഏകദിന സെമിനാർ നടന്നു. ഡയറക്ടർ ഫാ. തോമസ് നരിപ്പാറയിൽ, ബ്രദർ ജിതിൻ ചാത്തനാട്ട്, ജോബി പ്ലാപ്പള്ളി തുടങ്ങിയവർ ക്ലാസുകൾ നയിച്ചു.

**ശാസ്ത്രപഥം മത്സരപ്പരീക്ഷ**

ശാസ്ത്രപഥം മാസികയുടെ ആഭിമുഖ്യത്തിൽ എല്ലാവർഷവും നടത്തുന്ന മത്സരപ്പരീക്ഷ 2020 ജനുവരി 10 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അതാതു സ്കൂളുകളിൽ വച്ച് നടത്തപ്പെടും.

**കെ.സി.എസ്.എൽ. അദ്ധ്യാപക ക്വിസ്**

കെ.സി.എസ്.എൽ. രൂപതാ കേന്ദ്രം, അധ്യാപകർക്കുവേണ്ടി സംഘടിപ്പിക്കുന്ന അദ്ധ്യാപക ക്വിസ് 2020 ജനുവരി 11-ന് നടത്തപ്പെടുന്നു.

**നന്മക്കളരി**

കെ.സി.എസ്.എൽ. രൂപതാകേന്ദ്രം സംഘടിപ്പിക്കുന്ന നന്മക്കളരി മത്സരപ്പരീക്ഷ 2020 ജനുവരി 18-ന് നടത്തപ്പെടുന്നു.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ പ്രവർത്തക സംഗമം 15.12.2019-ൽ പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. ഗ്ലോബൽ സമിതി വൈസ് പ്രസിഡന്റ് സെലിൻ സിജോ മുണ്ടമറ്റം, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, വനിതാഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ, ജോളി ആന്റണി പുതിയവീട് എന്നിവർ പ്രസംഗിച്ചു.

രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ പതാക ഉയർത്തിക്കൊണ്ട് സമ്മേളനത്തിന് തുടക്കം കുറിച്ചു. തുടർന്നു നടന്ന കർഷക അവകാശ സംരക്ഷണ സെമിനാറിൽ വികാരി ജനറാൾ ഫാ. ജസ്റ്റിൻ പഴേപറമ്പിൽ സന്ദേശം നൽകി. രൂപതാ വൈസ് പ്രസിഡന്റ് ആൻസമ്മ തോമസിന്റെ അദ്ധ്യക്ഷതയിൽ ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ സ്വാഗതവും വൈസ് പ്രസിഡന്റ് റെന്നി ചക്കാലയിൽ കൃതജ്ഞതയും പറഞ്ഞു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സോഫി ജോസഫ്, ജോസ് മടുക്കക്കുഴി, സിബി നമ്പുടാകം, ആന്റണി ഇടപ്പാടിക്കരോട്ട്, ചാക്കോച്ചൻ വെട്ടിക്കാട്ടിൽ, മനോജ് കല്ലുകളം, ജിൻസ് പള്ളിക്കമ്യാലിൽ, ഷാജി മങ്ങാട്ട്, പി.എം. ജോസഫ്, സെബാസ്റ്റ്യൻ വട്ടക്കുന്നേൽ, കൊച്ചുമോൻ നെല്ലാംതടം, തോമസ് മാത്യു ഈരൂരിക്കൽ എന്നിവർ പ്രസംഗിച്ചു.

തുടർന്നു നടന്ന ന്യൂനപക്ഷ അവകാശ സംരക്ഷണ സംഗമത്തിൽ രൂപതാ സെക്രട്ടറി ജോജോ തെക്കുംചേരിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. ജോജി ചിറയിൽ ചങ്ങനാശ്ശേരി സെമിനാർ നയിച്ചു. രൂപതാ സെക്രട്ടറി പ്രൊഫ. റോണി കെ. ബേബി സ്വാഗതവും, വൈസ് പ്രസിഡന്റ് സിനി ജിബു നീറനാക്കുന്നേൽ കൃതജ്ഞതയും രേഖപ്പെടുത്തി. കാഞ്ഞിരപ്പള്ളി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പ്രസിഡന്റ് സണ്ണിക്കുട്ടി അഴകമ്പ്രായിൽ, രൂപതാ വൈസ് പ്രസിഡന്റ് പി.സി. ജോസഫ് പാറടി, രൂപതാ സെക്രട്ടറി ടെസി ബിജു പാഴിയാങ്കൽ, ജിമ്മിച്ചൻ മണ്ഡപത്തിൽ, ഷീല തോമസ് തൂമ്പുങ്കൽ, ടോമിച്ചൻ പാലമുറി, ആൻസി സാജൻ പുന്നമറ്റത്തിൽ, ജോസ് മാനുവൽ വട്ടയ്ക്കാട്ട് എന്നിവർ പ്രസംഗിച്ചു.

### ഹെൽപ്പ് ഡസ്ക്

കത്തോലിക്കാ കോൺഗ്രസ് ഹെൽപ്പ് ഡസ്ക് കത്തീഡ്രൽ യൂണിറ്റ് ഉദ്ഘാടനം വികാരി ഫാ. വർഗ്ഗീസ് പരിന്തിരിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ കോ-ഓർഡിനേറ്റർമാരായ സോണി ജോർജ് കോഴിമല, സിനി ജിബു നീറനാക്കുന്നേൽ, യൂണിറ്റ് പ്രസിഡന്റ് ദേവസ്യാ മാത്യു പനയ്ക്കക്കുഴി, കോ-ഓർഡിനേറ്റർ സച്ചിൻ വെട്ടിയാങ്കൽ, ജിജി പുത്തേട്ട് എന്നിവർ പ്രസംഗിച്ചു.

### ഗ്ലോബൽ സമിതിയോഗം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയോഗം ഡിസംബർ 7-ന് കോട്ടയം കേന്ദ്രകാര്യാലയത്തിൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലത്തിന്റെ അദ്ധ്യക്ഷതയിൽ ഡയറക്ടർ ഫാ. ജിയോ കടവി ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, രൂപതയിൽ നിന്നുള്ള 'മെഗാക്വിസ് - 2020'-ന്റെ കോ-ഓർഡിനേറ്റർമാരായ റോയി ജോസഫ് ഞാലിയിൽ, സിജോ പുത്തനങ്ങാടി എന്നിവർ പങ്കെടുത്തു.

## മെഡിക്കൽ ക്യാമ്പ്

കത്തോലിക്ക കോൺഗ്രസ് വെളിച്ചിയാനി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ സഹകരണത്തോടെ വെളിച്ചിയാനി സെന്റ് തോമസ് പാരീഷ് ഹാളിൽ 24-11-2019-ൽ നടത്തിയ മെഡിക്കൽ ക്യാമ്പ് യൂണിറ്റ് ഡയറക്ടർ ഫാ. ജെയിംസ് മുത്തനാട്ട് ഉദ്ഘാടനം ചെയ്തു. പ്രഗത്ഭ ഡോക്ടർമാരുടെ നേതൃത്വത്തിൽ കൺസൾട്ടേഷനും സൗജന്യ മരുന്നു വിതരണവും നടത്തി. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ എന്നിവർ ആശംസ നേർന്നു. യൂണിറ്റ് ഭാരവാഹികളായ ജസ്റ്റിൻ നന്തികാട്ടുപടവിൽ, ബോബി കോഴിമല, അരുൺ ആലയ്ക്കാപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

## കാഞ്ഞിരപ്പള്ളി ഫൊറോനാപ്രവർത്തക സംഗമം

കാഞ്ഞിരപ്പള്ളി ഫൊറോനാപ്രവർത്തക സംഗമം 24-11-2019 -ൽ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ പ്രസിഡന്റ് ജോസ് മടുക്കക്കുഴിയുടെ അദ്ധ്യക്ഷതയിൽ കത്തീഡ്രൽ വികാരി ഫാ. വർഗീസ് പരിന്തിരിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. കത്തോലിക്കാകോൺഗ്രസ് പാലാ രൂപതാ ജനറൽ സെക്രട്ടറി ഇമ്മാനുവേൽ ജോൺ നിധീരി സെമിനാർ നയിച്ചു. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ഫൊറോനാ ഭാരവാഹികളായ പി.എം. ജോസഫ് പണ്ടാരക്കളം, സോണി ജോർജ് കോഴിമല, ടോമിച്ചൻ പാലമുറി, ദേവസ്യാ മാത്യു പനയ്ക്കക്കുഴി, കെ.കെ. മൈക്കിൾ കിഴക്കേൽ, ജിജി പുത്തേട്ട്, ജോബിൻ വടക്കേനാത്ത് എന്നിവർ പ്രസംഗിച്ചു.

## മെഗാക്വിസ് 2020

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ എല്ലാ രൂപതകളിലുമായി 2020 ജൂൺ, ജൂലൈ, ആഗസ്റ്റ്,

സെപ്റ്റംബർ മാസങ്ങളിലായി 'മെഗാക്വിസ് 2020' എന്ന പേരിൽ ഒരു ക്വിസ് മത്സരം നടത്തുന്നു. മത്സരത്തിനുള്ള ചോദ്യാവലി തയ്യാറാക്കുന്നതിന് ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ക്വിസ് പ്രോഗ്രാമിന്റെ കാഞ്ഞിരപ്പള്ളി രൂപതാതല കോ-ഓർഡിനേറ്റർമാരായി റോയി ജോസഫ് ഞാലിയിൽ (കത്തീഡ്രൽ യൂണിറ്റ്), സിജോ പുത്തനങ്ങാടി (പേഴുംപാറ യൂണിറ്റ്) എന്നിവരെ നിയമിച്ചു.

**ഹെൽപ്പ് ഡസ്ക്**

കത്തോലിക്കാകോൺഗ്രസ് രൂപതയിൽ തുടക്കം കുറിച്ച ഹെൽപ്പ് ഡസ്ക് പടനിലം യൂണിറ്റ് ഉദ്ഘാടനം വികാരി ഫാ. ജോസഫ് കൊച്ചുവീട്ടിൽ നിർവ്വഹിച്ചു. രൂപതാ കോ-ഓർഡിനേറ്റർമാരായ സോണി ജോർജ്, സിനി ജിബു, യൂണിറ്റ് കോ-ഓർഡിനേറ്റർ ജോബിൻ വടക്കേനാത്ത്, ഫൊറോന ജനറൽ സെക്രട്ടറി പി.എം. ജോസഫ് പണ്ടാരക്കളം, യൂണിറ്റ് പ്രസിഡന്റ് സാബു വെട്ടുവേലിൽ എന്നിവർ പ്രസംഗിച്ചു.

കറിക്കാട്ടൂർ യൂണിറ്റിൽ ഹെൽപ്പ് ഡസ്ക് ഉദ്ഘാടനം വികാരി ഫാ. ജോസുകുട്ടി ഇടത്തിനകം നിർവ്വഹിച്ചു. യൂണിറ്റ് ഭാരവാഹികളായ റെജി മാത്യു വാളിപ്ലാക്കൽ, അലക്സ് ജോസഫ് പ്ലാക്കാട്ട്, സണ്ണിക്കുട്ടി അഴകമ്പ്രായിൽ എന്നിവർ പ്രസംഗിച്ചു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും SMYM കണ്ണിമല യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ ലാപ്പറോസ്കോപ്പിക് ജനറൽ സർജറി ക്യാമ്പ് ഡിസംബർ 15 ഞായറാഴ്ച രാവിലെ 8 മുതൽ 12.30 വരെ നടത്തപ്പെട്ടു. കണ്ണിമല ഇടവക വികാരി റവ. ഫാ. ജേക്കബ് പാണ്ടിയാംപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗം സി. സുപ്രിയ ഉദ്ഘാടനം ചെയ്തു. SMYM യൂണിറ്റ് പ്രസിഡന്റ് ആൽബിൻ പുളിക്കത്തുണ്ടിയിൽ, വൈസ് പ്രസിഡന്റ് ജിസ് പുന്നത്താനത്ത് എന്നിവർ സംസാരിച്ചു. എം.എം.റ്റി. ഹോസ്പിറ്റൽ ജനറൽ ലാപ്പറോസ്കോപ്പിക് സർജൻ ഡോ. കിംഗ്സിലി അയ്യൻകുട്ടി ക്യാമ്പിന് നേതൃത്വം നൽകി.

**പൈൽസിന് അതിനൂതന സ്റ്റേപ്ലർ ചികിത്സ ഇപ്പോൾ എം.എം.റ്റി. യിൽ**

പൈൽസിന് അതിനൂതന സ്റ്റേപ്ലർ ചികിത്സ ഇപ്പോൾ എം. എം.റ്റി. ഹോസ്പിറ്റലിൽ നടത്തിവരുന്നു.

സ്റ്റേപ്ലർ ചികിത്സയുടെ ഗുണങ്ങൾ.

- സ്റ്റേപ്ലർ ചികിത്സയ്ക്ക് ശേഷം വേദന വളരെ കുറവ്.
- രക്തസ്രാവം ഉണ്ടാകുന്നില്ല.
- യാതൊരു സ്രവങ്ങളും പുറത്തുവരുന്നില്ല.
- ചികിത്സയ്ക്കു ശേഷം രണ്ടു മൂന്നു ദിവസങ്ങൾക്കുള്ളിൽ ദൈനംദിന ജോലികളിൽ ഏർപ്പെടാം.
- ചികിത്സയ്ക്കുശേഷം ഡ്രസ്സിംഗ് ആവശ്യമില്ല.

## ജനറൽ ലാപ്പറോസ്കോപ്പിക് സർജറി സൗജന്യ ക്യാമ്പ് ജനുവരി 12-ന് മേരികുളത്ത്

SMYM മേരികുളം യൂണിറ്റിന്റെയും മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ ലാപ്പറോസ്കോപ്പിക് ജനറൽ സർജറി ക്യാമ്പ് ജനുവരി 12 ഞായറാഴ്ച രാവിലെ 8 മുതൽ 12.30 വരെ മേരികുളം ഇടവകയിൽ നടത്തപ്പെടും. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ലാപ്പറോസ്കോപ്പിക് സർജൻ ഡോ. കിംഗ്സിലി അയ്യൻകുട്ടി MBBSm MS, FMAS, (Fellow ship in Endoscopy) നേതൃത്വം നൽകുന്ന ക്യാമ്പിൽ തൈറോയിഡ്, ഹെർണ്ണിയ, വെരിക്കോസ് വെയ്ൻ, അപ്പെന്റിസൈറ്റിസ്, പിത്താശയത്തിലുള്ള കല്ല്, പൈൽസ്, ഫിസ്റ്റുല, ശരീരത്തിലെ മുഴകൾ എന്നിവയ്ക്ക് സൗജന്യ പരിശോധയും മരുന്നുകളും ലഭ്യമായിരിക്കും.

## ക്രിസ്തുമസ് ആഘോഷം

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ക്രിസ്തുമസ് ആഘോഷം നിർധനരായ രോഗികളെ സഹായിക്കാനായി മാറ്റി വയ്ക്കുന്നു. ക്രിസ്തുമസ് സുഹൃത്തിന് സമ്മാനം വാങ്ങാനായി കരുതിയ പണം ഹോസ്പിറ്റലിലെ ഡോക്ടേഴ്സും സ്റ്റാഫും എം.എം.റ്റി. ഹോസ്പിറ്റൽ ചാരിറ്റി ഫണ്ടിൽ സംഭാവന നൽകുകയും മരുന്നു വാങ്ങാനും ലാബ് ടെസ്റ്റുകൾ നടത്തുവാനും അടിയന്തര ഘട്ടങ്ങളിൽ പണം കണ്ടെത്തുവാനും കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനുമായി മാറ്റി വച്ചിരിക്കുന്നു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# സാരഥി & കേരള ലേബേഴ്സ് മൂവ്മെന്റ് - KLM

**കാഞ്ഞിരപ്പള്ളി :** സാരഥിയൂണിറ്റുകളുടെ നേതൃത്വത്തിൽ ജന മൈത്രി പോലീസിന്റെ സഹകരണത്തോടെ നിയമബോധനക്ലാസ് നടത്തി. ജനപങ്കാളിത്തത്തോടെ നിയമം നടപ്പാക്കുന്നതിനായി സാരഥി അംഗങ്ങളെയും ചേർത്തുകൊണ്ടുള്ള സമിതി രൂപീകരിച്ചു. സാരഥി യൂണിറ്റുകളുടെ ക്രിസ്തുമസ് ആഘോഷങ്ങൾ ഡിസംബർ 30-ന് നടത്തി.

**കാറ്റാടിക്കവല :** സാരഥിയൂണിറ്റിന്റെ വാർഷികാഘോഷം നടത്തി. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. പുതിയ വർഷത്തെ പരി പാടികൾ ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കു കയും ചെയ്തു.

**പൊൻകുന്നം :** സാരഥിയൂണിറ്റുകളുടെ സംയുക്താഭിമുഖ്യത്തിൽ ഡിസംബർ 27-ന് ക്രിസ്മസ് നവവത്സര ആഘോഷപരിപാടികൾ നട ത്തി. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് യോഗത്തിന് അനു ഗ്രഹപ്രഭാഷണം നടത്തി. കാഞ്ഞിരപ്പള്ളി എം.എൽ.എ. പ്രൊഫ. എൻ. ജയരാജ് യോഗം ഉദ്ഘാടനം ചെയ്തു. സാരഥി സ്റ്റേറ്റ് ഡയറ ക്ടർ റവ. ഫാ. സെബാസ്റ്റ്യൻ തേയ്ക്കാനത്ത് ആശംസകൾ നേർന്നു. സാരഥി അംഗങ്ങളുടെ കുടുംബാംഗങ്ങൾ ചേർന്നു നടത്തിയ പരി പാടി ഏവർക്കും വേറിട്ട ഒരു അനുഭവമായിരുന്നു.

**കട്ടപ്പന :** സാരഥിയൂണിറ്റിന്റെ നേതൃത്വത്തിൽ ക്രിസ്തുമസ് ആഘോഷം കട്ടപ്പന ആകാശപ്പറവയിൽ വച്ചു നടത്തി. വ്യാപാരി വ്യവ സായി ഏകോപന സമിതിയുടെ സഹകരണത്തോടെ നടത്തപ്പെട്ട പരി പാടിയിൽ 600 പേർക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ നൽകി. പ്രൗഢ ഗംഭീരമായ പൊതുസമ്മേളനത്തിൽ കട്ടപ്പനയിലെ പ്രമുഖർ പങ്കെടു ത്തു.

**ഫാ. സെബാസ്റ്റ്യൻ പേണ്ടാനത്ത്**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- രൂപതാ ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് മീറ്റിംഗുകൾ ഡിസംബർ 8-ാം തീയതി ഞായറാഴ്ചയും 11-ാം തീയതി ബുധനാഴ്ചയും നടത്തപ്പെട്ടു.
- രൂപതാ തല നേതൃത്വ പരിശീലന ക്ലാസും ഡി.സി.എം.എസ്. കുടുംബസംഗമവും ജനുവരി അവസാനത്തേക്ക് മാറ്റിവച്ചു.
- രൂപതാ ഡി.സി.എം.എസ്. ഒരുക്കുന്ന 'ഒരുമ' ചെണ്ടമേളത്തിന്റെ അംഗങ്ങൾ അഭിവന്ദ്യ പിതാക്കന്മാരെ കണ്ട് അനുഗ്രഹം വാങ്ങി ഈ വർഷത്തെ ഇടവക പ്രോഗ്രാമുകൾ ആരംഭിച്ചു.
- ഡിസംബർ 27-ാം തീയതി ഉച്ചകഴിഞ്ഞ് കാഞ്ഞിരപ്പള്ളിയിൽ വച്ച് ഡി.സി.എം.എസ്. കുട്ടികളുടെ സംഗമവും ക്രിസ്തുമസ് ആഘോഷവും നടത്തി.
- കെ.സി.ബി.സി. ST/BC കമ്മീഷന്റെ നേതൃത്വത്തിൽ രൂപതകളിലെ ഹൈസ്കൂളുകളിൽ പഠിക്കുന്ന ഡി.സി.എം.എസ്. കുട്ടികൾക്കായി T.S.D. T.P. എന്ന പേരിൽ കലാകായിക തലത്തിലും മറ്റു പരിശീലനപരിപാടികളിൽ യോഗ്യരാക്കുന്നതിനും വേണ്ടിയുള്ള പരിപാടിയിൽ വിവിധ ഇടവകകളിൽ നിന്നായി 30 ഓളം കുട്ടികളുടെ പേരുകൾ രജിസ്റ്റർ ചെയ്തു. പരീക്ഷകളും പരിശീലനവും അവധിക്കാലങ്ങളിൽ ആരംഭിക്കും.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 433-ാമതും കൂരിയായുടെ 890-ാമതും സമ്മേളനവും കാഞ്ഞിരപ്പള്ളിയിൽ ലീജിയൻ സ്ഥാപിതമായതിന്റെ 75-ാം വാർഷികവും സംയുക്തമായി 2019 ഡിസംബർ 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.9.30-ന് കമ്മീസിയം ആദ്ധ്യാത്മിക നിയന്താവ് വെരി റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. 11 മണിക്ക് പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ കൂടിയ സമ്മേളനത്തിൽ ആദരണീയനായ വികാരി ജനറാൾ വെരി റവ. ഫാ. ജോർജ് ആലുങ്കൽ അദ്ധ്യക്ഷത വഹിക്കുകയും സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആദ്ധ്യാത്മിക നിയന്താവ് വെരി റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. റവ. ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ ലീജിയനെകുറിച്ച് ക്ലാസ് നയിച്ചു.

സമ്മേളനത്തിൽ ബ്രദർ ജെ. ചാക്കോ അരുവിക്കര, വേദിയിൽ സന്നിഹിതരായ ബഹുമാനപ്പെട്ട വൈദികർക്കും മറ്റു വ്യക്തികൾക്കു സദസ്സിലുള്ള ബഹുമാനപ്പെട്ട വൈദികർക്കും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും ലീജിയൻ അംഗങ്ങൾക്കും സ്വാഗതമാശംസിച്ചു. വെരി റവ. ഫാ. ജോർജ് ആലുങ്കൽ നൽകിയ സന്ദേശത്തിൽ ഇന്ന് വർദ്ധിച്ചുവരുന്ന ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും അമിത ഉപയോഗവും അതിപ്രസരവും നിയന്ത്രിക്കുന്നതിനും യുവജനങ്ങളെയും കുട്ടികളെയും ബോധ്യപ്പെടുത്തുന്നതിനും മുതിർന്നവർ അതിനു മാതൃക കാട്ടണമെന്നും കുടുംബജീവിതത്തിൽ ദാമ്പത്യവിശുദ്ധി പാലിക്കണമെന്നും കുട്ടികളെയും

യുവജനങ്ങളെയും ഇന്ന് നാട്ടിൽ നടമാടുന്ന എല്ലാ തിന്മകളിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും പ്രാർത്ഥിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിന് ആഹ്വാനം ചെയ്തു.

വെരി. റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ നൽകിയ സന്ദേശത്തിൽ, ലോകത്തിനും അതിന്റെ നശീകരണ ശക്തികൾക്കുമെതിരായി തിരുസ്സഭ നടത്തുന്ന സമരത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചുകൊണ്ട് സൈനികസേവനം ചെയ്യുന്നതിനും അതുവഴിയായി സമൂഹത്തെ വിശുദ്ധീകരിക്കുന്നതിനും സ്വയം വിശുദ്ധീകരണം പ്രാപിക്കുന്നതിനും ഉദ്ദേശിക്കുന്ന സംഘടനയാണ് ലീജിയൻ ഓഫ് മേരി എന്ന് അനുസ്മരിപ്പിച്ചു.

ബ്രദർ വി.വി. സെബാസ്റ്റ്യൻ വള്ളിയാംതടം, സിസ്റ്റർ ഏലിക്കുട്ടി തോമസ് മണലാടി പുത്തൻപുരയിൽ എന്നിവർ ആശംസകൾ നേർന്നു.

റവ.ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ ലീജിയൻ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനായി മനോഹരമായ ക്ലാസ്സെടുത്തു.

40 വർഷക്കാലം ലീജിയനിൽ സജീവ പ്രവർത്തനം നടത്തിയ കമ്മീസിയം പ്രസിഡന്റ് ബ്രദർ ജെ. ചാക്കോ അരുവിക്കരയെ സമ്മേളനത്തിൽ ഷാൾ അണിയിച്ച് പെരിയ ബഹുമാനപ്പെട്ട ജോർജ് ആലുങ്കൽ അച്ചൻ ആദരിച്ചു. സിസ്റ്റർ ലൂസി ജോസഫ് തെക്കേവയലിൽ കൃതജ്ഞത അർപ്പിച്ചു.

സമാപന ആശീർവാദത്തോടെ 1.15-ന് സമ്മേളനം സമാപിച്ചു. തുടർന്ന് സ്നേഹവിരുന്നും നടത്തി. ബഹു. വൈദികരും ബഹു. സിസ്റ്റേഴ്സും ലീജിയനംഗങ്ങളുമായി 230 പേർ സമ്മേളനത്തിൽ സംബന്ധിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2020 ജനുവരി 19-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ കൂടുന്നതാണ്.

**സെക്രട്ടറി**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാ ദ്വിമാസ പ്രതിനിധിയോഗം 14.12.2019 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പാസ്റ്ററൽ സെന്ററിൽ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു.

ബ്രദർ ജോസ് കിഴക്കേത്തലയ്ക്കലിന്റെ നേതൃത്വത്തിൽ പ്രാരംഭപ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വൈസ് പ്രസിഡന്റ് ബ്രദർ എബ്രാഹം ചക്കുവായിൽ സ്വാഗതം ആശംസിച്ചു. സെക്രട്ടറി മുൻയോഗ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. നവംബർ മാസത്തിൽ നടന്ന രൂപതാവാർഷികത്തിന്റെ വരവ് ചെലവ് കണക്കുകൾ കാഞ്ഞിരപ്പള്ളി ഭ്രാതൃത്വം സെക്രട്ടറി സിസ്റ്റർ മറിയാമ്മ ഡോമിനിക്ക് വടക്കേനാത്തും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കുകളും യോഗം പാസ്സാക്കി.

ഓരോ ഭ്രാതൃത്വങ്ങളുടേയും എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഭ്രാതൃത്വങ്ങൾ വളരെ തീഷ്ണതയോടെ പ്രവർത്തിച്ചുവരുന്നതായി മനസ്സിലാക്കുവാൻ കഴിഞ്ഞു.

സമാധാനത്തിന്റെ സന്ദേശമായ ക്രിസ്തുമസ് കാലയളവിലാണ് നമ്മൾ. ഈ സമാധാനത്തിന്റെ സന്ദേശം ദൈവമക്കളിൽ എത്തിക്കുവാനുള്ള ഉത്തരവാദിത്വം ഫ്രാൻസിസ്ക്കൻ അൽമായ സഹോദരങ്ങൾക്ക് ഉണ്ടെന്ന് നമ്മൾ ഓർമ്മിക്കണം. നിർദ്ധനരേയും വേദനിക്കുന്നവരെയും തിരിച്ചറിയുവാൻ നമുക്ക് കഴിയണമെന്നും സൂചിപ്പിച്ചുകൊണ്ടായിരുന്നു രൂപതാ പ്രസിഡന്റിന്റെ അദ്ധ്യക്ഷപ്രസംഗം. കഴിഞ്ഞ വാർഷിക സമ്മേളനം വളരെ ഭംഗിയായും ചിട്ടയോടും കൃത്യനിഷ്ഠയോടും കൂടി ക്രമീകരിക്കുന്നതിന് നേതൃത്വം നൽകിയ കാഞ്ഞിരപ്പള്ളി ഭ്രാതൃത്വത്തെ പ്രസിഡന്റ് അഭിനന്ദിച്ചു.

തുടർന്നു നടന്ന ചർച്ചയിൽ ഫ്രാൻസിസ്ക്കൻ കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ പല മേഖലകളായി തിരിക്കുവാൻ തീരുമാനിച്ചു. മേഖലകളുടെ പ്രവർത്തനങ്ങൾ എങ്ങനെ ആയിരിക്കണമെന്ന് അടുത്ത യോഗത്തിൽ വിശദമായി ചർച്ച ചെയ്യുവാനും തീരുമാനിച്ചു.

മുൻ രൂപതാ ഡയറക്ടറായിരുന്ന ജെയിംസ് കുഞ്ചെറക്കാട്ട് അച്ചന്റെ ചരമവാർഷിക ദിനത്തിൽ (31-12-2019) ചോറ്റി നിർമ്മലാരാം ആശ്രമത്തിൽ ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് വിശുദ്ധ കുർബാനയും പ്രത്യേക പ്രാർത്ഥനകളും നടത്തി ആചരിച്ചു.

ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ യോഗത്തിന് കൃതജ്ഞത അർപ്പിച്ചു. സമാപന പ്രാർത്ഥനയോടുകൂടി യോഗം 4.30-ന് സമാപിച്ചു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

കോൺഫ്രൻസ് പ്രസിഡന്റുമാരുടെ ഈ വർഷത്തെ സമ്മേളനം 2019 ഡിസംബർ 1–ാം തീയതി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ചു നടത്തപ്പെട്ടു. രാവിലെ 9.30–ന് രജിസ്ട്രേഷൻ ആരംഭിച്ചു. തുടർന്ന് 10 മണിക്ക് ജപമാലയോടെ സമ്മേളനം ആരംഭിച്ചു. സിസി പ്രസിഡന്റ് ബ്ര.എം.എം.ജോർജ്ജ് സ്വാഗതം ആശംസിച്ചു. കാഞ്ഞിരപ്പള്ളി രൂപതാ സിഞ്ചല്ലൂസ് റവ.ഫാ. ജസ്റ്റിൻ പഴേപറമ്പിൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളേജ് ചരിത്രവിഭാഗം മേധാവി പ്രൊഫ. ബിനോ പി.ജോസ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് എസി പ്രസിഡന്റുമാർ ഒത്തുചേർന്ന് സന്നിഹിതരായിരുന്ന കോൺഫ്രൻസ് പ്രസിഡന്റുമാരുമായി ചർച്ച നടത്തുകയും, കോൺഫ്രൻസുകളുടെ പ്രവർത്തനം സംബന്ധിച്ച് പ്രസിഡന്റുമാരുടെ അഭിപ്രായം ആരായുകയും, സംശയങ്ങൾക്ക് സിസി പ്രസിഡന്റ് മറുപടി പറയുകയും ചെയ്തു. മുൻ സിസി പ്രസിഡന്റും സിസി വൈസ് പ്രസിഡന്റുമായ ബ്ര.ജോസഫ് കെ.മാത്യു കല്ലറയ്ക്കൽ കൃതജ്ഞത പറഞ്ഞു. യോഗത്തിൽ 140 പേർ പങ്കെടുത്തു.

**എ.സി. വാർഷിക സമ്മേളനം**

കട്ടപ്പന എസിയുടെ വാർഷിക സമ്മേളനം 24.11.2019 ഞായറാഴ്ച കട്ടപ്പന ഓസാനാം സ്കൂൾ ഹാളിൽ എസി പ്രസിഡന്റ് ബ്ര. ജേക്കബ്ബ് പുതുപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കട്ടപ്പന സെന്റ് ജോർജ് ഫൊറോനാ പള്ളി വികാരി റവ. ഫാ. ജേക്കബ്ബ് ചാത്തനാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹ പ്രഭാഷണം നടത്തി. സന്യാസിയോട ഉണ്ണിമിശിഹാ പള്ളി വികാരി റവ.ഫാ.വർഗ്ഗീസ് കാക്കല്ലിൽ മുഖ്യപ്രഭാഷണം നടത്തി. എസി സെക്രട്ടറി ബ്ര.ജേക്കബ്ബ് കുര്യൻ മാക്കോളിൽ റിപ്പോർട്ടും ട്രഷറാർ ബ്ര. കെ.കെ.ജോസഫ് കണ്ണംപള്ളിൽ

കണക്കും അവതരിപ്പിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. സിസി വൈസ് പ്രസിഡന്റ് ബ്രദർ ഇ.സി.ഉലഹന്നാൻ, ഹൈറേഞ്ച് മേഖലാ കോർഡിനേറ്റർ ബ്രദർ സി.വി. ജോർജ്ജ് ചക്കാല എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗത്തിൽ 65 പേർ പങ്കെടുത്തു.

**എ.സി. സംയുക്ത സമ്മേളനങ്ങൾ**

പൊടിമറ്റം എസിയുടെ സംയുക്ത സമ്മേളനം 24.11.2019 ഞായറാഴ്ച പാലമ്പ്ര ഗദ്സേമിനി കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 2.00 മണിക്ക് പാരീഷ് ഹാളിൽ എസി പ്രസിഡന്റ് ബ്രദർ പി.സി.ജോസഫ് പാറടിയുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. പാലമ്പ്ര ഗദ്സേമിനി പള്ളി വികാരി റവ. ഫാ. ഡോ. ജോസ് വലിയമറ്റം സി.എം.ഐ. സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹ പ്രഭാഷണം നടത്തി. ബ്രദർ എം.വി. വർഗ്ഗീസ് മള്ളാത്ത് മുഖ്യപ്രഭാഷണം നടത്തി. കോൺഫ്രൻസുകൾ ത്രൈമാസ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. എസി സെക്രട്ടറി ബ്രദർ വർഗ്ഗീസ് ജോർജ്ജ് രണ്ടുപ്ലാക്കൽ റിപ്പോർട്ടും ട്രഷറാർ ബ്ര. ജോർജ്ജുകുട്ടി പുള്ളുവയലിൽ കണക്കും അവതരിപ്പിച്ചു. യോഗാനന്തരം കോൺഫ്രൻസ് പ്രസിഡന്റ് ബ്ര.റ്റോമി തോമസ് വടക്കേകാരിക്കാട്ടിലിന്റെ നേതൃത്വത്തിൽ അംഗങ്ങൾക്ക് സ്നേഹവിരുന്നും നൽകി. യോഗത്തിൽ 73 പേർ പങ്കെടുത്തു.

ചിറക്കടവ് എസിയുടെ സംയുക്ത സമ്മേളനം 24.11.2019 ഞായറാഴ്ച വാളക്കയം സെന്റ് ജോർജ്ജ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 2.00 മണിക്ക് ദൈവാലയത്തിൽ ജപമാലക്കു ശേഷം എസി പ്രസിഡന്റ് ബ്രദർ ആന്റണി തോമസ് പഴയ വീട്ടിലിന്റെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. താമരക്കുന്ന് സെന്റ് ഇപ്രേംസ് പള്ളി വികാരി റവ. ഫാ. ജോൺ വെട്ടുവയലിൽ സമ്മേളനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹ പ്രഭാഷണം നടത്തി. ക്രോൺഫ്രൻസുകൾ ത്രൈമാസ പ്രവർത്തന റിപ്പോർട്ട് അവതരപ്പിച്ചു. പുതിയതായി കോൺഫ്രൻസുകളിൽ അംഗമായവർ യോഗത്തിൽ സ്വയം പരിചയപ്പെടുത്തി. എസി സെക്രട്ടറി ബ്ര.പി.ജെ.ജോസഫ് പുതുപ്പറമ്പിൽ റിപ്പോർട്ടും ട്രഷറാർ ബ്ര. ഷാജി ജേക്കബ്ബ് മഞ്ഞാടി

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചനധ്യാനം**

ഡിസംബർ 10 മുതൽ 16 വരെ തീയതികളിൽ തമ്പലക്കാട് എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ലഹരി വിമോചന ധ്യാനത്തിൽ 70 പേർ സംബന്ധിച്ചു. 16-ാം തീയതി രാവിലെ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ദിവ്യബലി അർപ്പിച്ച് സമാപനസന്ദേശം നൽകി. ലഹരിരഹിതവും സന്തോഷകരവും സമാധാനപൂർണ്ണവുമായ ഒരു ക്രിസ്തുമസ് ഏവർക്കും ആശംസിച്ചു. 17-ാം

---

## വിൻസെൻഷ്യൻ വേദി

കണക്കും അവതരിപ്പിച്ചു. യോഗാനന്തരം കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ ജെയിംസ് കൂടത്തുംമുറിയിലിന്റെ നേതൃത്വത്തിൽ അംഗങ്ങൾക്ക് സ്നേഹവിരുന്നും നൽകി. യോഗത്തിൽ 58 പേർ പങ്കെടുത്തു.

കാഞ്ഞിരപ്പള്ളി എസിയുടെ സംയുക്ത സമ്മേളനം 15.12.2019 ഞായറാഴ്ച കപ്പാട് ഹോളി ക്രോസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 2.00 മണിക്ക് ദൈവാലയത്തിൽ ജപമാലക്കുശേഷം എസി പ്രസിഡന്റ് ബ്ര.ജോർജ്ജ് ജോസഫ് കൂടപ്പുഴയുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. കപ്പാട് പള്ളി വികാരി റവ.ഫാ.സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ സന്നിഹിതനായിരുന്നു, സിസി ട്രഷറാർ ബ്ര.എം.ജെ.ഡോമിനിക് ആശംസകൾ നേർന്നു സംസാരിച്ചു.കോൺഫ്രൻസുകൾ ത്രൈമാസ പ്രവർത്തന റിപ്പോർട്ട് അവതരപ്പിച്ചു. എസി സെക്രട്ടറി ബ്ര.ബിന്നി മാത്യു ജീരകത്തിൽ റിപ്പോർട്ടും ട്രഷറാർ ബ്ര. എ.സി.ഫ്രാൻസീസ് അഞ്ചേരിൽ കണക്കും അവതരിപ്പിച്ചു. യോഗാനന്തരം കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. കെ. എം.തോമസ് കിഴക്കേവീടന്റെ നേതൃത്വത്തിൽ അംഗങ്ങൾക്ക് സ്നേഹവിരുന്നും നൽകി. യോഗത്തിൽ 32 പേർ പങ്കെടുത്തു.

**സെക്രട്ടറി**

തീയതി ഹർത്താൽ ആയതിനാൽ 16-ാം തീയതി വൈകുന്നേരം ധ്യാനം സമാപിച്ചു.

14-ാം തീയതി ആലുവ സെമിനാരിയിൽ നിന്ന് 12 വൈദിക വിദ്യാർത്ഥികൾ തമ്പലക്കാട് എമ്മാനുവേൽ ആശ്രമത്തിലെത്തി, മക്കളോടൊപ്പം വിവിധ പരിപാടികൾ അവതരിപ്പിച്ചു. ഞായറാഴ്ച രാവിലെ വെളിച്ചിയാനി ഫൊറോനാ ദൈവാലയത്തിൽ വി. കുർബാനയ്ക്കുശേഷം ജയിൽ മിനിസ്ട്രിയോടു ബന്ധപ്പെട്ട വിവിധ പ്രോഗ്രാമുകൾ നടത്തി. വെളിച്ചിയാനി FCC മഠത്തിൽ നിന്ന് പ്രഭാത ഭക്ഷണത്തിനുശേഷം സി.എം.സി. സിസ്റ്റേഴ്സിനോടൊപ്പം പീരുമേട് സബ്ജയിലും ഉച്ചകഴിഞ്ഞ് FCC സിസ്റ്റേഴ്സിന്റെ കൂടെ പൊൻകുന്നം സബ്ജയിലും സന്ദർശിച്ചു. ബോധവത്ക്കരണ ക്ലാസുകൾ വിവിധ കലാപരിപാടികൾ ഇവ തടവറമക്കളോടൊപ്പം അവതരിപ്പിച്ചു. CMC, FCC, SH പ്രൊവിൻഷ്യൽ ഹൗസുകളിൽ ജയിൽ മിനിസ്ട്രിയെക്കുറിച്ചുള്ള നവീന ആശയങ്ങൾ വിവിധ കലാരൂപങ്ങളിലൂടെ അവതരിപ്പിച്ചു. രാത്രി 9 മണിയോടെ തമ്പലക്കാട് ആശ്രമത്തിലെത്തി. തിങ്കളാഴ്ച രാവിലെ 4 മണിക്ക് ബഹു. സെബാസ്റ്റ്യൻ പെരുനിലം അച്ചന്റെ നേതൃത്വത്തിൽ മൈക്ക് സെറ്റ്, സംഗീതോപകരണങ്ങൾ തുടങ്ങി എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി ദേവികുളം സബ്ജയിൽ സന്ദർശനത്തിന് പുറപ്പെട്ടു. 10 മണിയോടെ ജയിലിലെത്തി. ജയലധികൃതരുടെ എല്ലാവിധ സഹായസഹകരണങ്ങളും ലഭിച്ചു. ക്ലാസുകൾ, വിവിധ കലാപരിപാടികൾ ഇവ ഏറെ ഹൃദയസ്പർശിയായി, ഏവർക്കും സന്തോഷകരമായി. ജയിലിൽ ഒറ്റപ്പെട്ടു കഴിയുന്നവർക്ക് ആശ്വാസത്തിന്റെ നിമിഷങ്ങളായിരുന്നു അത്.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

## വിവർത്തനങ്ങൾ

വിമലയുടെ **'ധന്യചരിതമാല'** വിശുദ്ധരുടെ പരമ്പര ഇംഗ്ലീഷ് വിവർത്തനങ്ങൾ ഉടൻ പ്രസിദ്ധീകരിക്കുന്നു. ആദ്യസെറ്റ് (10 എണ്ണം)

**St. Dominic Savio, St.Theresa of Lisieux, St. Mother Theresa, St. Antony, St.Alphonsa, St. Assisi, St. Fransis Xavior, St.Charls Beromio, Jovan of Ark, St.Berkumans.**

## പണിപ്പുരയിൽ

1. ചാരത്തിൽനിന്ന് ചരിത്രത്തിലേയ്ക്ക് : ജിൻസ് മുകളേൽ
2. അതിജീവനം : ഫാ.സുബിൻ ജോസ് കിടങ്ങേൻ
3. ലഘുനാടകങ്ങൾ: ഫാ. ജസ്റ്റിൻ മതിയത്ത് (എഡിറ്റർ)
4 365 മഹാന്മാർ : ജിൻസ് മുകളേൽ
5. വെട്ടം: ബ്രദർ റോബിൻ
6. കുട്ടികളുടെ ബൈബിൾ: (ഇംഗ്ലീഷ് വിവർത്തനം)

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

മുണ്ടക്കയം പഞ്ചായത്തിൽ മടുക്ക, കോരുത്തോട്, കൊമ്പുകുത്തി എന്നീ സ്ഥലങ്ങളിൽ ചൈൽഡ് ലൈനിന്റെ Out reach Programme നടത്തി.

**Case Intervention and Follow up**

ഡിസംബർ മാസത്തിൽ 26 ഓളം കേസുകൾ റിപ്പോർട്ട് ചെയ്തു. ഇതിൽ 22 കേസുകൾ CWC (ചൈൽഡ് വെൽഫെയർ കമ്മിറ്റി) യിൽ കൊടുത്തു. 4 കേസുകൾക്ക് കൗൺസിലിംഗ് നൽകി. സെപ്റ്റംബർ, ഒക്ടോബർ മാസത്തിലെ കേസുകളുടെ follow up നടത്തി.

**അർദ്ധദിന ശിൽപ്പശാല**

06.12.2019 ൽ കരിക്കാട്ടൂർ C.C.M. H.S.S.-ൽ വച്ച് "കുട്ടികളുടെ അവകാശങ്ങളും ഉത്തരവാദിത്വപൂർണ്ണമായ രക്ഷാകർത്തൃത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി ബാലാവകാശ കമ്മീഷൻ കോട്ടയം ജില്ലാ മെമ്പർ സി. ബിജി സി.എം.സി. ക്ലാസുകൾ നയിച്ചു. സ്കൂൾ മാനേജർ, പ്രിൻസിപ്പൽ, ഹെഡ്മിസ്ട്രസ്, ഡി.ഡി. ഓഫീസർ, D.C.P.U. (ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ), Child line Nodal കോ-ഓർഡിനേറ്റർ എന്നിവർ മുഖ്യാഥിതികൾ ആയിരുന്നു.

**ജുവനൈൽ ജസ്റ്റീസ് കർത്ത്യവ വാഹകരുടെ സംയോജിത ശില്പശാല**

ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ കോട്ടയം ജില്ലയിൽ J.J. Act പ്രകാരം രജിസ്റ്റർ ചെയ്തിരിക്കുന്ന 52 സ്ഥാപനങ്ങളുടെയും മേലധികാരികൾക്കും, പോലീസ്, ആരോഗ്യം, വിദ്യാഭ്യാസം, നിയമം, ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU), ജുവനൈൽ

ജസ്റ്റീസ് ബോർഡ് (J.J.B.), ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC), സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU), ചൈൽഡ് ഹെൽപ്പ് ലൈൻ (1098) എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവർക്കായിട്ടാണ് ഈ പരിപാടികൾ സംഘടിപ്പിച്ചത്. Child line support organisation-നിൽ നിന്നും team members പങ്കെടുത്തു.

**SEARCH (Special Education And Rehabitation Care Homes)**

കാഞ്ഞിരപ്പള്ളി രൂപതയിലെ 61 കാരുണ്യ ഭവനങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന സ്ഥാപന അധികാരികളുടെ സംഗമം ഡിസംബർ 18-ന് പാസ്റ്ററൽ സെന്റർ കോൺഫ്രൻസ് ഹാളിൽ വച്ച് 10 a.m. മുതൽ 1 p.m. വരെ നടന്നു. വെരി റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് കാരുണ്യഭവനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് നന്ദിയും സ്നേഹവും അർപ്പിച്ച് സംസാരിച്ചു. കെയർ ഹോംസ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ ഇന്നത്തെ സാഹചര്യത്തിൽ കത്തോലിക്കാ സഭയുടെ കാരുണ്യശുശ്രൂഷാ ഭവനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവർ വളരെ ശ്രദ്ധയോടും കരുതലോടും കൂടെ വേണം അത് നിർവഹിക്കാൻ എന്നു പറഞ്ഞു തുടങ്ങിക്കൊണ്ട്, പ്രവർത്തന മേഖല കൂടുതൽ ശക്തമാക്കണമെന്നും ശുശ്രൂഷാ ജീവിതത്തിലൂടെ സ്നേഹത്തിനും, സേവനത്തിനും പുതിയൊരു നിർവ്വചനം കണ്ടെത്തണമെന്നും പറഞ്ഞു. ഒപ്പം കാരുണ്യശുശ്രൂഷാ സ്ഥാപനങ്ങൾക്കുള്ള ഒരു പ്രവർത്തന മാർഗ്ഗരേഖ സ്ഥാപന അധികാരികൾക്ക് നൽകുകയും ചെയ്തു. അഭിവന്ദ്യ പിതാവ് കേക്ക് മുറിച്ച് ക്രിസ്തുമസ് സന്തോഷം പങ്കുവച്ചു. ഉച്ചഭക്ഷണത്തോടുകൂടി പരിപാടികൾ അവസാനിച്ചു. വി കെയർ സെന്റർ സെക്രട്ടറി, സ്റ്റാഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

**സാമ്പത്തിക സഹായം**

വിദ്യാഭ്യാസ സഹായമായി 36000/- രൂപയും ചികിത്സാസഹായമായി 2500/- രൂപയും ചിലവഴിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണം**

**കാഞ്ഞിരപ്പള്ളി രൂപത**

മത്തായിപ്പാറ, വലിയതോവാള, നെറ്റിത്തൊഴു, വള്ളക്കടവ്, തെക്കേമല, വളകോട്, കൽത്തൊട്ടി, നാരങ്ങാനം, പാറത്തോട്, പുഞ്ചവയൽ, ഏയ്ഞ്ചൽവാലി, കൂവപ്പള്ളി, ചെല്ലാർകോവിൽ, വെളിച്ചിയാനി, കൊച്ചുതോവാള എന്നീ സ്ഥലങ്ങളിൽ 16,20,000/- രൂപ ധനസഹായമായി നൽകി.

**ഇടുക്കി രൂപത**

വെള്ളതൂവൽ, ബഥേൽ, നെല്ലിപ്പാറ എന്നീ ഇടവകകളിൽ പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണത്തിനായി 2,50,000/- രൂപ ധനസഹായമായി നൽകി.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 3,75,800/- രൂപ നൽകി.

**മറ്റു സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 1,24,168/- രൂപ ചിലവഴിച്ചു.

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

എം.എം.റ്റി. ഹോസ്പിറ്റലിലൂടെ നിർദ്ധനരായ രോഗികൾക്ക് സഹായമായി 1,09,278/- രൂപ നൽകി.

**ആശാനിലയം പൊൻകുന്നം**

ശാരീരികമായും മാനസികമായും പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമായി പൊൻകു

ന്നത്തു പ്രവർത്തിക്കുന്ന ആശാനിലയം സ്കൂളിന്റെ ദൈനംദിന ചില വുകൾക്കായി 2,23,000/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റി കൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. കാലിത്തീറ്റ സബ്സിഡിയായി 4,24,422/- രൂപ ഈ മാസം ചെലവഴിച്ചു.

**കന്നുകുട്ടി പരിപാലന പദ്ധതി**

മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷ കരുടെ വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധ തിയ്ക്കായി ഈ മാസം 20,760/- രൂപ ചെലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചിരി ക്കുന്ന എം.ഡി.എസ്. "കരുതൽ" ജീവകാരുണ്യ പദ്ധതി ഇപ്പോൾ 112 ഇടവകകളിൽ രൂപീകൃതമായി. മലനാട് ജീവകാരുണ്യപദ്ധതി യിലൂടെ 226 കുടുംബങ്ങൾക്ക് തുടർച്ചയായി ചികിത്സാ സഹായങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. കഴിഞ്ഞ മാസം ഇതിലേയ്ക്കായി 2,16,000/- രൂപ ചിലവഴിച്ചു.

**രാരീരം പാഠ്യപദ്ധതി**

സൊസൈറ്റിയുടെ വിദ്യാഭ്യാസ വികസന പദ്ധതിയിൽ സഹ കരിച്ചു പ്രവർത്തിക്കുന്ന നേഴ്സറി സ്കൂളിലെ കുട്ടികൾക്ക് നൽകു ന്നതിനായി സൊസൈറ്റിയിൽ നിന്നും 51 കിലോ തേൻ നൽകി.

**ഇൻഫാം**

**കാർഷിക ജില്ലാ നിർവ്വാഹക സമിതി യോഗം**

ഇൻഫാം കാർഷിക ജില്ലാ പ്രസിഡന്റ് ശ്രീ. ഏബ്രാഹം മാത്യു പന്തിരുവേലിയുടെ അദ്ധ്യക്ഷതയിൽ നിർവ്വാഹക സമിതി യോഗം എം.ഡി.എസിൽ ചേർന്നു. ശ്രീ. ജോസ് പി. മാത്യു പതിയ്ക്കൽ, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരിൽ, ശ്രീ. ബെന്നി വരിക്കമാക്കൽ തുട ങ്ങിയവർ പങ്കെടുത്തു.

**ദേശീയ സമിതി യോഗം**

അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ദേശീയ സമിതി യോഗം പാറത്തോട് എം.ഡി.എസിൽ ചേർന്നു. റവ. ഫാ. ജോസ് ഒറ്റപ്ലാക്കൽ, റവ. ഫാ. ആന്റണി കൊഴുവനാൽ, ശ്രീ. വി.സി. സെബാസ്റ്റ്യൻ, ശ്രീ. ജോസ് എടപ്പാട്ട് തുടങ്ങിയവർ പങ്കെടുത്തു.

**കുമളി കാർഷിക താലൂക്ക് കർഷക സംഗമം**

റവ. ഫാ. തോമസ് പൂവത്താനിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ അട്ടപ്പള്ളം സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് കുമളി കാർഷിക താലൂക്ക് കർഷക സംഗമം നടത്തി. ഫാ. ജിൻസ് കിഴക്കേൽ, ഫാ. ദേവസ്യാ തൂമ്പുങ്കൽ, ഫാ. തോമസ് പത്രക്കാലായിൽ, ഫാ. ഏബ്രാഹം പാലക്കുടി, ഫാ. ദൂപി അനന്തക്കാട്ട്, ശ്രീ. ബേബി ഗണപതിപ്ലാക്കൽ, ശ്രീ. ജോസ് പതിയ്ക്കൽ, ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരിൽ, ശ്രീ. ബോബൻ ഈഴക്കുന്നേൽ എന്നിവരും പങ്കെടുത്തു.

**മുണ്ടിയെരുമ കാർഷിക താലൂക്ക് കർഷക സംഗമം**

ശ്രീ. ഷാബോച്ചൻ മുളങ്ങാശ്ശേരിയുടെ അദ്ധ്യക്ഷതയിൽ മുണ്ടിയെരുമ അസംപ്ഷൻ പാരീഷ് ഹാളിൽ വച്ച് മുണ്ടിയെരുമ കാർഷിക താലൂക്ക് കർഷക സംഗമം നടത്തി. കർഷക സംഗമത്തിന്റെ ഉദ്ഘാടനം ഫാ. ജിൻസ് കിഴക്കേൽ നിർവ്വഹിക്കുകയും തുടർന്ന് ഇൻഫാമിന്റെ ഇന്നത്തെ പ്രസക്തിയെക്കുറിച്ച് ക്ലാസെടുക്കുകയും ചെയ്തു. ഫാ. വർഗീസ് കാക്കല്ലിൽ, ശ്രീ. ജോസ് പതിയ്ക്കൽ എന്നിവർ പങ്കെടുത്തു.

**കട്ടപ്പന കാർഷിക താലൂക്ക് കർഷക സംഗമം**

ഫാ. തോമസ് പത്രക്കാലയുടെ അദ്ധ്യക്ഷതയിൽ കട്ടപ്പന കാർഷിക താലൂക്ക് കർഷക സംഗമം നടത്തി. ശ്രീ. ഡിബിൻ സ്വാഗതം ആശംസിച്ച സമ്മേളനത്തിന്റെ ഉദ്ഘാടനം ഫാ. ജിൻസ് കിഴക്കേൽ നിർവ്വഹിച്ചു. ശ്രീ. വിൽസൺ അനന്തക്കാട്ട്, ശ്രീ. ജോസഫ് തയ്യിൽ, ശ്രീ. ജോർജ് പുതുശ്ശേരി എന്നിവർ പങ്കെടുത്തു.

**ഇൻഫാം സംയുക്ത സമ്മേളനം**

ഇൻഫാം സംസ്ഥാന, കാഞ്ഞിരപ്പള്ളി കാർഷിക ജില്ല സമിതി സംയുക്ത സമ്മേളനം പാറത്തോട് എം.ഡി.എസിൽ വച്ച് നടത്തി.

റവ. ഫാ. ജോസ് മോനിപ്പള്ളി, ശ്രീ. ജോസ് ഇടപ്പാട്ട്, ശ്രീ. എബ്രാഹം മാത്യു പന്തിരുവേലി എന്നിവർ പങ്കെടുത്തു.

**കാർഷിക ജില്ലാ സമിതി**

കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാസമിതി സമ്മേളനം പാറത്തോട് എം.ഡി.എസിൽ വച്ചു നടത്തപ്പെട്ടു.

**ഇൻഫാം മാർക്കറ്റിംഗ് സെൽ സമ്മേളനം**

ഇൻഫാം മാർക്കറ്റിംഗ് സെൽ വിഭാഗത്തിന്റെ സമ്മേളനം എം.ഡി.എസിൽ നടന്നു. സിബി നമ്പുടാകം, കെ.കെ. സെബാസ്റ്റ്യൻ കൈതയ്ക്കൽ, ഡിബിൻ വാലുമ്മേൽ, ജോമോൻ ചേറ്റുകുഴി എന്നിവർ പങ്കെടുത്തു.

**പച്ചക്കപ്പ, ഏത്തക്കുല സംഭരണം**

ഇൻഫാം കർഷകരിൽ നിന്നും പച്ചക്കപ്പയും ഏത്തക്കുലയും സംഭരിക്കുന്നു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2019 നവംബർ - ഡിസംബർ മാസങ്ങളിൽ വിവിധ ഗ്രാമങ്ങളിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**പി.ഡി.എസ്. ഓർഗാനിക് സ്പൈസസ്**

സഹ്യാദ്രി ഒർഗാനിക് സ്മോൾ ഫാർമേഴ്സ് കൺസോർഷ്യത്തിന്റെ ഫെയർ ട്രെയ്ഡ് ഓഡിറ്റ് പൂർത്തിയാക്കി.

**Export**

നവംബർ - ഡിസംബർ മാസങ്ങളിലായി ഫ്രാൻസിലേക്ക് രണ്ടും USA, Germany എന്നിവിടങ്ങളിലേക്ക് ഓരോ Consignment വീതവുംഅയച്ചു.

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ്. വിവിധ ഗ്രാമങ്ങളിൽ നടപ്പിലാക്കിവരുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുക, ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നീ ലക്ഷ്യത്തോടുകൂടി എല്ലാ മാസവും നടത്തുന്ന റീജിയണൽ മീറ്റിംഗുകൾ ഈ മാസം കുമളി, കട്ടപ്പന, പീരുമേട്, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ നടത്തി.

റീജിയണിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. യൂണിറ്റ് തലത്തിൽ ക്രിസ്തുമസ് ആഘോഷപരിപാടികൾ നടന്നുവരുന്നതായി ആനിമേറ്റർമാർ അറിയിച്ചു.

പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ഹബി മാത്യു മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. ചീഫ് കോ-ഓർഡിനേറ്ററും, റീജിയണൽ കോ-ഓർഡിനേറ്റർമാരും മീറ്റിംഗിൽ സംബന്ധിച്ചു.

**യൂണിറ്റ് വാർഷികാഘോഷം**

പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന റീജിയ

ണിലെ രാജഗിരി യൂണിറ്റിൽ യൂണിറ്റ് ഡയറക്ടറായ ഫാ. ജേക്കബ് നെടുംതകിടിയിലിന്റെ നേതൃത്വത്തിൽ വാർഷികാഘോഷ പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു. പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ഹബി മാത്യു വാർഷികാഘോഷ പരിപാടിയിൽ സന്നിഹിതനായിരുന്നു.

**ലഘുവായ്പാ പദ്ധതി**

ഫെഡറൽ ബാങ്ക് വഴിയായുള്ള ലഘുവായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി 58 സ്വയം സഹായ സംഘങ്ങൾക്കായി 2 കോടി രൂപ വിതരണം ചെയ്തു.

**സന്ദർശനം നടത്തി**

BGCI-യുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന PDS & Plant Conservation and Research Foundation, ബംഗ്ലാദേശുമായുള്ള Collaboration Project-ന്റെ ഭാഗമായി 12-12-2019-ൽ ശ്രീ. ജെയിംസ് റ്റി.ജെ., ശ്രീ. സനൂപ് എന്നിവർ ബംഗ്ലാദേശ് സന്ദർശിക്കുകയും അവരുടെ പ്രോജക്ട് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**I-Sted Project**

I - Sted പദ്ധതിയുടെ ഭാഗമായി വിവിധ കാർഷികയിനങ്ങൾ, ബ്രാൻഡ് ചെയ്ത് Online ൽ മാർക്കറ്റ് ചെയ്യുന്നു. "High range Naturals" എന്ന Brand name-ൽ കാർഡമം തരം തിരിച്ച് brand ചെയ്താണ് online-ൽ മാർക്കറ്റ് ചെയ്യുന്നത്.

Amazon, Flipkart, Ente Krishi തുടങ്ങിയ e-commerce website കൾ വഴിയാണ് ഇത് മാർക്കറ്റ് ചെയ്യുന്നത്.

പി.ഡി.എസ്.-ന്റെയും നബാർഡിന്റെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഹിൽറേഞ്ച് ട്രൈബൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ് വിപണനം നടത്തുന്നത്.

ഹിൽറേഞ്ച് ട്രൈബൽ ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനിയും ബാംഗ്ലൂർ കമ്പനിയായ IIPM എന്ന സ്ഥാപനവുമായി സഹകരിച്ച് ഉപ്പുതറ സെന്റ് മേരീസ് പാരീഷ് ഹാളിൽ ഏലം കർഷകർക്കുവേണ്ടി സംഘടിപ്പിച്ച സെമിനാറിൽ IIPM അസോസിയേറ്റ് പ്രൊഫ. ഡോ. അജയകുമാർ കമ്പനി ചെയർമാനായ ജയിംസ് റ്റി.ഡി.യ്ക്ക് നൽകിക്കൊണ്ട് High range Natural Cardomom ഔദ്യോഗികമായി വിപണിയിൽ ഇറക്കി.

## സാമ്പത്തിക സഹായങ്ങൾ

PDS Family Care Programme, Save a Family Plan എന്നിവ വഴിയായും വിവിധ കുടുംബവികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി വഴിയായും നൽകി വരുന്ന സാമ്പത്തികസഹായങ്ങൾ ചുവടെ ചേർക്കുന്നു.

വരുമാനദായക പ്രവർത്തനങ്ങൾക്കായി 1,66,000/- രൂപയും, ഭവനനിർമ്മാണത്തിനായി 2,65,778/- രൂപയും, വിദ്യാഭ്യാസ സഹായമായി 2,56,020/- രൂപയും, ചികിത്സാ സഹായമായി 17,000/- രൂപയും, ചാരിറ്റി സംഭാവനയായി 35,000/- രൂപയും സഹായമായി നൽകി.

## കൗൺസിലിംഗ് സേവനം


പീരുമേട് ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 26 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്കാവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്നു നൽകിവരുന്നു.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി. എസ്. നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയിൽ ഈ മാസം 400 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 8 യൂണിറ്റുകളിലെ 13 പേർക്ക് 84185/- രൂപ വിതരണം ചെയ്തു.

| യൂണിറ്റിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| രാജഗിരി | 4 | 27075 |
| നരിയമ്പാറ | 2 | 14405 |
| പാലൂർക്കാവ് | 1 | 4070 |
| സന്യാസിയോട | 2 | 16120 |
| വെള്ളിലാംകണ്ടം | 1 | 6240 |
| മാട്ടുത്താവളം | 1 | 6240 |
| കരുണാപുരം | 1 | 4925 |
| കൊരട്ടി | 1 | 5110 |
| **ആകെ** | **13** | **84185** |

**ഫാ. ഹബി മാത്യു**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

## മാർ മാത്യു അറയ്ക്കൽ

### ഡിസംബർ 2019

3 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന പ്രസ്ബിറ്ററൽ കൗൺസിലിന് അദ്ധ്യക്ഷത വഹിച്ചു.

4 26-ാം മൈൽ സി.എം.ഐ. ആശ്രമത്തിൽ പരേതനായ ബഹു. ജോസ് തടവനാൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ ആദ്യഭാഗത്തിന് കാർമ്മികത്വം വഹിച്ചു.

5-6 പി.ഒ.സി.യിൽ വച്ചു നടന്ന കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

7 പൊടിമറ്റം എസ്.എച്ച് പ്രോവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

\- പൊടിമറ്റം നിർമ്മല തിയോളജിക്കൽ കോളേജിന്റെ കോൺവൊക്കേഷനിൽ പങ്കെടുത്തു.

\- കാഞ്ഞിരപ്പള്ളി ഫൊറോന മിഷൻ സംഗമത്തിൽ പങ്കെടുത്തു.

8 ജോൺ പോൾ നഗറിൽ വിശുദ്ധ ജോൺ പോൾ നഗർ ഇടവക ദൈവാലയത്തിന് ശിലാസ്ഥാപനം നടത്തി.

\- പീരുമേട് ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

9 മൈനാക്കുളം കുരിശുപള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

10 പൊടിമറ്റം മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

11-12 അബുദാബിയിൽ ഒരു മീറ്റിംഗിൽ പങ്കെടുത്തു.

14 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിലിൽ അദ്ധ്യക്ഷത വഹിച്ചു.

\- പുത്തൻകൊരട്ടി ഇടവകയിൽ ഒരു ശിശുവിന് പ്രാരംഭകൂദാശകൾ നൽകി.

– പാലമ്പ്ര കർമ്മലീത്താ മഠം സന്ദർശിച്ചു.

15 ഏന്തയാർ സെന്റ് ജൂഡ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിക്കുന്ന ഇടവക ദൈവാലയത്തിന് ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

– പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന എ.കെ.സി.സി.യുടെ സമ്മേളനത്തിൽ പങ്കെടുത്തു.

16 കൊച്ചുതോവാളയിൽ ഒരു വൃദ്ധസദനം ആശീർവദിച്ചു.

18 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികന്മാരുടെ മാസധ്യാനത്തിലും അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെ നവതി ആഘോഷങ്ങളിലും പങ്കെടുത്തു.

– രൂപതയിലെ കെയർ ഹോമുകളുടെ പ്രതിനിധികളുടെ സമ്മേളനത്തിൽ പങ്കെടുത്തു.

– പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഫിനാൻസ് കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു.

– പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന കുട്ടിക്കാനം മരിയൻ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

19 പാസ്റ്ററൽ സെന്ററിൽ നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

20 തിരുവനന്തപുരത്ത് ചങ്ങനാശ്ശേരി അതിരൂപതയിലെ മെത്രാന്മാർക്കൊപ്പം ബഹു. കേരള മുഖ്യമന്ത്രിയെ സന്ദർശിച്ച് ചർച്ച നടത്തി.

21 സഹ്യാദ്രി ക്രെഡിറ്റ് കോർപ്പറേറ്റീവ് സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

22 പൊടിമറ്റം മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും രൂപതയിലെ മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുടെ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

23 കൊല്ലമുള ഇടവകയിൽ പുതുതായി നിർമ്മിച്ച ഒരു ഭവനം ആശീർവദിച്ചു.

– കൊല്ലമുള ലിറ്റിൽഫ്ളവർ സ്കൂളിന്റെ രജതജൂബിലി സമാപനവും വാർഷിക ദിനവും ഉദ്ഘാടനം ചെയ്തു.

25 കത്തീഡ്രൽ ദൈവാലയത്തിൽ പിറവിതിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

– കാഞ്ഞിരപ്പള്ളി നല്ല സമറായൻ ആശ്രമത്തിൽ വച്ച് നടന്ന ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

26 മാന്തറ സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ചു നടന്ന മരിയൻ ധ്യാനത്തിൽ സന്ദേശം നൽകി.

27 കോമ്പയാറിൽ പുതുതായി നിർമ്മിച്ച ഒരു ഭവനം ആശീർവദിച്ചു.

28 കുരുവിനാൽ ഇടവകയിൽ ബഹു. കുര്യൻ തോമസച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു.

– ആനക്കല്ല് ഇടവകയിൽ ഒരു മനസമ്മതത്തിൽ പങ്കെടുത്തു.

– തൊടുപുഴയിൽ വച്ച് നടന്ന കാർഷിക സമ്മേളനത്തിൽ പങ്കെടുത്തു.

29 ആനക്കല്ല് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

30 പെരുവന്താനം ഇടവകയിൽ ഡീക്കൻ കാർലോസ് കീരഞ്ചിറയ്ക്ക് തിരുപ്പട്ടം നൽകി.

– മുതലക്കോടം ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

31 വെള്ളാരംകുന്ന് ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു.

## മാർ ജോസ് പുളിക്കൽ

### ഡിസംബർ 2019

1 അഴങ്ങാട് ഇടവകയിൽ പരി. കുർബാനയർപ്പിച്ചു. രോഗികളായി കിടക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ചു.

3 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന പ്രെസ്ബിറ്ററൽ കൗൺസിലിൽ പങ്കെടുത്തു.

4–6 പി.ഒ.സി.യിൽ വച്ചു നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ പങ്കെടുത്തു.

7 അടിമാലി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന Doctrinal commission-ന്റെ സെമിനാറിൽ പങ്കെടുത്തു.

8 എരുമേലി ഫൊറോന യൂത്ത് കൺവൻഷനിൽ പങ്കെടുത്ത് സന്ദേശം നൽകി.

– കട്ടപ്പന സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിൽ ആരം

ഭിച്ച രൂപതാ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

9 പത്തനംതിട്ട രൂപതാ വൈദികരുടെ മാസധ്യാനത്തിൽ സന്ദേശം നൽകി.

10 കൂവപ്പള്ളിയിൽ വച്ചു നടന്ന കാഞ്ഞിരപ്പള്ളി ഫൊറോനാ മാതൃവേദിയുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

11–12 അബുദാബിയിൽ ഒരു മീറ്റിംഗിൽ പങ്കെടുത്തു.

14 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന രൂപതാ പാസ്റ്ററൽ കൗൺസിലിൽ പങ്കെടുത്തു.

– മുണ്ടക്കയത്ത് വച്ചു നടന്ന SMYM രൂപതാ കൺവൻഷനിൽ പങ്കെടുത്ത് സന്ദേശം നൽകി.

– കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടന്ന യൂത്ത് ക്യാമ്പിൽ സന്ദേശം നൽകി.

14–15 അമരാവതി സെന്റ് ജോസഫ്സ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

16 പെനുവേൽ ആശ്രമത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

– അമൽജ്യോതി കോളേജിൽ വച്ചു നടന്ന AJEC യുടെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

18 കാഞ്ഞിരപ്പള്ളിയിൽ വച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

– രൂപതയുടെ Finance council – ലിൽ പങ്കെടുത്തു.

– പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന മരിയൻ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

19 ചെങ്കൽ ഏദേൻ പബ്ലിക് സ്കൂളിന്റെ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

– പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

20 മുണ്ടക്കയം De Paul Public School–ന്റെ വാർഷികത്തിൽ പങ്കെടുത്തു.

21 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വിശ്വാസപരിശീലനാദ്ധ്യാപകരുടെ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു.

– സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

– വെച്ചൂച്ചിറ സെന്റ് ജോസഫ്സ് ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര വെഞ്ചരിച്ചു. പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

22 മൈനർ സെമിനാരിയിൽ വച്ച് നടന്ന മേജർ സെമിനാരി വിദ്യാർത്ഥികളുടെ ക്യാമ്പിൽ പങ്കെടുത്തു.

23 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന ദീപികയുടെ Apex body meeting-ൽ പങ്കെടുത്തു.

25 പിറവിത്തിരുനാൾ തിരുക്കർമ്മങ്ങൾക്ക് ആനക്കല്ല് ഇടവകയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

27 പൊൻകുന്നത്ത് വച്ച് നടന്ന സാരഥിയുടെ വാർഷികം ഉദ്ഘാടനം ചെയ്തു.

– കത്തീഡ്രൽ ഇടവകയിൽ ഒരു കുഞ്ഞിന് മാമ്മോദീസ നല്കി.

28 വലിയ തോവാള ഇടവകയിൽ ബഹു. ഡീക്കൻ ജിജോ CMI -യ്ക്ക് പൗരോഹിത്യം നൽകി.

– എരുത്വാപ്പുഴ ഇടവകയുടെ പുതിയ കുരിശുപള്ളി വെഞ്ചരിച്ചു.

29 ഇളങ്ങുളം ഇടവകയിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

– കൂവപ്പള്ളിയിൽ ഒരു വിവാഹം ആശീർവദിച്ചു.

30 കുഞ്ചിത്തണ്ണി ഇടവകയിൽ ബഹു. ഡീക്കൻ ആൽബർട്ട് OCD-ക്ക് പൗരോഹിത്യം നൽകി.

31 വെച്ചൂച്ചിറ ഇടവകയിൽ ബഹു. ഡീക്കൻ ജോസഫ് നെല്ലിക്കശ്ശേരി OCD-ക്ക് പൗരോഹിത്യം നൽകി.

– വെള്ളാരംകുന്ന് ഇടവക ദൈവാലയ കൂദാശയിൽ സഹകാർമ്മികത്വം വഹിച്ചു.

# BISHOP'S ENGAGEMENTS
## MAR MATHEW ARACKAL
## January - 2020

| Date | Programme | Place | Time |
|---|---|---|---|
| 01 | Ordination | Vandanmedu | 09.15 am |
| | Church Consecration | Anakkara | 02.30 pm |
| 02 | Ordination | Kanjirapally | 09.15 am |
| | Betrothal | Kottayam | 05.00 pm |
| 03-04 | Engaged | | |
| 05 | Marriage | Kanjirapally | 11.45 am |
| 06 | Blessing | Kanamala | 07.15 am |
| 07-15 | Synod | Kakkanadu | |
| 16 | Ordination | Thidanadu | 09.15 am |
| 17 | Blessing | Kumily | 02.00 pm |
| | INFARM Meeting | Kattapana | 04.00 pm |
| 18 | Church Consecration | Pullikkanam | 02.00 pm |
| 19 | Parents Day | Minor Seminary | 10.00 am |
| 20 | Ordination | Pullikkanam | 09.15 am |
| 21 | Priest Conference | Kanjirapally | 10.00 am |
| - | Priest Conference | Anakkara | 05.00 pm |
| 24 | Blessing | Kalaketty | 11.00 am |
| 25-27 | Engaged | | |
| 31 | Holy Qurbana | Pazhayapally | 04.00 pm |

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## January - 2020

| Date | Programme | Place | Time |
|---|---|---|---|
| 1 | Ordination | Vellaramkunnu | 9.15 a.m. |
| - | Church Consecration | Anakkara | 2.30 p.m. |
| 2 | Ordination | Elikkulam | 9.15 a.m. |
| - | Holy Qurbana | Mannanam | 4.30 p.m. |
| 3 | Talk : Bible Convention | Manimala | 6.00 p.m. |
| 4 | Marriage | Cheruvally | 10.30 a.m. |
| - | Lamp lighting ceremony | Kattappana | 2.30 p.m. |
| 5 | Holy Qurbana | Niravu | 10.00 a.m. |
| - | Shrine Blessing | Anakkallu | 7.00 p.m. |
| 6 | Convent Chapel Consecration | Thampalakkadu | 2.00 p.m. |
| 7-15 | Syro Malabar Bishop's Synod | Kakkanadu | |
| 18 | Church Consecration | Pullikkanam | 2.00 p.m. |
| 20 | Ordination | Pullikkanam | 9.15 a.m. |
| 21 | Priest Conference | Kanjirapally | 10.00 am |
| - | Priest Conference | Anakkara | 05.00 pm |
| 23 | Family Commission Meeting | Palai | 10.00 a.m. |
| 24 | Holy Qurbana | Kannimala | 4.00 p.m. |
| 25 | Meeting | Manimala | 11.00 a.m. |
| - | Presbytery Blessing | Pampadumpara | 4.30 p.m. |
| - | Shrine Blessing | Kochera | 7.00 p.m. |
| 26 | Holy Qurbana | Seethathodu | 8.00 a.m. |
| - | Message : Nilackal Pilgrimage | Thulappally | 11.00 a.m. |
| 30 | Holy Qurbana | Akkarappally | 4.30 p.m. |


lettering thoughts...
colouring feelings...
amala
OFFSET PRESS
lettering thoughts... colouring feelings
Pastoral Centre,Kanjirappally
Kottayam Dt., Kerala - 686 507
Email: amalaoffset@gmail.com
Ph: 04828 - 204654

# 2020 ജനുവരി ദനഹാക്കാലം

| | | |
|---|---|---|
| 1 | ബുധൻ | 2 കോറി 12:6-10, യോഹ. 6:16-24 |
| 2 | വ്യാഴം | ശ്ലീഹ 3:20-26, മത്താ 4:12-17 |
| 3 | വെള്ളി | റോമ. 16:17-20, 25-27 ലൂക്കാ 1:39-45 |
| 4 | ശനി | 1 കോറി 2:11-15, ലൂക്കാ 12:35-40 |
| **5** | **ഞായർ** | **ദനഹാ ഒന്നാം ഞായർ**<br>പുറ. 3:1-12, ഏശ. 44:28-45:4,<br>2 തിമോ. 3:10-15, ലൂക്കാ. 4:16-22a |
| 6 | തിങ്കൾ | തീത്തോ. 3:1-7, മത്താ. 3:13-17 |
| 7 | ചൊവ്വ | തീത്തോ. 3:8-11, ലൂക്കാ. 13:23-30 |
| 8 | ബുധൻ | 1 കോറി. 6:15-20, യോഹ 2:13-17 |
| 9 | വ്യാഴം | 1 കോറി. 2:6-10, ലൂക്കാ 7:11-17 |
| 10 | വെള്ളി | എഫേ. 2:19-3:7, മർക്കോ. 6:14-29 |
| 11 | ശനി | റോമ. 9:30-33, യോഹ 10:31-39 |
| **12** | **ഞായർ** | **ദനഹാ രണ്ടാം ഞായർ**<br>സംഖ്യ 10:29-36, ഏശ. 45:11-17,<br>ഹെബ്രാ. 3:1-6, യോഹ. 1:14-18 |
| 13 | തിങ്കൾ | 1 കോറി. 11:17-22, യോഹ. 17:20-26 |
| 14 | ചൊവ്വ | 1 കോറി. 12:12-18, യോഹ. 15:1-10 |
| 15 | ബുധൻ | എഫേ 2:11-19, യോഹ. 21:15-19 |
| 16 | വ്യാഴം | 1 പത്രോ 5:5-9, മർക്കോ. 4:35-41 |
| 17 | വെള്ളി | 2 കോറി. 11:21b-31, മത്താ. 16:13-19 |
| 18 | ശനി | റോമ 10:10-20, മർക്കോ. 1:21-28 |
| **19** | **ഞായർ** | **ദനഹാ മൂന്നാം ഞായർ**<br>സംഖ്യ. 11:11-20, ഏശ.45:18-46:4,<br>ഹെബ്രാ. 4:1-10, യോഹ.1:29-34 |
| 20 | തിങ്കൾ | 2 തിമോ. 2:1-5, ലൂക്കാ. 12:4-12 |
| 21 | ചൊവ്വ | റോമ 15:14-21, യോഹ 17:6-11 |
| 22 | ബുധൻ | 2 കോറി. 6:4-10, ലൂക്കാ. 3:15-18 |
| 23 | വ്യാഴം | 1 കോറി. 9:24-27, മർക്കോ. 10:17-22 |
| 24 | വെള്ളി | 1 കോറി. 4:9-16, മത്താ 10:1-15 |
| 25 | ശനി | 1 തിമോ 6:11-16, മത്താ 16:24-27 |
| **26** | **ഞായർ** | **ദനഹാ നാലാം ഞായർ**<br>സംഖ്യ. 11:23-35, ഏശ. 46:5-13,<br>ഹെബ്രാ. 7:23-28, യോഹ. 2:1-11 |
| 27 | തിങ്കൾ | ശ്ലീഹാ 16:25-34, ലൂക്കാ. 5:12-16 |
| 28 | ചൊവ്വ | ഹെബ്രാ 4:1-7, ലൂക്കാ. 4:22-30 |
| 29 | ബുധൻ | ഗലാ 1:6-10, യോഹ 10:1-6 |
| 30 | വ്യാഴം | 2 കോറി. 5:11-14, യോഹ 1:35-42 |
| 31 | വെള്ളി | 2 കോറി. 4:8-18, മത്താ 23:34-39 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654